# ജ്ഞാനകീൎത്തനങ്ങൾ

രഹസ്യമായും പരസ്യമായുമുള്ള

വന്ദനൊക്കും പള്ളിക്കൂടങ്ങളുടെ ഉപയോഗത്തിന്നായിട്ടു

എം. മാത്തൻ കത്തനാരാൽ

അച്ചടിപ്പിക്കപ്പെട്ടതു.

(೦)

"സങ്കീൎത്തനങ്ങളോടും കീൎത്തനങ്ങളോടും ജ്ഞാനപ്പാട്ടുക

ളോടും തമ്മിൽതമ്മിൽ

സംസാരിക്കുന്നവരായി നിങ്ങളുടെ ഹൃദയത്തിൽ

കൎത്താവിന്നു പാടി

സങ്കീൎത്തനം ചെയ്യുന്നവരായിരിപ്പിൻ"

COTTAYAM

Printed at the Syrian College press.

1879.

കൊച്ചി തിരുവിതാംകൂർ സംസ്ഥാനങ്ങളു

ടെ എ. ബ: ലോൎഡ് ബിഷൊപ്പുസാ

ഹിബവൎകളുടെ സന്നിധിയിങ്കൽ —

൧൦ം ഗ്രന്ഥകൎത്താവിനാൽ കാഴ്ചവെ

ക്കപ്പെട്ടതു.

Revd. M. Mathew Cattanar

Edathoowa

൧൮൫൦. ജൂലയ് ൨൪ —

| പല്ലവ അകാരാദി | ഗീതം |
|---|---|
| അഖിലേശനന്ദനനെ- | ൨ |
| അഖിലേശനെന്റെനാഥൻ- | ൩൩ |
| അട്ടഹസ്സുയേശുവിന്മേലവർ- | ൪൬ |
| അതാഅതാവരുന്നുനമ്മുടെ- | ൭൯ |
| അണ്ടകോടാനെഭയന്നവന്റെ- | ൭൫ |
| അയ്യോഞാനൊരുമഹാപാപിയാകുന്നു- | ൧൦൦ |
| ഈന്നോശു രാജനയത്തെഴുന്നേററ- | ൧൬ |
| ഠരംപരദേവനഹൊ- | ൯൧ |
| ഠരംലോകംവീട്ടേശുനായകൻ- | ൪൯ |
| എന്തോരമ്പിതപ്പനെ- | ൨൨ |
| എത്രയുംദുഃഖമാംകഷ്ടയിതാ- | ൨൦ |
| എൻകാന്തനിവൻതന്നെ- | ൨൬ |
| എന്നഞാൻകണ്ടുകൊണ്ടീടും- | ൩൧ |
| എന്തുചെയ്യേണ്ടുഞാൻ- | ൪൪ |
| എൻനീതിയിൻദൈവമെ- | ൭൦ |
| എത്രയുംപ്രിയരെസർവ്വശക്തനാം- | ൭൬ |
| എൻകർത്താവെകൃപയായി- | ൫൧ |
| എന്മേൽകനിഞ്ഞീടണമെ- | ൫൯ |
| എന്തുനിനക്കുസംഭ്രമം- | ൮൩ |
| എൻപാപമൊഴിച്ചീടേണം- | ൧൧൩ |
| എല്ലാദിവസങ്ങളിൽവല്ലത- | ൬൧ |
| ഏതുകൊണ്ടൊരു ബാലൻ- | ൪൦ |
| ഓജീവനാഥനാംദൈവമെ- | ൫൩ |
| കഷ്ടംഞാനൊരുദ്രോഹിപാപി- | ൧൦൮ |
| കഴലിണകൈതൊഴുന്നിതാ- | ൩൯ |
| കർത്താവെവിശ്വസിക്കുന്നേൻ- | ൨൪ |
| കർത്താന്റെറിന്നടിയാനുജീവനെ- | ൪൧ |
| കരുണയൊടുമൊന്നേതാമസം- | ൪൮ |
| കർത്താവേനമിച്ചുരാത്രിദിനം- | ൭൩ |
| കർത്താവൊരംഗിനിന്റെ | ൬൫ |

| | ഗീതം |
|---|---|
| കരുണചെയ്യണമേശുവെ | ൩൭ |
| കരയുന്നടിയനല്ലൊ | ൪൪൨ |
| കാത്തുരക്ഷിച്ചീടുക | ൨൮ |
| കാന്താവരികേശുവെ | ൪൦൨ |
| കാന്താതാമസംഎന്തഹൊ | ൬൯ |
| കാരുണ്യമൂർത്തെവന്നരുളേണം- | ൨൫ |
| കാലംതീരുംമുന്നമെ | ൪൪൮ |
| കുമ്പിടുന്നെൻജീവനാഥ | ൪൦൭ |
| ക്രിസ്തുമഹാരാജമുമ്പിലിപ്പോൾ | ൪൪൩ |
| ക്രിസ്തുയേശു ശിഷ്യരുടെ കാലുകളെ- | ൯൮ |
| ചൊന്നാൻ ശ്രീയേശുരാജ | ൮൬ |
| ചൊരപ്പുഴംപെസ്കാവിന്ന | ൯൭ |
| ജാതികളിൻസഭയാംസഹോദരി- | ൪൨ |
| ജീവനായകനെമനമേവലെ | ൪൩ |
| ജീവനാസ്കനാകുമേശുവെ | ൪൦ |
| ഞങ്ങളിൻകർത്താവെ | ൪൯ |
| തള്ളിക്കളഞ്ഞീടല്ലെ | ൫൨ |
| ദേവദേവന്നമംഗലം | ൪ |
| ദേവ ദേവനന്ദനൻ | ൬൬ |
| ദേവനന്ദനാനന്ദനം | ൫ |
| ദേവനിന്നവതരിച്ചു | ൬ |
| ദേവനെയേശുദേവനെ | ൪൪൭ |
| ദേവാട്ടികഞ്ഞെപ്രിയൻ | ൪൦൫ |
| ദേവാത്മാവെനിറക്കുന്നൊ | ൬൨ |
| ദൈവമെനീമമപ്രാർത്ഥന | ൪൮ |
| നാളുകൾപോയിടുന്ന | ൨൩ |
| നാഥാനീയെ ഗംഭീരാതിക | ൨൪ |
| നിദ്രയിൽനിന്നൊഴുന്നേല്പു | ൫൨ |
| നീതിവുള്ളനായ യേശു | ൫൬ |
| നീ[illegible]ഴിവുകളെൻ- | ൯൨ |

| | ഗീതം |
|---|---|
| നേരമാകുംമുന്നൊന്നിൽ- . . . . . | നമ |
| പരമതനയനാകുമേശു- . . . . . | ന്യൻ |
| പരദൈവമെനിന്നിൽ- . . . . . | രൂ൨ |
| പരമതാതന്റെവലമമരുന്ന- . . . . . | വ്വ൦ |
| പരമനിവപറഞ്ഞിട്ടുള്ളം- . . . . . | ൫ര |
| പരമോന്നതന്റെപരിശുദ്ധ- . . . . . | നൻ |
| പറവിൻപറവിൻപുറജാതികളോടു- . . . . . | ന്യവ്വ |
| പറവാൻവരമരുളുക- . . . . . | ൧൫ |
| പാലായേശുമനുവേലാ- . . . . . | ൻ൧ |
| പാടുവിൻസകലഭ്രമിയെ- . . . . . | ൧൧൦ |
| പാപഭാരം നീക്കാൻ- . . . . . | ൻന്യ |
| പാപികളുംബലഹീനരുമാം- . . . . . | ൧൨ |
| പിന്നിൽപോകനീപിശാചാധിപാ- . . . . . | ൧൦ |
| പിന്നെശിഷ്യരോടേശു- . . . . . | ൧൪ |
| പെന്തക്കോസ്തെപേരുള്ള- . . . . . | വ്വ൩ |
| പ്രാർത്ഥനകേൾക്കുന്ന- . . . . . | ൧൧൧ |
| ബാലരാമടിഞ്ഞളിൽ- . . . . . | ൻവ്വ |
| ഭക്ഷണമവർകഴിച്ചീടുമ്പോൾ- . . . . . | വ്വവ |
| മനുജനിവൻഭാഗ്യവാൻ- . . . . . | ൧൨ |
| മക്കളെനിന്നിൽമുമ്പമൊന്നൊൻ- . . . . . | ൫൧ |
| മറ്റുദിവസംമറിയമകൻ- . . . . . | ൻ |
| മന്നവേൽമന്നവനെ- . . . . . | ൨൫ |
| മഹിമാസനനാം- . . . . . | ന്യ൦ |
| മൃത്യുവന്നണയുംദിനകൾ- . . . . . | വവ്വ |
| യാഹാംദൈവംകർത്താ- . . . . . | ൫ൻ |
| യൂദാപ്രായിനരത്തു- . . . . . | ൫൫ |
| യേശുദേവായേശുനായകാ- . . . . . | വ്വ |
| യേശുരാജൻവരുമെ- . . . . . | ന്യ൨ |
| യേശുവെകരുണാസന- . . . . . | വന്യ |
| യേശുവാകുന്നതാരാശ്രീയേശു- . . . . . | ൻവ |

| | ഗീതം |
|---|---|
| യേശുവെ വന്നീടുക- | ൧൦൪ |
| യേശുവേ എന്മേൽ മനസ്സലിയണം- | ൧൦൩ |
| രാവിലെന്നെ രക്ഷിക്കാ- | ൮൯ |
| വന്നാവസിക്കാ- | ൨൭ |
| വന്ദിച്ചീടുന്നേൻ ഞാൻ- | ൪ |
| വരുന്നനാശമെല്ലാ- | ൩൦ |
| വരുവിൻ നാം യഹോവായ്ക്കു- | ൫൨ |
| വരുവിൻ നാമെല്ലാരും കൂടി- | ൯൪ |
| വാനലോകത്തെഴുന്നെള്ളി- | ൧൮ |
| വീണാൽ സീയോൻകുമാരി- | ൧൧ |
| വിശ്വാസികളെ സ്തു- | ൯൯ |
| വേറൊരാശ്രയമില്ല- | ൯൭ |
| വേദമെന്നതിങ്കൽ വാ- | ൮൬ |
| ശാസിക്കാലാകാപെന | ൧൫ |
| സകലഭൂതലമെ- | ൩൩ |
| സർവ്വേശ്വരാ ജീവനാഥാ- | ൧൧൭ |
| സീയോൻസഭയെ കനിയുക- | ൩൬ |
| സീയോൻമണവാളനെ- | ൮൮ |
| സുവിശേഷസഭയിൽ നിത്യം- | ൯൦ |
| സ്വാമിദ്രോഹിയാം- | ൪൮ |
| സ്തുതിപ്പിൻ സ്തുതിപ്പിൻ യേശുദേവനെ- | ൫ |
| സ്തുതിപ്പിൻ സ്തുതിപ്പിൻ മശിഹായെ- | ൭൯ |
| സേനയിൻ യഹോവായെ- | ൧൧൩ |
| സ്തോത്രം കൃപശീലസ്തോത്രം താ- | ൧൦൭ |
| സ്തോത്രം യേശുനാഥനേ- | ൩ |
| ഹല്ലേലൂയ്യാ ഹല്ലേലൂയ്യ യേശുനാഥനെ | ൧൦൩ |
| ഹന്തപവിജ്ഞാതികളെന്തിന- | ൧൦൮ |
| ഹാ-എന്റെ ദേവദേവാണെൻ- | ൧൧൮ |
| ഹീനനായ ഞാനിതാ- | ൪൨ |

## പിതാവായ ദൈവത്തിന മംഗളം.

സൌരാഷ്ട്രകം — ചെമ്പട താളം

### പല്ലവി

---

ദേവദേവനമംഗളം_ മഹോന്നതനാം
ദേവദേവനമംഗളം._

### ചരണങ്ങൾ.

൧

ദേവദൂതരാകാശെ_ ദിവ്യഗീതങ്ങൾപാടി_
കേവലാനന്ദത്തൊടു_ മെവിസ്തുതിചെയ്യുന്ന_ ദേവ

൨

സകലലോകങ്ങളിലെ- സൎവ്വഗണങ്ങളേയും
സുഖമുടനെപടച്ചു_ സകലനാളുംപാലിക്കും_ ദേവ

൩

നരഗണങ്ങളിന്നതി- ദുരിതമൊഴിപ്പാനായി-
തിരുമകനെനരനായി- ധരണിയിങ്കലയച്ചു_ ദേവ

൪

പാപബോധംവരുത്തി- പാപിയെശുദ്ധമാക്കാൻ-
പാവനാത്മാവെനൽകും- ജീവജലാശയമാം- ദേവ

൫

ആദരവോടുതന്റെ_ വേദവെളിവുമനു_
ജാതികൾക്കരുളിയ- ആദിനാഥനാകുന്ന_ ദേവ

---

## (൨) പുത്രനായ എമ്മാനുവേലിന്ന മംഗള ബന്ധങ്ങൾ.

൧

അഖിലേശനന്ദനനു- അഖിലാണ്ഡനായകനു
അഖിലപൂർണ്ണമുടയോരു പരമേശനു
ഇഹലോകമതിൽ മനുജമകനായിവന്നവനു
സകലാധികാരമുള്ള മനുവേലനു- ജയമംഗളം നിത്യശുഭമംഗളം

൨

ദുരിതാഴിയതിൽവീണുപരിതാപമോടുഴലും
നരരോടുപെരുതായ കരുണപൂണ്ടു
കരളലിഞ്ഞുകനകതലമതിൽ മരുവുംതാതനുടെ
തിരുമാർവ്വുവിട്ടോരു മനുവേലനു- . . . . . ജയ

൩

ശ്രേണിയതിലെളിയോരു നരനായിബേത്‌ലെം
പുരിയിൽതിരുഅവതാരംചെയ്തപരനു
പരിചോടുപന്തിരുവരോടും യൂദനഗരികളിൽ
തിരുമൊഴികൾപൊഴിഞ്ഞോരു മനുവേലനു- . ജയ

൪

കുഷ്ഠരോഗങ്ങളെയും പൊട്ടിയകണ്ണുകളെയും
മറ്റുംപലവദീനമുള്ളോരെയും
മുറ്റുംസുഖമാക്കിമൃത്യുവന്നോർകളെയും
പെട്ടെന്നുയിർപ്പിച്ച മനുവേലനു- . . . ജയ

൫

ഘനപീഡപൂണ്ടവനു- കാൽവറിയിൽമരിച്ചവനു
ദിനംമൂന്നിലുയിരോടെഴുന്നുവന്നപരനു

കനകതലമെഴുന്നു- പിതൃവലമമൎന്നമദ്ധ്യസ്ഥത
കനിവിനൊടുചെയ്യുന്ന മനുവേലനു- . . . . . ജയ

൩

കാഹളങ്ങൾധ്വനിച്ചിടവെ മേഘാഗ്നിജ്വലിച്ചിടവെ
വേഗമൊടുദൂതഗണം പാഞ്ഞുവരവെ
ലോകാവസാനമതിൽ മേഘങ്ങളിൽകോടി
സൂര്യനേപോലെവരും മനുവേലനു- . . . ജയ

൪

ശത്രുവാംസാത്താനെ കെട്ടിവരിഞ്ഞാഴത്തിൽ
ഇട്ടടെച്ചുമുദ്രയതുവയ്ക്കുന്നവനു
ഇദ്ധരയെപുതുതാക്കി ഭക്തരോടിങ്ങായിരമാ
ണ്ടുത്തമമായ്വാഴുന്ന മനുവേലനു- . . . ജയ

൫

പരമസുതരായോർക്കു പാരിടമടക്കിയും
പരമസാലെംപുരി പാരതിലിറക്കിയും
പരമസന്തോഷങ്ങൾ പാരതിൽവരുത്തിയും
പരിചോടുവാഴുന്ന മനുവേലനു- . . . ജയ

---

## ( ൨ ) പുത്രനായദൈവത്തിനു വന്ദനം

രാഗം സുരുട്ടി ചെമ്പട

### പല്ലവി

ദേവനന്ദനവന്ദനം- ജീവനാഥനാം
ദേവനന്ദനവന്ദനം

൧൨.

## അനുപല്ലവി

ദേവനന്ദനനെപ്പി-താവിൻവലഭാഗത്തിൽ
സേവിക്കൊണ്ടുദിനവും- ദിവ്യസ്തുതികൾകേൾക്കും  ദേവ

## ചരണങ്ങൾ

൧

കന്യാനന്ദനവന്ദനം- ഭൂതലെവന്ന
ഉന്നതാധിപവന്ദനം
മന്നിൽ ദുരിതംപൂണ്ടു- ഴന്ന്പരിതാപപ്പെടുന്ന
മനുജരെകനിഞ്ഞു വീണ്ടുകൊണ്ടോരു-  ദേവ

൨

ഘോരസർപ്പമാംസാത്താന്റെ -ശിരസ്സുചത
ച്ചോരുനാഥനെവന്ദനം
ക്രൂരവേദനയേറ്റു- ക്രൂശിൽമരിച്ചുയർത്തു
പാരംബഹുമാനംപൂണ്ടാരോഹണമായോനെ-  ദേവ

൩

വേദകാരണകർത്തനെ- സർവ്വലോകങ്ങൾക്കാദി
കാരണവന്ദനം
ഭൂതക്കുംമനുജരിൻ-ജാതിക്കുമധിപനാ
യ്നീതിയോടുഭരണം ചെയ്തരുളുന്നവനാം-  ദേവ

൪

കരുണനിറഞ്ഞകർത്താവെ- അശുദ്ധിനീക്കാൻ
ഉറവതുറന്നഭർത്താവെ
ദുരിതമൊഴിച്ചെങ്ങളെയ-രികിൽവിളിച്ചുകൃപാ
വരങ്ങൾതന്നീടുവാൻനിൻകരളലിഞ്ഞീടണമെ-  ദേവ

## (൪) ദൈവപുത്രനായ യേശു വിന്റ വന്ദനം

### പല്ലവി

വന്ദിച്ചീടുന്നേൻഞാൻ- വന്ദിച്ചീടുന്നേൻ- ദേവ
നന്ദനനെനന്ദിയോടു- വന്ദിച്ചീടുന്നേൻ

### ചരണങ്ങൾ

൧

വന്ദനത്തിൻപാത്രവാനെ- വന്ദിച്ചീടുന്നേൻ- സർവ്വ
വസ്തുവിന്നുംകാരണനെ- വന്ദിച്ചീടുന്നേൻ
പൊന്നുലോകാധിപതിയെ- വന്ദിച്ചീടുന്നേൻ- നിത്യ
പരമസ്വയാധിപനെ- വന്ദിച്ചീടുന്നേൻ
മുന്നും പിന്നുമായവനെ- വന്ദിച്ചീടുന്നേൻ- സദാ
മൂന്നാളുമൊന്നായോനെ- വന്ദിച്ചീടുന്നേൻ
മന്നവരിൽ മന്നവനെ- വന്ദിച്ചീടുന്നേൻ- മുഖം
മന്നിടത്തിൽ വച്ചുകൊണ്ടു- വന്ദിച്ചീടുന്നേൻ- വന്ദി

### പല്ലവി

സ്തുതിച്ചീടുന്നേൻ- വീണ്ടുസ്തുതിച്ചീടുന്നേ-നെങ്ങൾ
അധിപനാം യേശുവിനെ- സ്തുതിച്ചീടുന്നേൻ

൨

അതിശയമുള്ളവനെ- സ്തുതിച്ചീടുന്നേൻ- സദാ
അളവില്ലാവല്ലഭനെ- സ്തുതിച്ചീടുന്നേൻ
അതിരററഗുണവാനെ- സ്തുതിച്ചീടുന്നേൻ- ദയ
അഖിലർക്കും ചെയ്യുന്നോനെ- സ്തുതിച്ചീടുന്നേൻ

൩.

ഗതിതരും നായകനെ- സ്തുതിച്ചീടുന്നേൻ- സീനാ
ഗിരിയിന്മേൽ വന്നവനെ- സ്തുതിച്ചീടുന്നേൻ
മതിമനസ്സാകെ കൊണ്ടും- സ്തുതിച്ചീടുന്നേൻ- എന്റെ
മാലൊഴിച്ചപാദം ചേൎന്നു- സ്തുതിച്ചീടുന്നേൻ- സ്തുതി

൪

ഒരുത്തനും കാണാത്തോനെ- വന്ദിച്ചീടുന്നേൻ- ഒന്നും
ഉപമയറ്റുള്ളവനെ- വന്ദിച്ചീടുന്നേൻ
കരുണയിനഴകിനെ- വന്ദിച്ചീടുന്നേൻ- യൂദ
കുലമതിൽ വന്നവനെ- വന്ദിച്ചീടുന്നേൻ
മറിയമകനെയെന്നും- വന്ദിച്ചീടുന്നേൻ- ഏം
മാനമേപലെ ദിനംതോറും- വന്ദിച്ചീടുന്നേൻ
ശരണം തരണമെന്നു- വന്ദിച്ചീടുന്നേൻ- പാരിൽ
സാഷ്ടാംഗം വീണുകൊണ്ടു- വന്ദിച്ചീടുന്നേൻ- വന്ദി

൫

നായകനെ പക്ഷമൊടു- സ്തുതിച്ചീടുന്നേൻ- ധ്വനി
ച്ചുള്ളലൊച്ചാപാടികൊണ്ടു- സ്തുതിച്ചീടുന്നേൻ
രക്ഷവഴികാട്ടിയോനെ- സ്തുതിച്ചീടുന്നേൻ- നിത്യ
രക്ഷയിൻകൊമ്പായവനെ- സ്തുതിച്ചീടുന്നേൻ
സാക്ഷിക്രൂടാതാടിയോനെ- സ്തുതിച്ചീടുന്നേൻ- തന്റെ
ന്യായമെങ്ങുമെത്തുന്നോനെ- സ്തുതിച്ചീടുന്നേൻ
ലക്ഷംപേരിലുത്തമനെ- സ്തുതിച്ചീടുന്നേൻ- ആറു
ലക്ഷണപ്പരാപരനെസ്തുതിച്ചീടുന്നേൻ- സ്തുതി

൬

ഹണ്ഡിശ്യംപോറ്റുന്നോനെ- വന്ദിച്ചീടുന്നേൻ- ശ്രീ
യേശു മഹാരാജാവിനെ- വന്ദിച്ചീടുന്നേൻ

൭.

കാത്തിടെണമെന്നുചൊല്ലി- വന്ദിച്ചീടുന്നേൻ- ജ്ഞാന
കാന്തനായകത്താവിനെ- വന്ദിച്ചീടുന്നേൻ
സത്യവേദപൊരുളിനെ- വന്ദിച്ചീടുന്നേൻ- നീതി
നിത്യവും ചെയ്യുന്നവനെ- വന്ദിച്ചീടുന്നേൻ
ഉത്തമനെ ഭക്തിയോടു- വന്ദിച്ചീടുന്നേൻ- ഇതാ
ഊഴിയിങ്കൽ വീണുകൊണ്ടു- വന്ദിച്ചീടുന്നേൻ- വന്ദി

൮

ധരണിയിൻരക്ഷകനെ- സ്തുതിച്ചീടുന്നേൻ- ബഹു
താഴ്മയിൽ നടന്നവനെസ്തുതിച്ചീടുന്നേൻ
ചോരവിയർത്തിററവനെ- സ്തുതിച്ചീടുന്നേൻ- കേണു
സാഷ്ടാംഗം വീണവനെ- സ്തുതിച്ചീടുന്നേൻ-
മരക്കുരിശേറിയോനെ-സ്തുതിച്ചീടുന്നേൻ- ഏഴു
മൊഴിചൊന്നു മരിച്ചോനെ-സ്തുതിച്ചീടുന്നേൻ-
മരണത്തെ വെന്നവനെ-സ്തുതിച്ചീടുന്നേൻ- തന്റെ
മാനവരാൽ കണ്ടവനെ-സ്തുതിച്ചീടുന്നേൻ- സ്തുതി

൯

പരലോകമേറിയോനെ- വന്ദിച്ചീടുന്നേൻ- താത
പാർശ്വഭാഗത്തിരുന്നോനെ- വന്ദിച്ചീടുന്നേൻ-
നരകുലമദ്ധ്യസ്ഥനെ-വന്ദിച്ചീടുന്നേൻ എന്റെ-
മുഴുമനസ്സോടു കൂടെ- വന്ദിച്ചീടുന്നേൻ-
വരുന്നെന്നു ചൊന്നവനെ- വന്ദിച്ചീടുന്നേൻ- നിന്റെ
വരവിന്നായി നോക്കികാത്തും- വന്ദിച്ചീടുന്നേൻ-
പാരിടംവിധിക്കുന്നോനെ-വന്ദിച്ചീടുന്നേൻ- എല്ലാം
പാദത്തിൻകീഴാക്കുന്നോനെ- വന്ദിച്ചീടുന്നേൻ- വന്ദി

൮

കർത്താക്കളിൻ കർത്താവിനെ- സ്തുതിച്ചീടുന്നേൻ- നിത്യം
കഴലിണതൂന്നേയെന്നു- സ്തുതിച്ചീടുന്നേൻ-
സ്തോത്രംദിനമേൽക്കുന്നോനെ-സ്തുതിച്ചീടുന്നേൻ- ശുഭ
സുവിശേഷനാവുള്ളോനെ- സ്തുതിച്ചീടുന്നേൻ-
പാത്രമാക്കിത്തീർക്കുന്നോനെ-സ്തുതിച്ചീടുന്നേൻ- ജ്ഞാന
പാട്ടുകൾക്കു നായകനെ- സ്തുതിച്ചീടുന്നേൻ-
രാത്രിയും പകലുമെന്നും-സ്തുതിച്ചീടുന്നേൻ- നിന്റെ
രാജ്യമതിലാക്കീടേണെ- സ്തുതിച്ചീടുന്നേൻ- സ്തുതി

---

## (൭) യേശുദേവനു സ്തുതി

ഭൈരവി ചെമ്പട

### പല്ലവി

സ്തുതിപ്പിൻ സ്തുതിപ്പിൻ യേശുദേവനെ
ഹല്ലേലൂയ്യാ പാടി സ്തുതിപ്പിൻ
സ്തുതിപ്പിൻ യേശുദേവനെ

### അനുപല്ലവി

സ്തുതിപ്പിൻ ലോകത്തിൻ പാപത്തെ നീക്കുവാനധി
പനായുള്ള ദേവകുഞ്ഞാടിനെ സ്തുതി

### ചരണങ്ങൾ

൧

കരുണനിറഞ്ഞ കണ്ണുള്ളോനവൻ- തൻജനത്തിൻ
കരച്ചിൽ- കരളലിഞ്ഞു കേൾക്കും കാതുള്ളോൻ

ലോകപാപച്ചുമടിനെ- ശിരസ്സുകൊണ്ടു
ചുമന്നൊഴിപ്പതിന്നു- കുരിശെടുത്തു
ഗോഗോൽത്താവിൻ പോയോനെ- സ്തുതി

൨

വഴിയും സത്യവും ജീവനുമിവനെ- അവന
തികിൽവരുവിൻ വഴിയുമാശ്വാസമേകു
മെ അവൻപാപച്ചുമടൊഴിച്ചവൻ മഴ
യും മഞ്ഞും പെയ്യുമ്പോളുള്ളിൽ കൃപ പൊ
ഴിയുമെ മേഘത്തൂണിൽ നിന്നപോടി സ്തുതി

൩

മരിച്ചവരിൽ നിന്നാദ്യം ജനിച്ചവൻ- ഭൂമി
രാജാക്കന്മാരെ ഭരിച്ചവാഴുമേകനായകൻ
നമ്മെസ്നേഹിച്ചവൻ തിരുച്ചോരയിൽ
കഴുകിനമ്മെശുദ്ധീകരിച്ചവിശ്വസ്ഥ
സാക്ഷിയെനിനച്ചു —— സ്തുതി

൪

ഏഴുപൊൻ നിലവിളക്കുകളുള്ളിൽ-നില
യങ്കിയധരിച്ചും- ഏഴുനത്രം വലങ്കയ്യി
ലുംമാറ്റിൽ- പൊൻകച്ചവൃണ്ടും വാ
യിലിരുമുനവാളുമഗ്നിജ്വാല-പോലെ
കണ്ണുമുള്ളമാനവമകനെ—— സ്തുതി

൫

കാലുകളുലയിൽ കാച്ചിപ്പഴുപ്പിച്ച നല്ലപി
ച്ചളെക്കൊത്തതും ചേലൊടുമുഖഭാവമാദി
ത്യൻ ശക്തിയോടുപ്രകാശിക്കും പോലെ
യും തലമുടിധവളപ്പഞ്ഞിപോലെ ചുരി
തിക്കുന്ന ദൈവപുത്രനെ—— സ്തുതി

൧൦.

൬

ഏറെവെള്ളത്തിന്നിരച്ചിലൊത്തുള്ളൊരുശബ്ദ
കല്ലറയിൽനിന്നും വെളിയെമരിച്ചോ
രുയിർത്തുവരുവാനായി തകവല്ലഭമുള്ളോരും
കൂടിയ ജനംചെവികൊൾവതുമായ
വലിയഗംഭീരശബ്ദമുള്ളോനെ — സ്തുതി

൭

വലിയദൈവദൂതന്റെ ശബ്ദവും ദേവ
കാഹളവും തന്റെ വിളിയോടിടകലന്നു
മുഴങ്ങവെ വാനലോകത്തിൽ നിന്നേശു
ജ്വലിക്കുമഗ്നിമേഘത്തിൽ വെളിപ്പെട്ടും
കലങ്ങും ദുഷ്ടർ തൻ മക്കളാനന്ദിക്കും — സ്തുതി

൮

പന്ത്രണ്ടാമന്നാകുന്ന മെശിഹായെ- മഹാ
ദുസനായിൻ കർത്തനെമണ്ണുംവിണ്ണും പടച്ച
പരനെ ഒന്നേവലെ-മന്നനാദനനെ പര
നന്ദനനെ മരിനാദനാനൊരാജനന്ദന
നെന്നിങ്ങൾ നന്ദിയോടുപാടി- സ്തുതി

൯

ഹല്ലെലുയ്യാപാടിസ്തുതിപ്പിൻ യേശുവെ- യേശു
നായകത്തിന്നു ജയം- അല്ലെല്ലാമ
ഹനാകലെകളുമെ- യേശുരാജാധിരാജനേശനെ
നിത്യനാം യേശു യോഗംവരും സർവ്വ
പ്പെട്ടഭയേശുവെ ദേവശ്രേഷ്ഠനെ- സ്തുതി

(൩) യേശുവിനു സ്തോത്രം.

കല്യാണി.

## പല്ലവി

സ്തോത്രം യേശുനാഥനെ- മനുവേലനെ
മനുവേലനെ-സ്തോത്രംയേശുനാഥനെ-

## ചരണങ്ങൾ.

൧

പാത്രഹീനനാകുമെന്നെ-പാൎത്തുനിൻകല്യാണഗു
ണേത്തുകൊണ്ടെന്റെദുരിതം- തീൎത്തരുളീടേണമെ-
സ്തൊ:

൨

വിണ്ണിലുമീമണ്ണിലുംനീ-യെന്നപോലാരുള്ളഹോ
ഉന്നതനാകുന്നയേശു- മന്നവരിൽമന്നനെ- സ്തൊ:

൩

പൊന്നുലോകംതന്നിൽനിന്നു- വന്നജീവനാഥനെ
എന്നപേക്ഷക്കിന്നുചെവി- തന്നുകേട്ടീടേണമെ- സ്തൊ:

൪

പാരമഴലോടുഴലും- പാപിയാമെന്നെവെടിഞ്ഞു
ദൂരവെപോയീടരുതെ- ദാവിദിൻകുമാരനെ- സ്തൊ:

൫

താതനെ എൻനാഥനെ- പാതകർസങ്കേതമെ
രീതിയോടെ ഭൂതലംവാ-ണീടുവാൻ വരേണമെ- സ്തൊ:

## (൭) ക്രിസ്തുവിൻെറ ജനനം

ഉശാനി

### പല്ലവി.

ദേവനിന്നവതരിച്ചു നമ്മെരക്ഷിപ്പാൻ
ദാവീദിന്നൂരിൽമരിനന്ദനനായിയേശു - ദേവനിന്ന
വതരിച്ചു

### അനുപല്ലവി.

ദേവൻവിലക്കിയപൂങ്കാവിൻകനിയേതിന്നാ
പാപമൊഴിപ്പാൻ നീതിമേവുംസ്വർഗ്ഗത്തിൽനിന്നു
ചാവുകഷ്ടസങ്കട നോവുനിറഞ്ഞദോഷ
ഭൂവിൽവന്നുമനുജ ഭാവമെടുത്തുയേശു - ദേവ

### ചരണങ്ങൾ.

൧

എളിയവേഷമെടുപ്പാനാഹാ വലിയ
ദേവസുതൻവന്നതും പാപപ്പെട്ടകന്യയാം
മറിയയിലുത്ഭവിച്ചതും ചെറിയബെത്ല
ഹേമെന്നൂരിൽപിറന്നതും പഴന്തുണിയാൽ
ചുററിപുതച്ചു പശുത്തൊട്ടിയിൽ കിടന്നതും
ഓർക്കിലെത്രയുമത്ഭുതം അവൻകരുണാ
പാകിൽ പറവാനെളുതോ അല്ലലീസഖി
ഉള്ളംനിറഞ്ഞകൃപ വെള്ളമൊഴുകിവന്നു
ചൊല്ലെഴുംമധുരത്തിലല്ലോ പകർന്നിരിക്കു
ന്നില്ലസംശയലോക മെല്ലാമുള്ളപാപത്തി
ന്നല്ലലൊഴിപ്പാനിവൻവല്ലഭൻക്രിസ്തുയേശു - ദേവ

൨

കരുണയുംസത്യവുമിതാ നന്നായിണങ്ങി
യിവനിൽവിളങ്ങുന്നേറോ നീതിസമാധാന

ങ്ങൾ തമ്മിൽചുംബിച്ചീടുന്ന ഭൂമിയിൽനിന്നു
സത്യംമുളച്ചീടുന്ന സ്വർഗ്ഗത്തിൽനിന്നുനീതി
നോക്കുന്ന ദേവൻനന്മയേനല്കീടുന്ന ഈര
വിലിടയർതങ്ങടെ കൂട്ടത്തെകാത്തുവെ
ളിയെപാർത്തിരിക്കുന്നേരം അവരരികിൽ
നിന്നൊരുദൂതൻചുററി മിന്നുന്നമഹത്വംഭ
യന്നവരപ്പോളവൻ ചൊല്ലുന്നസുവിശേഷം
മന്നിടത്തുള്ളോർക്കെല്ലാം വന്നിടുവാംസന്തോഷ
മിന്നുനിങ്ങൾക്കറിയിക്കുന്ന രക്ഷകനേശു - ദേവ

൩

അന്നേരംസ്വർഗ്ഗസേനകൾ ആദൂതനോടു
ചേർന്നിന്നു ദൈവത്തെവാഴ്ത്തിസ്തുതിച്ചീ
ടിനാർ ഉന്നതങ്ങളിൽമഹത്വം ദേവദേ
വന്നമന്നിടത്തിൽസമാധാനം മനുജ
കുലത്തിന്നുമഹാസംപ്രീതിയുണ്ടാകുമെന്നത്രയെ
ന്നാർ പണ്ടിടയർചെന്നു മറിയയോ
സേഫെന്നവരോടുകൂടെ കുഞ്ഞിനെകണ്ടു
നന്ദികലർന്നുദൂതൻചൊന്നവണ്ണമറിയി
ക്കുന്നു കേട്ടവരൊക്കെനിന്നതിശയിക്കുന്നു
നന്ദനനെക്കുറിച്ചു ചൊന്നവയെല്ലാമമ്മ
നന്നായിസൂക്ഷിച്ചുധ്യാനിക്കുന്നിതെന്നോർത്താലേശു - ദേവ

---

## (൯) യേശുവിൻ അതിശയ വിവരണം

മോഹനം — ഉശാനി

### പല്ലവി

യേശുദേവായേശുനായകാ- ശ്രീയേശുനാഥാ
യേശുദേവായേശുനായകാ-

## ചരണങ്ങൾ.

൧

ദാസരിന്നഴലൊഴിച്ചുള്ളിൽ- ആനന്ദമേകും
യേശുവെ കൃപയിന്നഴകേ
നാശലോകത്തിൽമനുഷ്യനായുദിച്ചുമെ
ജ്വലിച്ചും വീശു മതിശോഭയുള്ളോരു വെളിച്ചത്തിൻ
അംശനാം യേശുനായകനേ- യേശു

൨

ആയിരമായിരം വാനവർ- വണങ്ങും പതി
നായിരം പേരിലുത്തമനേ-
മായമെട്ടുമാദിപാപമാതിനെ മാററുവാനായി
മായമററുള്ളോരുകന്യാതാ- യുള്ളിൽവന്ന
മാനവനേ യേശുനാഥനേ- യേശു

൩

പാപമെല്ലാമൊഴിപ്പതിന്നായിപിതാവിൽ നിന്നു
താപമേററോരാണയിനാലെ
ശോഭനമായുദ്രയിട്ടുള്ളോരു പട്ടച്ചട്ട
നീട്ടേററപ്പനിഷ്ടം ചെയ്യതിന്നായിവന്നയേശു
ക്രിസ്തുനെമഹാപുരോഹിതാ- യേശു

൪

ഘാതകനാകുന്ന സാത്താനെ- ജയിപ്പ
തിന്നുയൂദകുലശേഖരനായി
ബേത്തലെമെന്നുരത്തിൽ ദാവീദിനിച്ചും തന്നിലുള്ള
കന്യാമറിതന്നുദരത്തിൽ വന്നുപിറന്ന
യേശുമഹാരാജരാജനെ- യേശു

## ൨൧.

൧

ജ്ഞാനമറ്റുള്ളോരുലോകത്തി- ന്നിരുളകററി
വാനരാജ്യത്തിൻ രഹസ്യങ്ങൾ
മാനവർതിന്നുള്ളിലാക്കിദീനമൊക്കെ ഭേ
ദമാക്കിഹീനരെച്ചേർത്തു സുവിശേഷിച്ചെളിയവർക്കു
വന്നയേശുവെപ്രവാചകാ- യേശു

൨

സ്നാപകനാകും യോഹന്നാനാൽ- യർദ്ദൻനദിയിൽ
ശോഭനമായി സ്നാനമേറ്റുടൻ
പ്രാവുപോലാത്മാവിറങ്ങിത്തന്നിൽവന്നു വാനിൽനിന്നു
ദേവനിവനെൻപ്രിയപുത്രനെന്നു ചൊന്ന
ജീവസാക്ഷിയെററയേശുവെ- യേശു

൩

നാല്പതുനാളുപോഷിച്ചുപിൻ- തിരുമേനിയി
ലേല്പതിന്നരിയന്യുകളെ
ഉൾപ്പകയോടെയ്തു സാത്താനപ്പോളിരുവാത്തലവാ
ളെപ്പിടിച്ചുവെട്ടിയവനെ ജയിച്ചു വിന്നി
ലാക്കിയ ശ്രീയേശു വീരനെ- യേശു

൪

പന്തിരണ്ടുശിഷ്യരെ പല- തൊഴിലിൽ നിന്നു
ധന്യമായ്തിരഞ്ഞെടുത്തുടൻ.
തന്റെ മാർഗ്ഗമായവർക്കു ചന്തമോടെ താനുരച്ചു തന്തി
രുനാമം വഹിപ്പാനാജ്ഞരമേകിയ
നാഥനെ ശ്രീയേശു ഗുരുവെ.- യേശു

൯

തന്നുടെ ശിഷ്യരും മാതാവും- ആയികാനായിൽ
ചെന്നൊരുകല്യാണത്തിന്നായി
അന്നവിടെവീഞ്ഞുകുറവെന്നറിഞ്ഞാറു
കല്പാത്രത്തിൽ നിറപ്പിച്ചുള്ള വെള്ളത്തെവീഞ്ഞാക്കിത്തീ
ർത്തൊരുന്നതാ മഹത്വ യേശുവെ- യേശു

൧൦

വല്ലഭമുള്ളവചനത്താൽ- കപ്പർന്നഹൂമി
ലുള്ളൊരു പ്രഭുവിൻമകനെ
ഉള്ളമലിവോടു ചാവിന്നുള്ളൊരു രോഗത്തിൽ
നിന്നങ്ങല്ലലെല്ലാമൊഴിച്ചു നല്ല സുഖമാക്കിയ
നല്ലവാ ശ്രീ യേശു വല്ലഭാ- യേശു

൧൧

നിന്നുളവാലതിശയമായി- പേത്രൻ മുതലാം
നിന്നുടെ ശിഷ്യർ മീൻപിടിച്ചു
നിന്നരയിനൂക്കിനാലൊരു നരനിൽ നിന്നു
ദുരാത്മാവൊഴിഞ്ഞു കൈപിടിച്ചുടൻ ശീമോനമ്മാവി
യമ്മയിൽ നിന്നു ജ്വരം നീങ്ങി- യേശു

൧൨

കുഷ്ഠരോഗിവന്നപേക്ഷിച്ചു- തൃക്കരം നീട്ടി
തൊട്ടവനെശുദ്ധമാക്കി നീ
കട്ടിലിൽ കിടന്നപക്ഷവാതരോഗിയേയും മുപ്പത്തെട്ടു
കൊല്ലം വ്യാധിപിടിച്ചു വലഞ്ഞു കഷ്ട
പ്പെട്ടവനെയും സുഖമാക്കി- യേശു

൧൩

കൈവരണ്ടുള്ളോൻ കൈപുഷ്ടിയായി- ശതാധിപൻറെ
സേവകനു സുഖമുണ്ടായി
ചാവണഞ്ഞുള്ളൊവ്വിധവയിൻ മകനുണർന്നു

൰൭.

തിരുനാവനങ്ങി കാററുകൾ നിന്നു കടലമന്ന
ദേവനേ നിൻ ശക്തിയിൽ നിന്നു- യേശു

൰൮

ഭൂതമുററത്തെന്ധനായുള്ളോ- ശ്രമന്നനാവും
നാഥനേകാഴ്ച്ചയും നീനൽകി
പാത്തു നീപറഞ്ഞ നേരത്താത്തണഞ്ഞോരാളിൽനിന്നു
പാത്ത ലഗിയോനൊഴിഞ്ഞവപന്നികളിൽപോ
ല്ലാന്തതാലവ മുങ്ങിച്ചത്തു- യേശു

൰൯

ചത്തവരിൽ നിന്നണത്തി നീ- യായീർ മകളെ
രക്തവാർച്ചയുള്ളവൾ നിന്റെ
വസ്ത്രവിളുമ്പത്തുപിടിച്ചത്തലൊഴിഞ്ഞെററു
രോഗമെത്തിനാർപിൻനിന്നരികത്തിലിരുക്കരുടർ
തൊട്ടു നീ കണ്ണുകൾതുറന്നു- യേശു

൰൩

വന്നൊരു മൂകനരിയാടി- പിശാചവനിൽ
നിന്നു നീ നീക്കിയനേരത്തു
തിന്നുതൃപ്തന്മാരായിവന്നയ്യായിരം പേരപ്പ
മഞ്ചിൽനിന്നവ നീവാഴ്ത്തിയതിൽ പിന്നാഴിമേൽക്കൂടെ
ചെന്നശിഷ്യവ്വിപത്തൊഴിച്ചു- യേശു

൰൭

ഗുൽക്കനിഞ്ഞുവെക്കമൊഴിഞ്ഞു- പിശാചൊരുഫെ
നീക്കിയാസ്ത്രീപുത്രിയിൽ നിന്നു
ചികിന്നാംചെകിടനെ നീകേൾക്കയു

൧൭.

മുരെക്കയുമാറാക്കിനാലായിരമാളുകൾക്കേഴപ്പം നീ
കൊടുക്കയിൽ തൃപ്തരായിത്തീർന്നു— യേശു.

൧൮

കൺകുരുടൻ കണ്ണിൽ നീ തുപ്പി-തൃകരം വച്ചു
പങ്കിയായെല്ലാരെയും കണ്ടു
തിങ്കൾബോധയുള്ളവനന്നു നിങ്കൽ നിന്നു ചെമ്മെ വന്നു
കൺകുരുടായി ജനിച്ചവൻ നിൻ കല്പനയാൽ
കൺകഴുകികാഴ്ച ലഭിച്ചു— യേശു

൧൯

പത്തുമെട്ടും വത്സരമായി_ രോഗത്തിനാൽ
കൂനത്തിയായൊരുത്തിമേൽ നിന്റെ
കൈത്തളിർ വച്ചു നിവിർന്നൊരുത്തനെ മഹോ
ദരരോഗത്തിൽ നിന്നു സ്വസ്ഥമാക്കി നീ- ശുദ്ധരായ്തീർന്നു
പത്തു കുഷ്ഠരോഗികൾ നിന്നാൽ— യേശു

൨൦

ചത്തപിൻ ലാസറസെന്നവൻ - നിൻ ചൊല്ലിളിയിൻ
ചത്തമതുകേട്ടയിത്തീർത്തു
ചത്തകണ്ണരാമിരുവർ ചിത്തമലിവുററു നീ
കൈതൊട്ടനേരം ജീവകണ്ണരായോരത്തിമരം
ചത്തൊണങ്ങി നീ ശപിച്ചതാൽ— യേശു

൨൧

ഉലകിലുള്ളപിഴകളെയെല്ലാം-ചുമന്നെടുത്തു
കളവതിന്നു ഗതസെമെനെന്ന
സ്ഥലമതിൽ പോയ്കഠിനമുൾപ്പാടനുഭവിച്ചു

൧൯.

പരിതപിച്ചിട്ടുടൽവിയത്തുതിരുശ
രീരത്തിൽ നിന്നചൊരിഞ്ഞു
രുധിരമിപ്പാപിയെകനിഞ്ഞു— യേശു

൨൨

ഇരുളമന്നപരജനം വന്ന-നിന്നെപിടിപ്പാ
നരികിലണയുമളവിലൊരുവൻെറ
ചെവിയറുത്തു ഝഡുതിപേത്രന്നവന്ന
ത്തുക്കൈസുഖമതെകികഠിനക്കൈച്ചർക്കൈ
കളിലണ്ണാനിന്നെ നി വിററു
കഠിനനാമെന്നിൽ കനിവുററു— യേശു

൨൩

കലവിധിച്ചുതലവരേല്പിച്ചു- നിന്നെ പിലാതൻ
വിലമതിച്ചു കരിശിനേല്പിച്ചു
പലവിധപ്പാടേററ പിന്വ്യകരിശിലെച്ചാ
വനഭവിച്ചു പുതിയശവക്കല്ലറയിലടക്കിപാതാളത്തി
ലെത്തി മൂന്നാം നാളില്ലയത്തു— യേശു

൨൪

ഗലിലെയായിൻ കടലിലെക്കരയിൽ- ശിഷ്യക്കുമൂന്നാം
തവണ നീ പ്രത്യനായപ്പോൾ
ഇരവിലൊക്കെ പണികൾ നോക്കി
വിഫലരായി വിപശരായി മരുവുമവരോ
ടരുളിവീശുവാൻ വീശിനാരെശി വലയിൽ
വളരെ വലിയ മത്സ്യങ്ങൾ— യേശു

൨൫

എളിയ ശിഷ്യക്കമലനാത്മാവെ- നൾകുവാൻസ്വഗ്ഗ
സ്ഥലപിതാവിൻ വലമമന്നോനേ-
പുഴവതായോരടിയന്ന
നിൻ കഴലിണത്താലഭയമെന്നെ
കരളലിഞ്ഞു കൃപയിൽ നടത്തി- നീവരുന്നേരം
കനകലോകം ചേത്തുകൊള്ളുകാ— യേശു

## (൯) ക്രിസ്തുവിന്റെ നഗര പ്രവേശനം

ഉശാനി ഖണ്ഡങ്ങൾ. ചെമ്പട

---

൧ മറുദിവസം മറിയമകൻ
യറുശലേമിൽ വരുന്നുണ്ടെന്നു
അറിഞ്ഞു ബഹുജനമവനെ
എതിരേല്പാൻ പുറപ്പെട്ടുപോയി-

൨ ഈന്തപ്പനകുരുത്തോലകൾ
ചേർത്തു കയ്യിൽ എതിരേററു
ചീർത്ത മോദം പൂണ്ടവരും
വാഴ്ത്തി മഹാനന്ദത്തോടു-

൩ മന്നവനാം ദാവിദിന്റെ
നന്ദനനു ഹോശയന്നാ
ഉന്നതങ്ങളിൽ ഹോശാനാ
എന്നട്ടഹാസിച്ചു ചൊല്ലി-

൪ കർത്താവിന്റെ തിരുനാമത്തിൽ-
വരുമിസ്രയേലിന്മഹാരാജാ
വാഴ്ത്തപ്പെട്ടോനാകയെന്നു
ആർത്തവർ കീർത്തിച്ചിടിനാർ-

൫ കഴുതക്കുട്ടി കണ്ടിട്ടേശു
കയറി അതിന്മേലിരുന്നു
അരുളുഭയം നിനക്കേതും
പരമസീയോൻ മലമകളേ-

൬ കണ്ടാലും നിന്മഹീപൻ
കഴുതക്കുട്ടിപ്പുറത്തുകേറി
കൊണ്ടുവരുന്നെന്നെഴുതി
ട്ടുണ്ടതുപോൽ നിവൃത്തിവന്നു-

൧ പരമഗുനോടു കൂടെ വന്ന
പുരുഷാരം മുന്നടന്നു
മരിച്ചവരിൽ നിന്നവൻ ലാ
സറിനെ നാലാം ദിനമുണർത്തി-

൨ എന്നു സാക്ഷിപ്പകർന്നിരുന്നാ
രെന്നതു കേട്ടടൻ ജനങ്ങൾ
വന്നമഹാനന്ദത്തൊടു
മന്നവനെ എതിരേറ്റു-

൩ അതിശം പൂണ്ടു പരിശർ തമ്മിൽ
പറഞ്ഞുനമുക്കൊരുഫലവും
വരുന്നില്ലെന്നുകണ്ടൊരുലോകം
അവനൊടിതാചേർന്നുപോയി

൪൦ അഴകിയൊരു മണവാളനെ
കഴലിണയെകരുതിവന്ന
അഴുകിനാറുമിപുഴുതിയാളെ
കഴുകിനിൻെറ കാന്തയാക്ക-

—(൦)—

## ( ൪൦ ) പാപിയുടെ പ്രലാപം

ഖണ്ഡങ്ങൾ

പല്ലവി.

൪

ജീവനായകനാകുമേശുവെ-പാപിയാകുമെൻ യാചന-
കോപിയാതെനീകേട്ടരുളുക- ദാവിദ്രാജൻെറനന്ദനാ—

## ചരണങ്ങൾ.

൧

ആദരവററപാപിഞാനേശു-നാഥനെ യെൻസങ്കേതമെ
ഭൂതലത്തിങ്കൽനീയല്ലാതിനി-കാദരവായിട്ടാരുള്ളു-     ജീ

൨

ആപ്പനെപാപിവീണ ക്രൂകന്ന-തൃപ്പാദംതുണയെന്നല്ലൊ-
ഇപ്പാതകൻറസങ്കടംകേൾക്കാ-തപ്പുറംതിരിഞ്ഞീടല്ലെ-     ജീ

൩

പാപിനീയെന്നചൊല്ലുകിൽനീയുംപാപിയെതേടിയല്ലയൊ
ഭൂവിൽവന്നനിൻ ജീവൻവിട്ടതു- പാപികളിൻസങ്കേതമെ
ജീ

൪

ഉള്ളം നീറിവരുന്നപാപിയെ-തള്ളുമൊകൃപക്കുന്നനെ-
ഉള്ളങ്ങളറിഞ്ഞീടുന്നോനെയെൻ- ഉള്ളുനീററലെകാണുകാ
ജീ

൫

തള്ളതാൻ മറന്നീടുമൊ ചെറു- പിള്ളയെകനിവുള്ളോനെ
തള്ളയെന്നെമറക്കിലുംപൊന്ന-തള്ളയെനീമറക്കുമൊ-     ജീ

൬

പാദത്തിൽവീണ:പാപിയെത്തൻെറ പാദത്താൽമെതിച്ചീ
ടുമൊ-
പാദത്തിൽവീണപാപിയാംസ്ത്രീക്കു- മോദത്തെകൊടുത്തി
ല്ലയൊ-     ജീ

൭

സാത്താനായവനുള്ളിൽതീയമ്പു- ഏററവുംചൊരിയുന്ന
താൽ-
ഏററവുംതളർന്നീടുന്നേനിതാ-ഏററവുംകനിവുള്ളോനെ-
ജീ

——)o(——

(൧൧) യേശുവിന്റെ തിരുമേനി

## കുരിശിന്മേൽ

തോടി ചെമ്പട

### പല്ലവി

വീണാൾസീയോൻകുമാരിതാണാൾ-അഴലാഴിയിൽ
പ്രാണനാഥന്റെതിരുമേനിക്രൂശിന്മേൽകണ്ടു- വീ

### അനുപല്ലവി

കാണുന്നിതാരെയൊയെൻ-പ്രാണനാഥനൊക്രൂശിൽ
ആണിമേൽ-തൂങ്ങുന്നിതെന്നാനന്ദമൊ-
ഞാനിനിപോകുന്നിതെങ്ങൊ-
ഇടം കാണുന്നില്ലിനിക്കയ്യൊ-കാണുന്നില്ലെ-
മന്ദവേലനെ-എന്നെതാനെവിട്ടുനീപോയൊമാനസ
ത്തിങ്കലിടിവീണൊയെന്നങ്ങലറി വീ

### ചരണങ്ങൾ.

൧

മന്നാകൃപക്കടലെ-എന്നുള്ളമുരുകുന്നെയെന്നൊന്നൊട്ടു
നോക്കീടുന്നതാലെ-എന്നിൽപ്രേമത്തീയയ്യൊ-ന
ന്നായിജ്വലിപ്പിക്കും-തൃക്കണ്ണുന്തയ്യൊതിരുമുൻവന്നിന്നും
ഒന്നുപോലും നോക്കാതെനന്നായടച്ചിരിക്കുന്നെന്നങ്ങ
വൾ ചൊല്ലിയും- കണ്ണീർചൊരിഞ്ഞുംകൊണ്ടു- വീ

൨

അരുമയോടെന്നെമുത്തും തിരുവായിൽനിന്നൊഴുകി
വരുന്നതേനും പാലുമാം പരമഭോജ്യം- പരിപൂർണ്ണ

മായിപൈദാഹംവിരവൊടൊഴിച്ചെന്നുള്ളിൽ-പരമാനന്ദം.
തരുമെപരമകാന്താ- ഇതുമാകാന്തായുൾവെന്തുതിരുമു
ന്നിതാ നിന്നനിൻ-തിരുവായടഞ്ഞതെന്തെന്നലറിയല
റികൊണ്ടു—— വീ

൩

എന്നിൽവച്ചിട്ടുള്ളൊരുനിന്നുള്ളിലെപ്രീയത്താൽ-
കണ്ണെപ്രീയെയെൻപ്രാവെയെന്നചൊല്ലി- എന്നിരു
കന്നങ്ങളിൽവന്നചുംബനംചെയ്തു എന്നെല്ലാം
കവരുംവണ്ണമല്ലൊ-എന്നൊതാങ്ങാതഴകും- പൊന്നി
ൻകരങ്ങളല്ലൊ- പൊന്നെക്രൂശിൽവിരിപ്പാൻവ
ന്നൊരസംഗതിയെന്ന- വീണാൾ

---

## (൧൨) ജാതികളൊട് യേശുവിൻെറ

## ദൂതുരയ്ക്കുന്നതു

ഭൈരവി

### പല്ലവി

ജാതികളിൻ സഭയാം സഹൊദരി
നാഥനെശുവിൻദൂതിനെ കേൾക്ക

### അനുപല്ലവി

ആദിയന്തമില്ലാതവൻ നിൻെറ താതനെന്നറിയാതുള്ള
ജാ

### ചരണങ്ങൾ

ദേവൻ നിന്നുടെ നിർമ്മിതാവാകുന്നു
ജീവവീർപ്പുകൾ തീനുടുപ്പുകൾ ഏവയുമവനേകിയെ

## ൨൯.

കാത്തുരക്ഷിച്ചുപോററുന്നവൻ നിന്നെ
കാത്തിരുന്നവനെ മനമതിലോൎത്തിടാതെമറന്നു നീ - ജാതി

൨

നാഥൻ നിന്നിൽ കനിവുള്ളോനാകുന്നു
നീതിരിഞ്ഞുവരുവതിനവനാദരവൊടുനോക്കിയെ
കാത്തിരിക്കുന്നതാൽ നിൻ ക്രിയകളെ
ഓൎക്കംകരുതാതിതുവരെ പാൎത്തിരുന്നരുളുന്നിതാ ജാതി

൩

ദേവദേവൻെറ ദീൎഘക്ഷമനിൻെറ
ജീവ രക്ഷയതെന്നു നീ കരുതാതിതിക്കിലവനിനീം
കോപത്തോടു ദൎശിക്കും നീ ചെയ്യു
പാപമൊക്കയും ഓൎമ്മയിൽവരുമാവതൊന്നുമില്ലാതെയും
ജാതി

൪

ആകയാൽ വേഗമുള്ളം തിരിഞ്ഞുനീ
ആകവേ ചെയ്യപാതകം തിരുമുന്നിലേററുചൊല്ലീടുക
എന്നാലീശൻ തിരുമകൻ മൂലമായി
നിന്നുടെദുരിതങ്ങളൊക്കയും ഓൎത്തിടാതെ പൊറുത്തിടും
ജാതി

൫

മണ്ണിൽ വന്നുമനുജനായ ദേവ
നന്ദനൻതിരുയേശുതാനഖിലക്ഷരക്ഷയെ നല്കുവാൻ
തന്നുടെ ചോര നിന്നുടെപേൎക്കായും
ചിന്നിയെ മൃതിയേററുചാപിനെവെന്നയ
ത്തെഴുന്നെള്ളിനാൻ ജാതി

—(൦)—

(൧൩)

## ൧ാംസങ്കീർത്തനം

ബാലഗരി

### പല്ലവി

മനുജനിവൻ ഭാഗ്യവാൻ- മനുജനിവൻ ഭാഗ്യവാൻ

### അനുപല്ലവി

വിനയം ദുഷ്ടരിന്നാലോചനയിൽ നടക്കാത്തുള്ള- മനു

### ചരണങ്ങൾ

൧

തിരിഞ്ഞുപാപികളുടെ- വഴിയിൽ നിന്നീടാതെയും
പരിഹാസികളിൻ പീഠം- ത്തിരുന്നിടാതയുമുള്ള- മനു

൨

തന്നതിഷ്ടം ദേവവാക്കിൽ- ദിനവും വ ച്ചതിൽനിന്ന
മനസ്സിലെല്ലാനേരവും നിനച്ചുധ്യാനം ചെയ്യുന്ന- മനു

൩

ആററരികത്തു നട്ടു- വാട്ടം ഇലയ്ക്കില്ലാതെ
ഫലകാലത്തു കനികായ്ക്കും വൃക്ഷത്തോടൊത്ത- മനു

൪

ചെയ്യുന്നതെല്ലാമവൻ മെയ്യായി-സാധിക്കും ദുഷ്ട
കള്ളർ പാററികളയും തിള്ള-പതിർ പോൽതന്നെ- മനു

൫

നല്ലോർവഴിയെ സർവ്വവല്ലഭനറിയുന്നു
വല്ലാത്ത ദുഷ്ടർവഴി എല്ലാം നശിച്ചുപൊകും- മന

൬

അതിനാൽ ദുഷ്ടന്മാർ ന്യായവിധിയിങ്കലും പാവികൾ
എഴുനീററിടാ നീതിയുള്ളവരിൻ സഭയിങ്കലും- മന

൭

ക്രിസ്തുനാമമെജയം- ക്രിസ്തുനാമമെജയം
ക്രിസ്തേശുനാമത്തിന്ന എന്നും ജയം ജയമെ- മന

---

(൧൮) അഞ്ചാം സംകീർത്തനം

നാഗവരാളി

൧

ദൈവമെ നീ മമപ്രാർത്ഥന കേട്ടരുളെണമെ- എന്റെ
ഭാവനയന്ന്വോട്ടു നീവിചാരിച്ചു കൊള്ളെണമെ

൨

മേദൈവമെരാജനെ ഞാൻ നിന്നൊടപേക്ഷിക്കുന്നു- മമ
വേദവചനം ചെവികൊണ്ടരുളീടെണമെ_

൩

രാവിലെ നീ മമനാദം ചെവികൊണ്ടരുളീടും- അതി
രാവിലെ ഞാനപെക്ഷിച്ചു നിന്നെനൊക്കി കാത്തീടും

൪

ദുഷ്ടതയിലൊട്ടും ഇഷ്ടംനിനക്കില്ല ദൈവമെ- സർവ്വ
ഭ്രഷ്ടകദൊഷം നിന്നിലാവസിക്കയില്ലെന്നമെ

൫.

൫

നിന്നുടെ ശ്രീസന്നിധാനത്തിങ്കൽ മൂഢന്മാരെന്നും- നില
നിന്നിടാദുഷ്ക്കർമ്മം ചെയ്യുന്നോരെ നീപകയ്ക്കുന്നു-

൬

വ്യാജം പറയുന്ന മാനുഷ്യരെ നശിപ്പിക്കും നീ- ഉള്ളിൽ
വ്യാജവും രക്തപ്രിയവുമുള്ളോരെ വെറുക്കും നീ-

൭

നിന്നുടെഭൂരികാരുണ്യത്താൽ നിന്നാലയെ ചെന്നനിന്റെ
സന്നിധിനൊക്കിവന്ദിക്കും ഭയത്തൊടു ഞാൻ- നിന്നെ

൮

നേരില്ലാത്തവരായും ദോഷം നിറഞ്ഞ ഹൃദയവും -കഷ്ടം
പാരംതുറന്നശവക്കുഴിപോൽ കണ്ഠനാളവും

൯

ഏററംമുഖസ്തുതി- ചൊല്ലി വഞ്ചിച്ചിട്ടും ജിഹ്വായും- ഉള്ള
മാററലർതിന്നിരുത്തും കരുണാസലിലാലയം

൧൦

നന്മയാം നീതിവഴിയിലെന്നെ നടത്തിടേണം- എന്നും
എന്മുഖത്തിൻ മുന്നിൽ നിൻ വഴിയെ ചൊവ്വാക്കിടേണം

൧൧

കുററം ചുമത്തീടണമവരെ- പരാപരാ- അവർ
മുററും വീഴട്ടെ നിജാലൊചനകളാലീശ്വരാ-

൧൨

ഉഗ്രതയൊടവർ നിന്നോടെതിർത്തു നോക്കുകാ- സ്വകീ
യാക്രമങ്ങളിൽ ബാഹുല്യമവരെ തള്ളീടുകാ-

൧൩

നിന്നിലഭയം പ്രാപിച്ചവരെല്ലാം സന്തോഷിക്കും- അവർ
എന്നും നീ കാത്തുസൂക്ഷിക്കുന്നതുകൊണ്ടാനന്ദിക്കും-

൧൪

മുററുമനുഗ്രഹിച്ചീശ്വരൻ നിത്യമാനന്ദയാ- കൊണ്ടു
ച്ചുററിക്കൊള്ളും ധൈര്യംകൊണ്ടെന്നപോലസംശയം-

൧൫

താത തനയവിമലാത്മാവാകും ത്രിയേകന്നു- സ്തവ
മാദിയിലുമിപ്പോഴുമെന്നേക്കുമുണ്ടാകണം-

———)✤(൦)✤(———

## (൧൫) ആറാം സങ്കീൎത്തനം

ദുഃഖകണ്ഠാരം രൂപകതാളം

൧

ശാസിക്കൊലാ കോപനനിൻദാസനാകുമെന്നെ നാഥാ-
ചണ്ഡഭാവത്തോടു നീ മമ- ദെണ്ഡിക്കൊലാ ദേവാ ദേവാ

൨

നന്നാ തളൎന്നിരിക്കുന്നേൻ എന്നെ നീ കനിഞ്ഞു കൊൾക
അസ്ഥികളിളകുന്നയ്യൊ സ്വസ്ഥമാക്കീടണമെ

൩

ഏററമാകുലമെന്നാത്മാ, വേററു ഭയാനെത്രത്തോളം
ദേവാ തിരിഞ്ഞെന്നാത്മാവെ, നീ വിടുവിച്ചീടണമെ

൪

നിന്നുടെ മാകരുണയാൽ, എന്നെ രക്ഷിച്ചരുളുകാ
നാഥാ നിന്നെ മൃതരോൎക്ക്, പാതാളത്തിൽ ആർ സ്തുതിക്കും

൫

ദീൎഘശ്വാസേന തളൎന്നേൻ, രാക്കാലമൊക്കയുമെന്റെ
ശയ്യായെ ഞാൻ കണ്ണുനീരാൽ, അയ്യൊ നനെക്കുന്നു നാഥാ-

൩

എല്ലാവൈരികളിൽനിന്നും- അല്ലലുണ്ടാകയാലിന്നു-
വല്ലാതെ ചമഞ്ഞുതാണി,തെല്ലാമമാലോചനങ്ങൾ-

൪

നാഥനെന്റെ വിലാപത്തിൻ, നാദംകേട്ടിരിക്കയാലെ-
ദുറ്റയംചെല്ലുന്നിങ്ങള, കന്നുപോവീനെന്നിൽ നിന്നു

൫

എന്നുടെപ്രാത്ഥനയന്റൊട്ടിന്നുതാൻകേട്ടുകൈക്കൊള്ളും
ശത്രുക്കളെല്ലാവരും, ലജ്ജിച്ചുപരിഭ്രമിക്കും

൬

നിത്യമായപിതാവിനും സത്യമായതനയനും
സത്യനിർമ്മലാത്മാവിനും, അത്യുന്നതസ്ഥാപമാമെൻ-

---

(൮൩) എട്ടാം സങ്കീർത്തനം

ഭൈരവി ചെമ്പട

## പല്ലവി

ഞങ്ങളിൻകർത്താവെയഹോവായെ-ഞങ്ങളിൻകർത്താവെ

## അനുപല്ലവി

മംഗലാനിൻനാമംഭൂമിയെങ്ങുമതിശ്രേഷ്ഠംനിന്റെ
തിങ്ങിയമഹത്വമാകാശങ്ങളിൻമീതെയാക്കിനീ- ലെ

൩൮.

## ചരണങ്ങൾ.

വൈരിയെയും പകയനെയുമടക്കുവാൻനിൻ വൈരികൾ
നിമിത്തം നാഥാ- പാരം പൈതങ്ങൾ ബാലന്മാരെന്നി
വർകളുടെ- ചാരുവായിൽനിന്നു ബലം പൂരണമായി
നിർമ്മിച്ചു നീ- ൬൬൩

൨

നിന്നുടെ കരംഗുലീകളിൻ ക്രിയയാം വാനമണ്ഡല
ങ്ങളിന്നു താരങ്ങൾ എന്നിവ നൊക്കുംപോൾ മനു
നന്ദനനെ നീ ഓർത്തു കാണുന്നതിനവനെന്തുള്ളു
ഉന്നത മഹത്വ ദേവാ- ൬൬൩

൩

വാനദൂതന്മാരെക്കാളല്പം ചെറിയോനാക്കി മാനമഹിമ
കൾകൊണ്ടു നീ- മാനവനെ മുടിചൂട്ടി വാനപരാധിപാ
നിൻെറ പാണിയിൻ ക്രിയകളിന്മേൽ ആനരനെ നാഥ
നാക്കി ൬൬൩

൪

ആടുമാടു കാട്ടുമൃഗങ്ങളെയുമാകാശത്തൂടെ പറക്കും
പക്ഷികളോടു കടലിൽ കളിച്ചോടും മീനങ്ങളെയും
പാടെ പരാ നീ നരപാടിന്നടിക്കീഴാക്കി ൬൬൩

൫

നായകാ നിൻ നാമം ഭൂവെങ്ങുമതിപ മഹനീയമായി
രിക്കുന്നു ദേവാ- ദേവാതാതാസുതാത്മാവായ ശ്രീയെ
യഹോവായെ മഹത്വം കരുണായതാനന്തപാമെൻ- ൬൬൩

## (൧൭) ക്രിസ്തുവിന്റെ ഉയിർപ്പ്

രാ- ഇംഗ്ലീഷ് ൧ ചമ്പട

ഖണ്ഡികൾ

൧

ഇന്നേശുരാജനുയിർത്തെഴുന്നേററല്ലേലുയ്യാ-
വന്നാശശ്ചാപച്ചാവുകൾജയിച്ചുല്ലേലുയ്യാ- മഹാസന്തോ
ഷമെ- മഹാസന്തോഷമെ-

൨

പരാപരസുതനേശുനാഥനെവാഴ്ത്തിപാടുവിൻ-
ജയഗീതംപാടുവിൻ- ജയഗീതംപാടുവിൻ-

൩

പകലോനുദിച്ചിരുളോടിയൊളിച്ചിതാവന്നീടുവിൻ
മഹാസന്തോഷമെ-മഹാസന്തോഷമെ-

൪

ദൈവദൂതൻ കല്ലുരുട്ടിനീക്കിവാതിലിൽനിന്നു
ആകാവൽക്കാർമരിച്ചവരെപ്പോലെയായിവന്നു-
മഹാസന്തോഷമെ- മഹാസന്തോഷമെ-

൫

അതിരാവിൽപെത്രുയോഹന്നാന്മാരോടിവന്നഹോ-
ശവക്കല്ലറയ്ക്കുള്ളിൽനോക്കിവിശ്വസിച്ചീടിനാരഹോ-
മഹാസന്തോഷമെ- മഹാസന്തോഷമെ-

## (൧൯) ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം

മദ്ധ്യമാവതി ചെമ്പട

### പല്ലവി

വാനലോകത്തെഴുന്നെള്ളിനാൻ-ശ്രീയേശുനാഥൻ
വാനലോകത്തെഴുന്നെള്ളിനാൻ-

### അനുപല്ലവി

വാനലോകത്തെഴുന്നെള്ളിനാനൊലിവുമലയിൽ-
നിന്നാനനമുയർത്തിശിഷ്യർവാനിൽനോക്കി
നിന്നീടവെ- വാന

### ചരണങ്ങൾ

൧

വിണ്ണുലകത്തിൽ നിന്നിറങ്ങി-മനുജനായി
മന്നമാനുരുവായിവിളങ്ങി-ചൊന്നുശിഷ്യരോടുപദേശം
നന്മചെയ്തുനടന്നറിയിച്ചസുവിശേഷം മന്നിടത്തുള്ളോർക്കു
ഘോരചിന്നിമരിച്ചമരണംവെന്നുയർത്തുനാല്പതാംനാളി
ന്നിലംവിട്ടുജയമായി- വാന

൨

മൽക്കിസദേക്കിന്റെക്രമത്തിൽ-പുരോഹിതരേലക്കു
തന്റെ സ്വന്തരക്തത്തെ-ത്തൃക്കരതങ്കത്താളികയിൽവച്ചുന്നതി
യേത്തുകൾ മുക്കിയവിരലുള്ളവനാ-
യിക്കുലപാപമൊക്കെയും തീർക്കപരിഹാരം ചെയ്വാൻ
സ്വർഗ്ഗമാംവിശുദ്ധസ്ഥലംനോക്കിമഹാപുരോഹിതൻ-വാന

൩

തന്നിൽവിശ്വസിക്കുന്നോൎക്കായി-ട്ടഴിവില്ലാത്തമന്ദിര
മൊരുക്കുവാനായി- എന്നുമവരോടിരിപ്പാനായി സത്യാ
ത്മാവെപകൎന്നവൎക്കുകൊടുപ്പാനായി-
ഉന്നതൻവലഭാഗത്തിരുന്നുപക്ഷവാദംചെയ്തു
തന്നുടെയോൎക്കുമോചനംതന്നുരക്ഷിപ്പതിന്നായി- വാന.

൪

ദുഷ്ടനിന്ദാപവാദപ്പേച്ചു-തൎക്കന്യായങ്ങൾദുഷ്ടമായി
കൊടുത്തുകണ്ഡിച്ചുകിട്ടിയവിധിയിൻജയത്തോടവനെ
സ്വൎഗ്ഗത്തിൽ നിന്നുതാഴത്തോട്ടുതള്ളി-
കെട്ടിയിരുട്ടിൻതളകൊണ്ടിട്ടടച്ചുപിന്നവനെവിട്ടു
വിധിനാളിൽ നരകത്തിലേക്കു തള്ളുവാനായി- വാന

൫

ഉന്നതദേവമഹിമയുംവിലയേറിയരത്നകാന്തികൊ
ത്തകത്തിരും- മിന്നിയകണ്ണാടിപോലുള്ളതങ്കവീഥിയും
എന്നുമഴിയാത്തപണിയും- എന്നുമാനന്ദവുമുള്ളപൊന്നെരു
ശലേമുംകൊണ്ടുവന്നുമോദത്തോടു സീയോൻനന്ദനി
യെ ചേൎത്തുകൊൾവാൻ- വാന

൬

സേനയിൻകൎത്തൻപരിശുദ്ധൻ-എന്നുസ്വൎഗ്ഗീകസേനകൾ
സ്തുതിച്ചുപാടവെ- വാനമൻശിഷ്യർമുഖത്തെൽതിരു
കടാക്ഷംവീണുവിടൎന്നുവിളങ്ങവെ- വാനവർസാക്ഷിനല്കു
വെ-മാനവർപാപം നീങ്ങവെ കണികൾകാഴ്ചയിൽ
നിന്നുവാനമേഘത്തിൽമറഞ്ഞു- വാന

## (ഫൻ) പാപിയുടെ ജീവൻ യേശു എന്ന

കമുനാ കല്യാണി — ചെമ്പട

### പല്ലവി

ജീവനായകനെ മറവേലെ-ലെ-ലെ-ലെൻ
ജീവനായകനെ-

### ചരണങ്ങൾ.

ജീവകൃപയിൻ നിജവിയർപ്പു വെള്ളം-
എൻ്റെമേലൊഴിച്ചുപാപത്തിൽനിന്നുണർത്തി
നാവിലൊരുപുതിയപ്രാർത്ഥനയേപ്പകർന്നവൻ-
എൻ- എൻ- എൻ- എൻ- ജീവനായകനെ

൨

തന്നുയിരിന്നിരിപ്പതാം രുധിരം തന്നിലെന്നമിതിക്കുമുന്നേം
തന്നിനിക്കുമെന്നുയിരിൽമരുവും മരണവിഷമൊഴി
ച്ചവൻ-എൻ-എൻ-എൻ-എൻ- ജീവനായകനെ-

൩

വിശുദ്ധിവരുത്തുമാറുതലിന്നാത്മാവിനെനല്കി
ട്ടശുദ്ധമാമിരുളെന്നുള്ളത്തിൽ നിന്നകററി-
വിശ്വാസം പ്രത്യാശസ്നേഹമെന്നാത്മവിങ്കൽ
തന്നവൻ-എൻ-എൻ-എൻ-എൻ- ജീവനായകനെ-

൪

ഉയിർത്തുമറിയക്കു പ്രത്യക്ഷമായപോലിപ്പാപിയാമിനി
ക്കുള്ളത്തിൽ പ്രത്യക്ഷമായവൻ- ഒഴുകും സ്നേഹവാക്കാ
ലെന്നുള്ളമൊക്കയും കവർന്നവൻ- എൻ-എൻ-എൻ-എൻ-

൫

തന്നുടെ ജഡത്തോടുമസ്ഥിയോടുമൊന്നായെന്നെ
എന്നും പിരിയാതവണ്ണം ചേർത്തുകൊണ്ടവൻ-

ാന്നുള്ളംതുറന്നമനമെല്ലാമെന്നോടറിയിച്ചവൻ-
എൻ- എൻ- എൻ- എൻ- ജീവനായകനെ-

൩

ദുഷ്ടികളെയൊഴിച്ചെന്നെകാക്കുന്നവൻ ഭക്ഷ
ണാദികൾതന്നുനിത്യംപോററുന്നവൻ
നീതിവഴിയിലെന്നെനടത്തികൊണ്ടുവരുന്നവൻ-
എൻ- എൻ- എൻ- എൻ- ജീവനായകനെ-

൧

ഞാനവനുംഅവനിനിക്കുമെന്നും സ്വന്തം- ഞാനവ
നൊഴികെമററാരെയുമെ- ന്നുമറിയുന്നില്ലവനെ
നിക്കെല്ലാമായവൻ- എൻ- എൻ- എൻ- എൻ- ജീവനാ

## ക്രിസ്തുവിൻെറമരണത്തെക്കുറിച്ചു സഭദുഃഖിക്കുന്നത.

(൨൦) പല്ലവി

എത്രയും ദുഃഖമാം കാഴ്ചയിതാകാണുന്നു ദേവ
പുത്രൻഗോൽഗോത്താവിൽ ക്രൂശിന്മേൽതൂങ്ങുന്നു
എത്രയും ദുഃഖമാം കാഴ്ചയിതാ കാണുന്നു

അനുപല്ലവി

എത്രയും ദുഃഖമാം കാഴ്ചയിതിനു മുൻ പൃഥ്വിയിൽ കണ്ടി
ട്ടില്ലാരും- ഇതാ കർത്തൃകർത്തൻ മനുമക്കൾക്കായിജീവനെവിട്ടു
കൊടുക്കും മഹത്തായ കാഴ്ചയെ ഉററുനോക്കിടണമെ
ഉൾക്കണ്ണിനാൽ ഉററുനോക്കിടണമെ-
നമ്മുടെ ഭർത്താവാകും ക്രിസ്തുൻ പെട്ടിടും പാടുകണ്ടെ
ത്രയും വേഗം വിലാപിച്ചലറുക- എത്ര

ചരണങ്ങൾ

കർത്തനെറുശലേം പട്ടണം വിട്ടിതാദുഷ്ടർനടുവിൽ

൩൭.

ക്രൂടല്ലൊ-മൺ-ഇട്ടാൽ വീഴാത്തുള്ള ക്രൂടങ്ങളൊട്ടു ഗൊ
ൽഗ്ഗൊത്താമലമെൽ കെറുന്നു- വൃ൦
പൂട്ടിയൊരുനിലംപൊലെ യിരിക്കുന്നു
കെട്ടിഅടിച്ചതിനാലെ- അല്ലൊ
ദുഷ്ടർമുഖത്തിലടിച്ചതിനാലെ മഹത്വമുഖമിതാവാടി
കഷ്ടമൊരു മുൾക്കിരീടം തലയിൽ വച്ചിട്ടുകോലിനാ
ലടിച്ചതിനാലല്ലൊ-ഇററിററുവീഴുന്നിതാ- അല്ലൊ
ചോര ഇററിററു വീഴുന്നിതാ- ക്രൂശുമെട്ടുത്തെത്രയും
ക്ഷീണനായിമർത്യവർഗ്ഗത്തിനെ എത്രയും സ്നേഹിച്ചക
ത്തൻപൊകുന്നിതാ- എത്ര

൨

കർത്തൻമലമേലണഞ്ഞെത്തിയ ശേഷമായി-ദുഷ്ടരവനെ കുരി
ശിൽ അല്ലൊ-നീട്ടികിടത്തിവലിച്ചുവച്ചീടുന്ന കർത്തനുടെ
തങ്ക കൈകൾ- അതിദുഷ്ടനൊരുത്തനടിച്ചിട്ടുന്നാണിയെ
ച്ചററികയാലുള്ളം കയ്യിൽ- അല്ലൊ
കഷ്ടമൊഴുകുന്ന ചോരയെ കണ്ടിട്ടും ഒട്ടും മനമലിയാതെ
ദുഷ്ടൻ തറച്ചിട്ടുന്നാണിയെകാൽകളിൽ പെട്ടന്നുയർത്തിനി
ർത്തുന്നു ക്രൂശിനെ- അല്ലൊ ക്രൂശിൽ തൂങ്ങുന്നു ഭർത്താവി
താ അല്ലൊക്രൂശിൽ തൂങ്ങുന്നു-
നമ്മുടെയഭർത്താവിൻ കൈകളിൽ കാൽ കളിലൊട്ടുന്ന
രക്തമിതാമണവാട്ടിയാം നമുക്കു- എത്രയും

(൨൧) ജാതികൾക്കുവേണ്ടിയുള്ള

## പ്രാൎത്ഥന

ശങ്കരാഭരണം

### പല്ലവി.

നാഥാനീവേശംചൊരിക-പുറജാതികളിൽ കൃപ
മാരിനിറവായി — നാഥാ

### അനുപല്ലവി.

നാഥാവലകൈയിടകൈയേതെന്നേത്തുമറിയാതെജാതി
കളിൽ നീ- — നാഥാ

### ചരണങ്ങൾ.

നിന്നുടെ സന്തതിതന്നിൽ-ഭൂവിതന്നിലെജാതികളാകവെ
തന്നെ- നന്നായനുഗ്രഹിക്കപ്പെട്ടുമെന്നു- അബ്രാഹമോ
ടുചൊന്നപോലിന്നു- — നാഥാ

൨

എന്നോടു ചോദിച്ചീടുക- എന്നാൽനിന്നവകാശമായിജാ
തികളാകെ- തന്നീടുമെന്നുനിൻതാതൻനിന്നോടുചൊന്ന
വചനമോൎത്തിന്നുകനിഞ്ഞു- — നാഥാ

൩

നിന്നിൽ മനം തിരിഞ്ഞീടും-കടൽതന്നുടെകൂട്ടങ്ങളാക
വെതന്നെ വന്നീടുംജാതികൾതങ്ങളിൻകൂട്ടംനിന്നരികെ
യെന്നുചൊന്നില്ലയൊ നീ- — നാഥാ

൪

തൊഴുത്തിലുള്ളതല്ലാതെ- ഞാനീവരുത്തേണ്ടുമാടുക
ളിനിക്കുണ്ടുവേറെ- അവയുമെൻസ്വരത്തെകേട്ടീടുമെ
ന്നുമൊഴിഞ്ഞപ്രവചനനിവൃത്തിക്കുസമയമിതല്ലൊ-
നാഥാ

൧

ജാതികളാമവകാശം-മഹാപാതകനാധീനമായെത്രകാലം
നാഥാകൊടുക്കുമവക്കുനീചെയ്യു-മോദവാഗ്ദത്തങ്ങളാ
കെനീയോക്ക- നാഥാ

൨

നിനവപുരിതന്നിൽവാണനൂററിരുപതിനായിരംപേക്ക
ളിലധികം- മനുജരെകണ്ടുനിൻമനമലിഞ്ഞതല്ലോ
മനമലിവിപ്പയൊത്തുകയില്ലനരരിൽ- നാഥാ

൩

ചങ്കിലെചോരയിൻനേട്ടം-മഹാസംകടത്തിൽവീണു
ഴലുന്നകഷ്ടം- കണ്ണുകളാൽനോക്കികരളലിവൊടു
തങ്കകരങ്ങളെക്കൊണ്ടെടുക്കേണം- നാഥാ

൪

ജാതികൾശാലനിറവാൻ-അതിൻവാതിൽതുറന്നിടാൻ
പരമാത്മാവാൽ- നാഥാകനിഞ്ഞീയപേക്ഷനീ വേഗം
മോദമായികേട്ടുകൃപയരുളേണം:- നാഥാ

---

## (൨൨) ദൈവത്തിൻ സ്നേഹം

ശങ്കരാഭരണം — മുറിയടന്ത

### പല്ലവി

എന്തോരൻപിതപ്പനെ- ഘോരപ്പാപി
മേലെന്തോരൻപിതപ്പനെ-

അണ്ടർകോനെനീയീചണ്ടാളദ്രോഹിയിൽകൊണ്ടൊ
രൻപു പറയേണ്ടുന്നതെങ്ങിനെ- എന്തോ

൧

ഉച്ചിമുതൽത്തുടങ്ങി-പഴുത്തഴുകിച്ചീഞ്ഞിരിക്കുന്നവയെല്ലാമെൻ
വച്ചിട്ടുള്ളെൻപുനിനച്ചിട്ടടിയാൻഭ്ര-മിച്ചുപോകുന്നിതാ-
ജഗശ്ശ്യനാംദൈവമെ- എന്റെതാ

൨

അൻപ്പിയലുംതമ്പുരാനെനിൻറെമഹാ അൻപുള്ളോരു
മകനെ- ഇമ്പംനിറഞ്ഞുള്ളനിൻമടിയിൽനിന്നു-തുമ്പം
നിറഞ്ഞപാരിങ്കലയച്ചതും- എന്റെതാ

൩

കുഞ്ഞുണ്ണിയാംനിൻമകൻ പൃക്കാവിങ്കൽ മണ്ണിൽ
വീണിരന്നതും പൊന്നിൻതിരുമേനിതന്നിൽനിന്നുചോര-
മണ്ണിൽവീണതുംനിൻകണ്ണുങ്ങളിനെകണ്ടു- എന്റെതാ

൪

കരുണയറ്റയൂദന്മാർ-നിൻമകൻറെതിരുമേനിയാകെ
നാഥാ- കൊരടാവുകൊണ്ടടിച്ചുഴുതനിലമാക്കി
കുരിശിപ്പതിന്നായിക്കുരിശെടുപ്പിക്കുന്നു- എന്റെതാ

൫

ദാഹംവിശപ്പുകൊണ്ടു-തളൎന്നകൈകാൽകൾകുഴഞ്ഞീ
ടുന്നു- ദേഹമുഴലുന്നു ദേഹിയുഴലുന്നു- സ്നേഹംപെ
രുകുന്നീപ്പാതകരോടയ്യോ- എന്റെതാ

൬

ശത്രുക്കൾമദ്ധ്യേക്കൂടെ-പോകുന്നിതാകുറ്റമറ്റകുഞ്ഞാടു
കഷ്ടമെറുശലേംപുത്രികൾകണ്ടുമാ-റത്തടിച്ചയ്യോ
വാവിട്ടലറുന്നു- എന്റെതാ

൭

കരുണനിറഞ്ഞവൻ-താൻകൈകാൽകളെകുരിശിൽ
വിരിച്ചിടുന്നു- കരുണയറ്റദുഷ്ടർ ഇരിമ്പുമുള്ളാണിയാൽ
കുരിശോടുക്രൂട്ടിത്തറച്ചീടുന്നയ്യോ- എന്റെതാ

൮

ആകാശഭൂമിമദ്ധ്യെ-നിന്റെമകൻഹാഹാതൂങ്ങീട്ടു
ന്നല്ലൊ- കാൽകരങ്ങളൂടെചോരയൊഴുകുന്നു-ദേവ
ന്നിൻകോപത്തീയിങ്കൽവീണവൻ- എന്തൊ

൯

ദൈവമെ എൻദൈവമെ-എന്തുകൊണ്ടുനീകൈ
വെടിഞ്ഞതെന്നെന്നീ- ക്ഷേവമിതാനിന്റെഏകമകൻ
തന്റെ വാവിട്ടലറുന്നനീകേൾക്കുന്നില്ലൊട്ടും- എന്തൊ

൧൦

ചണ്ഡാളദ്രോഹിചെയ്തുകൊട്ടുംപാവംകൊണ്ടല്ലൊ
നിന്റെ മകൻ-ചണ്ഡാളപാപിപെടാനുള്ളപാടെല്ലാം
ചണ്ഡാളന്മേൽ അൻപുകൊണ്ടുപെട്ടിടുന്നു- എന്തൊ

൧൧

ചങ്കുതുറന്നൊഴുകി-യതാംരക്തത്തിങ്കലെന്നെ കഴുകി
പൊൻകരംകൊണ്ടുനടത്തിപുത്തുസാലെ-മിങ്കൽചേ
ൎക്കയേശുസംകേതമെ എന്നെ- എന്തൊ

൧൨

ഉല്പഴുവിനെ ഇത്രസ്നേഹിപ്പതിനപ്പനെഎന്തുള്ളതൊൻ -
ഉല്പന്ന്യത്തിന്നടിയാനെന്തുചെയ്തുള്ളു
അപ്പാപിതാവെമഹത്വംനിനക്കെന്നും- എന്തൊ

## (൨൩) പ്രാൎത്ഥനെക്കുള്ള അപേക്ഷ

### നാഥനാമക്രിയ ആദിതാളം

### പല്ലവി

കാരുണ്യമൂൎത്തെ-വന്നരുളെണം- കാരുണ്യമൂൎത്തെ

## അനുപല്ലവി

കാരുണ്യവൃത്തമഹാ-ഭാരംചുമന്നുകൊണ്ടു-
പാരംവലഞ്ഞുമടി-യാരിൽകരളലിഞ്ഞു- കാരു

## ചരണങ്ങൾ

ദുരിതാഴിയിങ്കൽവീണു-പരിതാപമോടുഴലും- നര
സംഘങ്ങളെകണ്ടുപെരിയകരുണപൂണ്ടു- നരനായുഴി
യിൽവന്നു അരിയപങ്കപ്പാടേറ്റു- കുരിശിൽമരിച്ചു
യർത്തുപരമണ്ഡലമെഴുന്ന- കാരു

൨

ഇന്നിവിടെനിന്തിരു- സന്നിധിയിലടിയാർ ഒന്നായ
പേക്ഷിക്കുന്നതിന്നുകനിഞ്ഞുപരമണ്ഡലാധിപാ
ഞങ്ങളിന്നപേക്ഷയ്ക്കു ചെവി- തന്നുതൃക്കരങ്ങളാലിന്ന
നുഗ്രഹിപ്പാനായി- കാരു

൩

പാപികളിൽ വച്ചതി പാപികളാമടിയാർ- പാപങ്ങളു
ണെന്നുകേവലമെ-പോലെയിന്നു- താപപ്പെട്ടുകര വാൻ
കോപം കൊള്ളാതെ ഇന്നിപ്പാപികളിലയക്കാ പാവ
നാത്മാവെ വേഗം കാരു

൪

കരുണയിന്നാഴിയെറി- കുരിശിൽവച്ചങ്ങെങ്ങൾക്കായി-
തിരുകൈകാൽതടങ്ങളിൽതിരുവിലാവതിലല്ലൊ-
ഒഴിവേറുചൊരിഞ്ഞല്ലൊപരിശുദ്ധരക്തം- പാപ
കറകളെപ്പാമവയാൽ കഴുകിനിർമ്മലമാകാൻ- കാരു

൫

സത്യാനുതാപമതും-സത്യവിശ്വാസമതും- സത്യസ്നേഹ

പൃമുളളിൽ മൃത്യുവരുംവരെനി- വൎദ്ധിപ്പിച്ചോട്ടവില്ല
യത്തെഴനീല്പിച്ചവിശുദ്ധസാലെം പുരത്തിൽ
ചേൎത്തരുൾകാഞങ്ങളെ- കാരു

## (൨൯) വിശ്വാസത്തെ ഉറപ്പിപ്പാൻ അപേക്ഷ·

**കാപ്പി** **പല്ലവി** **രൂപകതാളം**

കൎത്താവെ വിശ്വസിക്കുന്നേൻ- അവിശ്വാസത്തിന്നുസ
ഹായിക്ക-

### അനുപല്ലവി

ചിത്തംതെല്ലലിഞ്ഞിത്തിരികൃപചത്തതാമെന്നു
ളളത്തിൽകാണിക്ക കൎത്താ

### ചരണങ്ങൾ.

യേശുവെ പാവനാശനാം- നസറേശനെ- കരുണാ
സനാ- നീശനാംഞാൻ പിശാചിനാലവിശ്വാസി
യായിമുഴുദോഷിയായിരിപ്പോൾ- കൎത്താ

൨

ചെററും നിൻവചനത്തിലീമഹാദുഷ്ടനാംമനപ്പ
ററില്ല- ഉററുനോക്കിനിൻശക്തിയെകണ്ടുമൊട്ടും
വിശ്വസിച്ചിട്ടില്ലയിപ്പോൾ- കൎത്താ

൩

ഭ്രാതത്താനെന്നെബോധിച്ചെന്നാലുംബോധംത
കെട്ടുതീട്ടിനാൻ-പാതകൻചതിചെയ്യുതിലറിയാതെ
ഞാനകപ്പെട്ടുപോയിപ്പോൾ- കൎത്താ

൪

തീയതാംതിന്മതീയിൽവീണെന്റെ മെയ്യെല്ലാം
വെന്തുപോയെപ്പോ- അയ്യോഎല്ലാചൊറുംവല്ലാ

യെക്രുപചെയ്യുണ്ണെനസറയ്യുന്നെ- ഇപ്പോൾ കൎത്താ

൨

കൎത്തനൊന്നൊൻവെള്ളത്തിൽവീണെന്ന്രാജ്യത്തിൽ
താണായിരറങ്ങിപ്പോയി- ശത്രുയാപത്തിൽനിന്നെന്നെ
ലുദ്ധരിക്കവേഗത്തിൽരക്ഷകൻമറഞ്ഞിച്ചായിപ്പോൾ കൎത്താ

൩

പാപത്തിൽജനിച്ചാപത്തിൽവീണ കോപത്തിൻമക
നിപ്പാവി-നായിച്ചാ ചെകിടൻ വച്ചാത്തത്തുവുള്ളോൻ
മനനോവുള്ളോൻ - ഇപ്പോൾ കൎത്താ

൪

വിഘ്നവേയും പിടിച്ചവൻ വാന്തരച്ചവൻ ദൈഞെതി
ച്ചുവൻ - എന്നെ രക്ഷാനാം നീസ്സാക്ഷിച്ചില്ലെങ്കിൽ
മരിച്ചപോകയെന്നെ നിശ്ചയം ഇപ്പോൾ- കൎത്താ

൫

നീചൻ ഞാനവിശ്വാസി ഞാൻ- അവിശ്വാസി ഞാൻ
അവിശ്വാസി ഞാൻ ദോഷിയിന്നവിശ്വാസത്തെ
നീലനാശമാക്കുകയെന്റെയുള്ളിൽ- ഇപ്പോൾ

---

## (൫൨) ക്രിസ്തുവിനെ തന്റെ സഭകണ്ടുസ്വകാ ന്തനെന്നു നിൎണ്ണയിക്കുന്നതു.

മുഖാരി — ചെമ്പട.

പല്ലവി.

ഏകാന്തനായവൻ തന്നെ ശങ്കയില്ലഹൊ നിൎണ്ണയം

അനുപല്ലവി

## ൪൮.

ചെങ്കതിരവൻ പോൽ കളങ്കമററിതാകാണുന്നു-

## ചരണങ്ങൾ.

ക്രൂശിരുളിലുദിച്ച കതിരൻ- പാപകറകൾ തീരുവാനാ
യൊഴിച്ചരുധിരൻ-അന്തപിക്കും നേരം പാവി
കൾക്കെററം മധുരൻ- പരിശയക്കനെരുത്തരം കൊ
ടുത്ത ചതുരൻ-കാണാതെപോയ്യുള്ളാടുകൾ-
തെടിനടന്ന കാലുകൾ-തന്നിലെററാണി പാടുകൾ
കണ്ടിതാ ഞാനിപ്പാടുകൾ- കൈവിലാവിലും- ഏകാ

൨

മുൾമുടിപൂണ്ടുകോലാലടികൾ- ഏററതാലിതാവെണ്മ
നെററിമെലുള്ളവടുകൾ- അളവില്ലാത്തനന്മനിമിത്തം
ലോകകുടികൾ- രക്ഷപെടുവാൻ തന്മേൽ കൊരു
ടാവാലുള്ളടികൾ-കൊണ്ടുപാടുകളുണ്ടിതാ ചാവിൻ
വിഷമുൾ കൊണ്ടുതാൻ- ചത്തുജീവിച്ചുകൊല്ലുതാൽ
ചാകാത്തമേനികണ്ടിതാ- അപ്പയൊസഖി- ഏകാ

൩

ഏകാന്തനുടെ തിരുനാമം-സുഗന്ധം തൂകന്നെകലേശുന
തൻെറനാമം- അതിനാൽ ഞാനും തിങ്കൾപൊ
ലെമേവുന്നക്ഷേമം- ഇനിക്കവൻെറ ചെങ്കൊലി
ൻകീഴിൽ പുതുനാമം-തന്നാനിനിക്കുമന്നവൻമണ്ണിൽ മന
ഖായിവന്നവൻ-വാനലൊകത്തെഴുന്നവൻ ഇനിക്കു
കാത്തുതന്നവൻ- ഇതാകാണുന്നിതാ- ഏകാ

൪

തങ്കലുള്ളനിറം ചുവപ്പും വെണ്മയും തലതങ്കം കുന്ത
ളമൊ കറുപ്പും ലക്ഷം പെരിൽ കളങ്കമററവൻെറ
മതിപ്പും തനിക്കുണ്ടിതാ- തൻകണ്ണുകൾപാലിൽ കുളിപ്പും
തണ്ണീർ തൊട്ടിലിരുപ്പുമായുള്ള പ്രാക്കളൊടൊപ്പമായ

൧൩.

ഗന്ധം കവിൾസൌരഭ്യമാം_ വസ്ത്രത്തടത്തിന്നൊപ്പമാ
യി- കാണുന്നസഖി എങ്കാ

൨

താമ്പരചെമ്പട്ടുവിൽ നിന്നു- നല്ലമൂറുത്തുകന്നു രത്നം
പതിച്ചപൊന്നിൻ മൊതിരകൈകൾ- തന്നുദരമോ
നീലരത്നം- താമഴ്ത്തിയൊപ്പം നന്നായിട്ടാനന്ദം
തന്നു- തങ്കപ്പുവടിൽ നിറുത്തിയ- പൊന്നൽത്തൂൺകാല
ങ്ങെടുത്തിയ- നേരത്തൂശൂലമെത്തിയാം ഞാൻ പിണ്ണൂ
കാൽ മൂത്തിയെസന്ദേഹമില്ല- എങ്കാ

൩

തന്റെ രൂപം ലബാനൊനെ- ദേവദാരുക്ക
ളെന്നപൊലെ ശ്രേഷ്ഠവുമാണെ_ വായൊമധുരം
എന്നവെണ്ടാതങ്കലെല്ലാമെ- ഓമനം തന്നെ- തന്നു
ടെ വാക്കിനിക്കു തേനെ- അതിൽ മൊഴിഞ്ഞപൊ
ലിതാ- കാണുന്നെനിവനെമിതാ- എന്റെപ്രിയസ്നേഹിതാ
വന്നാലും വെഗം ഞാനിതാ-സ്നേഹാൎത്തയായെ എങ്കാ

---

## (൪൩) കരുണക്കായി പാപിയുടെ ദുഃഖവിളി

ഭൈരവി സുരുട്ടി

### പല്ലവി

യേശുവേ കരുണാസനമഹാ ദോഷിഞാനല്ലൊ കൃപ
തോന്നണമെല്ലൊ-

### ചരണങ്ങൾ

നീചനാമെൻ ദുരിതങ്ങളെനോക്കണമിതാ കൂടെ
പാൎക്കണംസദാ-

പെരിയസാത്താൻ അരിശത്തോടു പെരിയമാരി
പോൽ_അസ്ത്രം ചൊരിയുന്നെന്റെമേൽ- യേശു

൨

ജഡത്തിൻ മോഹം കടുത്തവൈരി അടുത്തണ
യുന്നു- കൃപകൊടുക്കണമിന്നു- യേശു

൩

ദുഷ്ടലോകം നിന്നിൽ നിന്നെന്നെവിടുകററുന്നുകൃപ
കിട്ടണമിന്നു- യേശു

൪

ലോകം ജഡം പിശാചുവകളെ കേടുചെയ്യുന്നു
കൃപതേടുന്നേനിന്നു- യേശു

൫

കഠിനപാപചുമടുനീക്കും കരുണയുള്ളപ്പാ_കൃപ
തരണം നല്ലപ്പാ- യേശു

൬

ദുഷ്ടശീലം എന്നിൽനിന്നു ദൂരനീക്കണം- സുശീ
ലനാക്കണം- യേശു

൭

പരിശുദ്ധാത്മാവായ ദൈവം പ്രസന്നപാർക്കണം_എന്നിൽ
എന്നും പാർക്കണം- യേശു

൮

മരണം വരയും കരുണയോടു കാത്തരുളേണം
കൃപ- തന്നുപോററണം- യേശു

൯

നിന്റെരാജ്യം തന്നിലെന്നെ ഓർത്തുകൊള്ളേണം-
എന്നും ചേർത്തുകൊള്ളേണം യേശു

------)൦(------

## (൨൭) ദേവാത്മാവിനു കാത്തിരിപ്പു.

നാഥനാമക്രിയ. ആദിതാളം

### പല്ലവി.

വന്നാവാസിക്ക- ദേവാത്മാവെ നീ- വന്നാവാസിക്ക

### അനുപല്ലവി.

വന്നാവാസിക്കവേഗം നിന്നുടെ മാകൃപയാൽ
ഇന്നീയടിയാരിന്മേൽ- ഉന്നതത്തുങ്കൽനിന്നു- വന്നാ

### ചരണങ്ങൾ

കർത്താവിൻഭൃത്യർ പെന്തി- കോസ്ഥപ്പെരുനാളങ്കൽ
ഒത്തൊരുമയോടെ- പ്രാർത്ഥിച്ചിരിക്കുന്നേരം
ഏറ്റവുംശക്തിയുള്ള- കാറ്റോട്ടംപോലവർമേൽ
ഊർത്തിയാവസിച്ചപോ- ലിദ്ദാസരിലുമിന്നു- വന്നാ

൨

കർത്താവരുളിച്ചെയ്ത- വാർത്തകളെല്ലാമവർ
ഉൾക്കാമ്പിങ്കലോർമ്മവ- രുത്തികൊടുത്തുനല്ല-
ശക്തിയോടേശുവെപ്ര- സിദ്ധപ്പെടുത്തിപ്പാനായി-
ത്താഗ്നിനാവായവർമേലന്നു വന്നപോലിന്നു- വന്നാ

൩

ആനാളിൽ മൂവായിര- മാത്മാക്കളിന്മേൽശക്തി
ഒന്നായിജ്വലിപ്പിച്ചേശു- തൻനാമത്തുങ്കൽചേർത്തു
പിന്നെയങ്ങയ്യായിര- മതിന്മേലുമൊരുനാളിൽ
ഒന്നായിപ്രകാശിച്ചപോ- ലിന്നീയടിയാർമേലും വന്നാ

## (൨൭) മരണത്തെകുറിച്ചുള്ള ഗുണദോഷം

### പല്ലവി

മൃത്യുവന്നണയും നിനക്കു-നിൻവീട്ടുകാര്യം ക്രിത്യമായൊരു
ക്കുകവേഗം

### അനുപല്ലവി

മൃത്യുവന്നണയുമല്ലൊ കത്തനറയിൽനിന്നുമൺ
കട്ടയാം ശരീരമിതാ വെട്ടുവാൻ വാളൂരീടുന്നു- മൃ

### ചരണങ്ങൾ

ഉന്നതദേവവചനമാമിതുനിനക്കു-ഇന്നറിയിച്ചീടുന്നല്ലൊ
നീ- മന്നർമന്നനാം മശിഹാസന്നിധിയിൽ നിൻമരണം
വന്നപിൻനില്ലേണ്ടതെന്നു ഉന്നിയുണർന്നീഴുന്നേല്ക്ക മൃ

൨

വെട്ടുവാൻവാൾമിനുക്കുന്നല്ലൊ- നിൻ കണ്ഠമതിൽ
തിട്ടമായിവന്നുവീണീടുമെ-
എത്രയുംനിൻനല്ലമേനി-യത്രയും വേഗംപുഴുത്തു
കഷ്ടമഴിയുന്നതിന്നടുത്തിരിക്കുന്നല്ലൊകാലം- മൃ

൩

മെത്തയിൽകിടന്നനിൻദേഹം- അല്ലൊനാളെ
വെട്ടിയോർകുഴിയിൽകിടക്കും-
ചത്തനിൻമേനിയെത്തിന്നു തൃപ്തിവരുന്നതിന്നായി
കാത്തിരിക്കുന്നെ പുഴുക്കൾ ഉററുചിന്തചെയ്ക മൂഢാ- മൃ

൪

പുത്രകളത്രങ്ങളും നിൻറെ-മിത്രവർഗ്ഗവും
ചുററിനിന്നുകണ്ണീർതൂകവെ-
കെട്ടിവലിച്ചീടും ഖഫം- വട്ടമായുരുട്ടുംകണ്ണും
പിട്ടകന്നുനിന്നിൽനിന്നു- തിട്ടമായിപോയിടുംജീവൻ -മൃ

## (൨൯) ഗുണപ്പെടുവാൻ താമസം അരുതെന്നു-

ദ്വിജാവന്തി. പല്ലവി സുരുട്ടി.

നാളുകൾ പോയിടുന്നു സഹോദരാ- നാളുകൾ പോയിടുന്നു

### അനുപല്ലവി

നാളുകൾ നാലുവിരൽ നീളമേയുള്ളതിനാൽ
ചേലൊടുനീയിതു ചിന്തിച്ചുണർന്നുകൊൾക നാളു

### ചരണങ്ങൾ

പൂവും പിഞ്ചും വിളഞ്ഞും പഴുത്തുമൊരു
മാവിൽനിന്നു വീഴുമ്പോൾ-
ചാവാൽ പിടിപെടുന്നിൻ ചുററിലുള്ള അനേകർ
ഭൂവിൽനിന്നെടുക്കപ്പെട്ടിടുന്നില്ലയോ നിൻെറ- നാളു

൨

തന്തതള്ള പോയില്ലയോ- സഹോദരാ
എന്തിങ്ങനെയിരിക്കുന്നു-
ഹന്തയെനോക്കുമായിനിൻെറ ഭവനമതിൽ
ചന്തമോടിരുന്നീടാമെന്നോ നിനയ്ക്കുന്നു നിൻ- നാളു

൩

ഇന്നും ദൈവം കനിഞ്ഞല്ലോ- ജീവനോടുനിന്നെ
വച്ചിരിക്കുന്നഹൊ-
ഉന്നതൻ കനിവെവെടിഞ്ഞുനടന്നാൽ ചാവു
ഒന്നും ഒരുങ്ങാനേരം നിന്നെയെടുത്തീടും നിൻ- നാളു

൪

യേശു കുരിശിൽ നിനക്കായി സഹോദരാ
ഏറിമരിച്ചതോർക്ക-
ലേശവും താമസിയാതേശു പിൻപാദത്തെ നീ

അദ്ധ്വേഷംചെയ്യുവനിൽവിശ്വസിച്ചാശ്വസിക്ക- നാള

൫

ഇഷ്ടകാലമിതല്ലയോസഹോദരാ
കഷ്ടകാലംപിൻവരുന്നു-
ഇഷ്ടകാലത്തിൽഉണർന്നീടാഞ്ഞിൽ നരകാ
തിഷ്ടതയിൽവീണല്ലോകഷ്ടമുഴന്നീടും നിൻ- നാള

## (൩൦) അനുതാപത്തിനുള്ള ബുദ്ധിയുപദേശം

### പല്ലവി

വരുന്നനാശമല്ലോസോദോമ്മിന്മേൽ
വരുന്നനാശമല്ലോ-

### അനുപല്ലവി

വരുന്നനാശംതിരിഞ്ഞുനോക്കാതറിഞ്ഞുനീയോനെ
പിരങ്ങോട്ടുകനീ- വരു

### ചരണങ്ങൾ

അഗ്നിമഴവരുന്നല്ലോ-ഭാര്യമക്കളുംനീയും വെന്തീടും
വെക്കംനീയോടാതെനിന്നാൽ- നിത്യ
അഗ്നിക്കിരയാകുമല്ലോ- വരു

൨

നാളെയെന്നുനീചൊല്ലാതെ-അരനാഴികപോലുംനില്ലാതെ
പാഴ്വാക്കുചൊല്ലിക്കാലം അല്ലോ
പാഴിൽ കളഞ്ഞീടാതല്ലോ- വരു

൩

സോദോംകുടികളിൽപാർക്കും- അതിപാതകന്റെ
ചതിവാക്കാം- കാതതിന്നുകൊടുക്കാതെ-അഗ്നി

ബാധയിൽവെന്തഴിയാതെ- വരു

൪

അയ്യോമഹാപാപിനിന്മേൽ- നസറയ്യൻവച്ചിട്ടുള്ളൊരൻപ്
അയ്യോവെറുതല്ലനോക്കാ ഇതു
പൊയ്യെങ്കിൽക്രൂശിന്മേൽ നോക്ക- വരു

൫

ക്രൂശിൽകിടപ്പതാരയ്യോ-പരമേശസുതനാകുന്നയ്യോ
നീചപാപിനിനക്കല്ലൊ- ആ
കാശഭ്രമമദ്ധ്യെ തൂങ്ങുന്നു- വരു

൬

ഉള്ളമതുപൊങ്ങുന്നില്ലെ-നിന്റെ വല്ലഭൻവേദനകണ്ടും
വെള്ളമൊഴുകുംപോലല്ലെ-ചോര
യെല്ലാമൊഴുകുന്നിതയ്യോ- വരു

൭

പാപിതിരുമുഖം കാൺക-അതിപാപിശിരസ്സതുംകാൺക
പാപിയവൻ പുറംകാൺക- ക്രൂശിൽ
പാപിവിരിച്ചകൈകാൺക - വരു

൮

പാപിതുളച്ചകാൽകാൺക-തുറന്നൊരുവിലാവിനെകാൺക
പാപിതിരുമേനികാൺക- അതി
പാപിയൊടുംചോരകാൺക- വരു

൯

പാപിതിരുസ്വരംകേൾക്ക-അവൻജീവൻവിടുവതുംകാൺക
പാപികോപാഗ്നിയെകാൺക-തന്മേൽ
പാപികത്തുന്നതുകാൺക- വരു

൰

സോദോമിലെ നിന്റെപാപം-കൊണ്ടുപാതകാനിൻ
ജീവനാഥൻ-വേദനയോടുക്രൂശിന്മേൽ ംരം
പാടുകൾപെട്ടിടുന്നയ്യോ- വരു

൧൧

കന്ന്യനാകുമിവൻവാക്കു-പഴുതററതെന്നുള്ളിലങ്ങൊക്ക
പുത്രജീവന്നായിട്ടോടെ-ന്നിതാ
എത്രയൻപോട്ടരയ്ക്കുന്നു- വരു

൧൨

കണ്ണീർതൂകിയുരയ്ക്കുന്നു അവൻ നിന്നെകണ്ടുള്ളുരുകുന്നു-
പൊന്നെകണ്ണുപായെന്നല്ലൊ- ഇതാ
നിന്നെവിളിക്കുന്നിതല്ലൊ- ഫരു

## (൩൧) ക്രിസ്തുവിന്റെ വരവിനു ആശിക്കുന്നതു

### പല്ലവി

എന്നു ഞാൻ കണ്ടുകൊണ്ടീടും-
എന്നൊരുവേലെ- എന്നു ഞാൻ
എൻ യേശുവിനെ- എന്നു ഞാൻ
എൻ രക്ഷകനെ- എന്നു ഞാൻ
( കണ്ടുകൊണ്ടീടും

### ചരണങ്ങൾ

ഇന്നും ഞാൻ ഊഴിയിൽ കിടന്നുവലയുന്നല്ലൊ-
നിന്നെ കാത്തിരുന്നെന്റെ കണ്ണുകൾമങ്ങീടുന്നു- എന്നു

൨

പാപത്തിൽകിടന്നു ഞാൻ താപപ്പെട്ടുഴലുമ്പോൾ
ആപത്തൊഴിച്ചോരെന്റെ ആത്മമണവാളനെ- എന്നു

൩

തെററിയ ആടാമെന്നെതേടീടുവാനായിക്കൈ

കുററവന്മരിച്ചുയൎത്തുവാനിൽപോയോനെ- എന്നു

൪

വാനിൽപിതാവിന്റെ വലഭാഗത്തിരുന്നു ംരം
ഹീനനാമിനിക്കായിക്കേണപേക്ഷിക്കുന്നോനെ- എന്നു

൫

ഉന്നതമാമശിംറായെ എന്നുനീവന്നീടുമൊ
നിന്നെ കാണ്മതിന്നെന്റെ കണ്ണുകൾകൊതിക്കുന്നു- എന്നു

൬

വേഗംവരുമെന്നുനിലേഖനം തന്നില്ലയൊ
കാഹളംകേൾപ്പതിനായ്ക്കാതുകൾകൊതിക്കുന്നു- എന്നു

൭

കൎത്താവെ വരേണമെ- ഭൎത്താവെ വരേണമെ-
കാത്തിരുന്നീടുന്നു ഞാൻ കാവല്ക്കാരൻ പോലല്ലൊ- എന്നു

---

(൩൧) ഖണ്ഡങ്ങൾ

൧

തള്ളിക്കളഞ്ഞീടല്ലെ- തള്ളയാമേശുദേവാ-
തള്ളിയാലെതിടംപോം ചെള്ളാമീമാപാപി-

൨

തള്ളുവാൻ തന്നെയോതീ-തന്നിൽ വെറുത്തുകൊണ്ടിരുന്ന
കൊള്ളിയാമെന്നെവീണ്ടുകൊണ്ടോരെൻ മാനുവേലെ-

൩

ചെങ്കടലിൽതാഴാതെ- തങ്കകരം തന്നിലേന്തി
പങ്കിയായെന്നെവീണ്ട- എൻകണവാതള്ളീടല്ലെ-

൪

ആറുതലിന്നാത്മാവിൻ ക്രൂരുള്ളവരകളെല്ലാം-
മാറാതതിക്രമിച്ചേ- പാരമീമാപാപി-

൫

പൊന്നാംനിൻ നന്മകളെ- നിന്നിൽനിന്നിടവിടാതെ
നന്നായിലഭിച്ചുകൊണ്ടുനന്ദികെട്ടദ്രോഹിയായെ-

൬

പോകയെന്നുനീയുരയ്ക്കിൽ- പോക യില്ലായെന്നുചൊല്ലാൻ-
ന്യായമേതുമില്ലിനിക്കു- നായകനെകൈവിടല്ലേ-

൭

മനസ്സാന്തരപ്പെടുവാൻമനമേകലെനീയിനിക്കു
ഏനമതുംകാലവുംനീപ്രാണനാഥാതന്നിനിക്കു-

൮

കർത്തനെകയർതലയിൽ- ചുററിയിതാവന്നീടുന്നേൻ
ചിത്തമിതാവെന്തീടുന്നേൻ-പൊററവാനീ കാൺകാ

൯

പൊന്നപ്പാനിൻപാദം- തന്നിലിതാവീണീടുന്നേൻ-
കൊന്നാലുംനിൻ ഇഷ്ടം പൊന്നിഷ്ടമാമിനിക്കു

൰

അററമില്ലാകുററംചെയ്യുന്ന ആണ്ടവനെ കൈവിടല്ലേ
കുററക്കാരനെങ്കിലുമെൻ പെററതള്ളനീയല്ലയോ-

## (൩൨) ഉത്സാഹസങ്കീർത്തനം

സൌരാഷ്ട്രം ത്രിപുട

പല്ലവി

അഖിലേശനെന്റെനാഥനതിനാൽ ഞാൻ
സമ്പൂർണ്ണവാൻ -

## അനുപല്ലവി

നാഥനെന്നെപ്പോഷിപ്പിച്ചു അമലനാശ്വാസം നല്കും -

## ചരണങ്ങൾ

നിത്യനെന്റെ ആത്മാവെ - നീതികേടുകൾനിന്നു
നിർവ്യാജം തിരുപ്പിച്ചു - നിജനാമം നിമിത്തം
നീതിവഴിയിലെന്നെ - നീയതാനടത്തിക്കുന്നു -
നിഗമകീർത്തിതതത്വ - നീതികരുണാലയ - നാ

൨

മരണമാലിന്യത്താൽ ഞാൻ - മിളിതനായിരുന്നാലും
മഹസ്സാനായകൻതന്റെ - മഹിതസഹായത്താലെ -
മനസ്സിൽനിർഭയത്തോടു - മുദിതനായിനടക്കുന്നു
മനുവേൽതന്റെകൈക്കോല്‍ - മനശമെന്നെനടത്തും - അ

൩

അരികൾകാൺകവെയെന്നെ - അപ്പനനുഗ്രഹിക്കുന്നു
അപ്പത്തുസമമാം - മന്നാ മനുദിനവും നൽകുന്നു -
അനഘവരെണ്ണകൊണ്ടെന്നെ - അഭിഷേചനം ചെയ്യുന്നു
അധികമെന്റെ സമ്പത്തും - അധിരേതം വർദ്ധിക്കുന്നു -

൪

കല്യാണഗുണാംഗിയാം - കൈവല്യനിലയെന്റെ
കരുണനന്മകളെന്നെ കനിവാൽപിന്തുടരുന്നു -
കാലാന്തരങ്ങൾ ഞാൻ - കാരുണ്യനിലയെന്റെ
കൈവല്യപാദങ്ങൾ കേവലാനന്ദം ചേരും നാ

## (൩൯) വിശ്വാസി കൎത്താവു തന്റെ ഹൃദയത്തിൽവരുവാൻ വാഞ്ഛിക്കുന്നതു.

### പല്ലവി.

നേരമാകുംമുന്നെന്നിൽ വരികവരിക എൻപ്രിയാ
വന്നെൻ ദുരിതം മാറ്റുക നാഥനെ.

### ചരണങ്ങൾ.

പാരിടത്തിൽ മാനുഷ്യാവതാരംചെയ്തോരേശുവെ ഞാൻ
പാരംപരിശ്രമപ്പെടുന്നെൻ- എൻനാഥനെ- നേരമാകു

൨

അന്തികെവേഗംവന്നയെൻവെന്തുരുകുംമനമാംബെ
ബന്ധുവെതണുപ്പിച്ചീടുക-എൻനാഥനെ- നേരമാകു

൩

ലോകചിന്തയാലെൻമനമാകെയുഴലായീടുന്നു
മരുവേലെവേഗംവരിക-എൻനാഥനെ- നേരമാകു

൪

കാന്താവന്നീടുകമനക്കാടുകൾവെട്ടിയകറ്റി
ചന്തമൊടെന്നിൽവസിക്കുക-എൻനാഥനെ- നേരമാകു

൫

സിംഹാദികളാംമൃഗസത്വങ്ങളെൻറഹൃദയെ-
സഞ്ചരിച്ചെന്നെയാട്ടുകുന്നു-എൻനാഥനെ- നേരമാകു

൬

സിംഹംപോലലറിയെന്നെസംഹരിപ്പതിന്നുപിശാ-
ചുന്നിയോടിവരുന്നുള്ളൊ-എൻനാഥനെ- നേരമാകു

൭

ചങ്ങലചെള്ളാരെന്നെനിൻെറചിത്തത്തിലോർത്താലറെക്കും
കർത്താവെകൈവിടരുതയ്യൊ-എൻനാഥനെ- നേരമാക

൮

നീയെന്നെവിട്ടാൽപിശാചുപായയാലെടുത്തുനരക
ത്തീയിനിരയാക്കീടുമയ്യൊ-എൻനാഥനെ- നേരമാക

൯

നീതിയിൻസൂര്യനെയെന്നെനീതിയുള്ളാത്മാക്കൾ-
മോദമോടെപ്രശംവാഴ്ക-എൻനാഥനെ- നേരമാക

൧൦

നിന്നെവിട്ടെവിടെപ്പോയീടുന്നുഞാനിനിക്കായിരക്ഷം-
ചിന്നിമതിച്ചോരെൻഭർത്താവെ-എൻനാഥനെ- നേരമാക

൧൧

നിന്നെഞാൻവിട്ടീടുമൊനീയെന്നെയനുഗ്രഹിച്ചല്ലാ-
തെങ്ങും പോയീടരുതയ്യൊ-എൻനാഥനെ- നേരമാക

—(o)—

(൩൬) ദുഃഖസമയത്തേക്കുള്ള പാട്ടു.

പല്ലവി.

മനമേൽ മന്നവനേ-പരനേ
മനംപൊള്ളുന്നവനേ

---

അനുപല്ലവി

## ൫൯

മനുവേലെനിൻ മനമലിഞ്ഞരികിൽ-വരികവൈകാതെ-
പരനേ-മനുവേൽമന്നവനെ

## ചരണങ്ങൾ

കരുണയിന്നുടയോനെ-എന്നതി-ദുരിതം കാണണമെ.
പരവശനായീടുന്നല്ലൊ എൻ-പാതകമതിനാലെ- പര

൨

അപ്പനുമമ്മയുമായിനിക്കു-എപ്പൊഴുതും നീയെ
ഉൾപരിതാപം കണ്ടു കനിഞ്ഞീ-അല്പനു തുണചെയ്ക പര

൩

പെരുമഴപോലഗ്നിയസ്ത്രം-നരരിപുവാം സാത്താൻ
തെരുതെരെ എയ്യുന്നല്ലൊ എന്നിൽ-കരുതലിത്തീടണമെ-
പര

൪

ശരണം നീയല്ലാതടിയനു-ഒരുവനുമില്ലല്ലൊ
മരണം വരെയും അരികിലിരുന്നു പരിപാലിക്കണമെ- പര

൫

നിന്നെ വിട്ടിട്ടടിയൻ എങ്ങുപോയീടും
കണ്മണിപോൽ നിന്നെ ഞാൻ നോക്കുമെന്നരുളിയോനെ
പര

൬

അരികിൽ വരായ്ക്കിൽ നീ-യെന്റെ മരണം വന്നീടും.
കരുണാവാരിധിയെ എന്നെ കരത്തിലണച്ചിടുക- പര

## (൨൩) പരീക്ഷസമയത്തുള്ള അപേക്ഷ

### പല്ലവി

കഴലിണ കൈതൊഴുന്നിതാ-കാരുണ്യമൂർത്തെ
കഴലിണകൈതൊഴുന്നിതാ-

### അനുപല്ലവി

തഴുകിപ്പനൊ കരങ്ങളാൽ താഴലൊഴിക്കുക
പരാപരാ- കഴ

### ചരണങ്ങൾ

പെരുന്നിതാ ഭൂതങ്ങടെക്രൂരം അസ്സൂറിയരിൻ
പെരിൻപടകൾപോൽ ഞങ്ങടെക്രൂരരും ദേശത്തിങ്കല
ങ്ങെരുശലെം പട്ടണം ചുററിയും കൊണ്ടുയുദ്ധത്തി
ന്നൊരുങ്ങിയപോലെയങ്ങടെക്രൂരും കോപത്തോടെന്നിൽ
ശരങ്ങൾ മഴനികൾ പൊഴിഞ്ഞിതാ-അണഞ്ഞു
അരികതിൽ പെരുന്നിതാ-കരഞ്ഞു അടിയനഴൽ
കലർന്നിതാ വരുന്നവരമേശുകനിഞ്ഞുതാ- കഴ

൨

ഉന്നതനാമെശു ദേവനെ- ഭൂതലത്തിങ്കൽ
വന്നുപിറന്നു പിശാചിനെ മുററും ജയിച്ചു
വന്നടെതലചതച്ചോനെ- അവൻെറ പോരിൽ
നിന്നുവീണുകൊണ്ടങ്ങവനെജയിപ്പാനെന്നിൽ
കനിഞ്ഞുകരളലിഞ്ഞിടേണമെ- അണഞ്ഞുഅരികതിൽ
പരണമെ-ഉലിഞ്ഞമനമേശു തൊടേണമെ
പിരഞ്ഞുവരമേശുതരേണമെ കഴ

൩

സത്യമാം അരക്കെട്ടും തന്നെ നൽ നീതികര
ണത്തിൻമാർക്കവചവുംതന്നെ- സുവിശേഷയ
ത്നത്തിന്നുടെ ചെരിപ്പും തന്നെ- എല്ലാററിൻ മീതെ
സത്യവിശ്വാസഖേടം തന്നെ ധരിപ്പിച്ചെന്നിൽ-
സുരക്ഷയാകും ശിരസ്ത്രവും ശിരസ്സിൽ വെക്കുകകരത്തി
ലും വിശുദ്ധവാക്കാം സുരസ്ത്രവും- വിശുദ്ധനെ
തന്നടത്തുവാൻനിൻ- കഴ

൪

പാർത്ഥിവെന്ദ്രാസമിപെനിന്ന പിശാചിന്നുടെ
ക്രൂത്തതാംശരങ്ങളിൽനിന്ന സദാനീയെന്നെ
കാത്തുസർവ്വായുധങ്ങളിന്ന-ധരിപ്പിച്ചുണ്ടായി-
പാർത്തുകണ്മണിപൊലെയിന്ന- സൂക്ഷിച്ചെന്നെനീ
തടുത്തുശരമഴകെടുത്തുവാൻ-കടുത്തരിപുബലമൊടു
ക്കുവാൻ-കനത്തദുരിതമതകററുവാൻ
മഹത്വനഗരിയിൽകടത്തുവാൻ- കഴ

———)✣(○)✣(———

## (൩൭) ക്രിസ്തുവിൻെററരക്ഷപ്രവൃത്തി

### പല്ലവി

നീതിസൂര്യനായയേശുനാഥനെ പോററി-

### അനുപല്ലവി

നീതിയററപാതകരിൽ പ്രീതിപൂണ്ടനൽ നീതി
തെടിയ നീതിസൂര്യനാ

### ചരണങ്ങൾ

ആദിസർപ്പത്തിൻ തലയാകെ ചതച്ചതിന്നു
ഭൂതലെവന്നുദിച്ചോരു- യൂദകുലസിംഹേന്ദ്രനായ
യേശുവെ നിന്റെ- പാദാരവിന്ദമെ ഈപ്പാത
കനുശരണം- നീതിസൂ

൨

മർത്ത്യർചെയ്തകടങ്ങൾ മുററുമൊഴിപ്പാനുള്ള
വററാകരുണപൂണ്ടവൻ-കുററവാളിപോൽ ശാപപ്പെട്ടു
കുരിശിൽ തൂങ്ങപ്പെട്ടവനെ മരണകഷ്ടങ്ങൾ
സഹിച്ചോനെ നീതിസൂ

൩

മരണം വെന്നുയിർത്തോനെ നരരെവീണ്ടെടു
ത്തോനെ പരനിൻ വലസിംഹാസനെ
ഇരുന്നപാപികൾക്കുപക്ഷം പറഞ്ഞ പവാദങ്ങളെ
പറഞ്ഞിടുന്നവനെ ക്രൂരിരുളിൽ തള്ളീടുന്നോനെ-നീതിസൂ

൪

പരിശുദ്ധയെരുശലെമിൽ പരിശുദ്ധാസനങ്ങളിൽ-
പരിശുദ്ധന്മാരൊടു കൂടെ- ഇരുന്നിരുളിൻ ജനത്തെ
ഭരണം ചെയ്യുതിന്നുതൻ പരിശുദ്ധക്കധികാരം
പരിശൊടരുളീടുന്നു- നീതിസൂ

(൩൨) പാപനിദ്രയിൽനിന്നുള്ള ഉണർവ്വിനെ പററി

മോഹനം

പല്ലവി

നിദ്രയിൽ നിന്നെഴുന്നേല്ക്കാ സഹോദരാ നിദ്രയിൽ
നിന്നെഴുന്നേല്ക്കാ

## അനുപല്ലവി

നിദ്രയിൽനിന്നെഴുന്നെല്ക്ക - എത്രനെരമുറങ്ങും നീ
ഭദ്രമല്ലിനിയുറക്കം എത്രയും വെഗമുണരു- നിദ്ര

൧

അക്കനുദിച്ചുയൎന്നീടുന്നു - അതിൻ പ്രകാശം
തൽക്കതകിൽവന്നു വീഴുന്നു - പൊക്കമുള്ളവൃക്ഷമതിന്മെൽ
ഇരുന്നുപക്ഷി-പങ്ക്തിമാകവെപാടീടുന്നു
പുഷ്കരജാലങ്ങളെല്ലാം ഭാസ്കരൻ തന്നെ നൊക്കുന്നു-
വെക്കമുണൎന്നെഴുന്നെററു സ്വൎഗ്ഗനാഥനെ സ്തുതിക്ക- നിദ്ര

൨

മന്ദവായുനന്നായ്വീശുന്നു- പുരക്കകത്തു
വന്നുകേറിനോക്കിയൂതുന്നു-പിന്നെയുമുറങ്ങീടുന്നു നീ
മടിയനായിട്ടൊന്നു മറിയാത്തവനെപ്പോൽ
ഉന്നവരെയുറക്കത്തിൽ നിന്നെയാർ കാത്തതെന്നോൎത്ത
നന്ദിയൊടുമഹൊന്നതനന്ദനനെസ്തുതിക്കനീ നിദ്ര

൩

മുന്നമൊരൊദൈവഭക്തന്മാർ- അതികാലമു
ണൎന്നെഴുന്നെററുപരമനെ-
നന്ദിയായസ്തുതിച്ചിരിക്കുന്നു- ചരിതമിന്നുണൎന്നെഴുന്നുചി
ന്തചെയ്കനീ- ഇന്നുതുനിനക്കു ലാഭമെന്നുണൎന്നുകന്നിമരി-
നന്ദനനാം മെശിഹായെ നന്ദിയൊടു സ്തുതിക്കനീ- നിദ്ര

൪

നിന്നുടെ മാതാവിൻ ഗൎഭത്തിൽ കരുവുമുതൽ
നിന്നെയതിവിസ്മയമതായി- ഒന്നുമൊരുഛേതംകൂടാതെ
കരുണയൊടു ഇന്നുവരയിലും സൂക്ഷിച്ചു-
അന്നപാനവസനങ്ങൾ തന്നുരക്ഷിച്ചിട്ടുള്ളൊരു-
മന്നവനെമനതാരിൽ ഉന്നിനിത്യം സ്തുതിചെയ്ക- നിദ്ര

൫

പാപനിദ്രയിങ്കൽനിന്നു നീ ഉടനുണരുക.
ശാപമുദ്രനീക്കികൊള്ളുക_ പാപബോധമേററമേററമായി
വിചാരിച്ചുനു- താപമൊടെവാഴ്ക നിത്യവും
കോപതനയനാം നിന്റെ പാപശാപമൊഴിച്ചൊരു
പാപഹരനായമർത്ത്യതാപഹരനെ സ്തുതിക്ക   നിദ്ര

## (൩൯)   ൧൧൯ാം സങ്കീർത്തനം

കാമോദരി.   ഖണ്ഡങ്ങൾ   ആലഫ ൧— ൮-

പരമോന്നതനുടെപരിശുദ്ധവേദപ്ര-മാണമതിൻ
പ്രകാരംതന്നെ-പരിശീൽനടക്കുന്നപരമാത്ഥമാർഗ്ഗക്കാർ
പരധന്യരാകുന്നു.

൨

ആയവന്റെ ഉ ലൃതാകുന്നസാക്ഷ്യങ്ങളാകവെ
കൈക്കൊണ്ടഹൊ-നന്നായവനെത്തേടുന്നാ
യവരുമഹാഭാഗ്യവാന്മാരാകുന്നു.

൩

അന്യായമേതുംപ്രവൃത്തിക്കുന്നില്ലവർ-പൊയ്യല്ല
നിർണ്ണയം-നടക്കുന്നായവരായവന്റെവിശേഷമാ
കുന്നവഴികളൂടെ.

൪

നിന്നുടെകല്പനയാകവെയുറച്ചുകാക്കുന്നതിന്നായി
ഞ്ഞീപര-മോന്നതനാംയഹോവായെകല്പിച്ചിരി
ക്കുന്നുകനിവൊടഹൊ.

൫

വാനവരാധിപഹാനിൻപ്രമാണങ്ങൾ-ആനന്ദമൊടൊട്ടു

ട്ടുക്കുടെ-പ്രമാണിപ്പതിനെൻവഴികൾസ്ഥിരപ്പെട്ടുമാ
റാകദേവദേവാ-

൬

നിൻ്റെയെല്ലാതിരുകല്പനകളെ ഇന്നാദരിച്ചീടു
മ്പോൾ-ഞാൻഒന്നുമവയെക്കുറിച്ചുലജ്ജിക്കയില്ലെന്നും
പരാപരനെ.

൭

നിൻ്റെനീതിയായുള്ളന്യായങ്ങളെ-ഉന്നതദേവ
ദേവാ-ഞാൻഎന്നിൽപഠിച്ചിരിക്കുമ്പോൾസ്തവം
ചെയ്യും എന്മനനേരൊടഹൊ-

൮

നിൻ്റെതങ്കപ്രമാണങ്ങളെയെല്ലാംഎന്നുംആ
ചരിക്കുമെ-ഞാൻ-എന്നെനീഎന്നുംപരിത്യജി
ക്കല്ലെയത്യുന്നതദേവദേവാ-

—○—

(൨൦) ഫഫൻ്റാം സങ്കീൎത്തനം

ഖണ്ഡങ്ങൾ ബേത ൻ— ഫന്ന-

ഏതുകൊണ്ടൊരുബാലകൻതൻ- പാദയെ-
ശുദ്ധീകരിച്ചീടുന്നനിൻ്റെ വേദവചനത്തിനൊ
ത്തപോലെതന്നെ കാത്തുകൊണ്ടാലല്ലൊ-

൰

നിന്നെഞാൻ തേടീടുന്ന ഉന്നതനെപൂൎണ്ണഹൃദ
യത്താൽ- ഞാൻതെന്നുതെനിൻ്റെ ഉന്ന
തമാം കല്പനയെവിട്ടു-

൪൪.

൧

നാഥാവിരോധമായി- പാതകം ചെയ്യാതിരി
പ്പാനെന്നും നിന്റെ മോദവചനമെന്നുള്ളിൽ
സാദരം വച്ചുകൊണ്ടിരിക്കുന്നു-

൨

കർത്തനെയഹോവായെനീ- എത്രയും വാഴ്ത്തപ്പെ
ട്ടോനാകുന്നു- നിന്റെസത്യപ്രമാണങ്ങളെയു
ള്ളത്തിലുപദേശിക്കുകയിന്നു-

൩

നിന്റെ തിരുവായൊഴിഞ്ഞു- ചന്തമാകും ന്യാ
യങ്ങളെയെല്ലാംനന്നായെന്റെ അധരങ്ങളിനാൽ
ഓരോന്നുംവർണ്ണിച്ചീടുന്നഹോനാഥാ-

൪

നിന്നുടയസാക്ഷ്യങ്ങളിൻ- ഉന്നതമാംപാദകളിൽ
തന്നെ- എല്ലാം എന്നുടയസമ്പത്തുകളിലെന്ന
പോലാനന്ദിക്കുന്നേൻ മന്നാ-

൫

നിന്റെതിരുകല്പനകൾ- സന്തതമെന്നുള്ളമതിൽ
ധ്യാനംചെയ്തുകൊണ്ടുനിന്റെവഴികളിൽ ശ്ര
ദ്ധാന്തിപ്പെടുത്തുന്നുണ്ടു യഹോവായെ-

൬

നിന്നുടയതങ്കപ്രമാണങ്ങളിലാനന്ദംകൊണ്ടിന്നു-
ഞാൻ- നിന്നുടയതിരുവചനമെന്നുമടിയാൻ
മറക്കയില്ല-

—○—

## (൪൧) ൧൧൯ാം സങ്കീർത്തനം

നാഗവരാളി

ഖണ്ഡങ്ങൾ ഗീമൽ ൧൭— ൨൪—

൧

കർത്തനെ നിന്നടിയാനു ജീവനെ സമ്മാനിക്ക- നിന്റെ
ഭൃത്യനെന്നാൽ തിരുവാക്കുകളെ എന്നും കാക്കുമെ-

൨

നിന്നുടെ വേദത്തിൽനിന്നു നന്നതാതിശയങ്ങളെ- കാ
ണുന്നതിനെന്നുടെ കണ്ണുകളിന്നു തുറക്കേണെ-

൩

ഈശനെ ഞാൻ പരദേശിയാകുന്നു ഊഴിയിങ്കൽ- ഈ
ദാസനിൽനിന്നൊളിച്ചിടരുതരുളപ്പാടുകൾ-

൪

എന്നാത്മാവെപ്പോഴും നിന്ന്യായങ്ങളെക്കുറിച്ചു- ധ്യാ
ഞ്ചിച്ചു- നന്നായിട്ടാഗ്രഹിച്ചീടുന്നു എന്റെ മനം ധ്യാ-

൫

നിന്നരുളപ്പാടെവിട്ടു തെറ്റും അഹങ്കാരികളെ- നി
ഉന്നതാ ശാപപ്പെട്ടോരെന്നു ശാസിച്ചീടുന്നഹോ-

൬

നീ പരിഹാസമെന്നിൽനിന്നകറ്റീടണമെ- ഞാനെന്തെ
ന്നാൽ കൈക്കൊണ്ടിരിക്കുന്നു ഞാൻ നിന്റെ സാക്ഷ്യങ്ങളെ-

൭

ഇനിക്കു വിരോധമിരുന്നരുളുന്നു പ്രഭുക്കന്മാർ- അടി
യാനു നിന്റെ പ്രമാണങ്ങളിങ്കൽ ധ്യാനമിരിക്കുന്നു-

൭

നിന്റെസാക്ഷ്യങ്ങളെന്നാനന്ദവുമാലോചന- പറ
യുന്നവരുമാകുന്ന ഉന്നതനാം കരുണാസനാ-

---

(൮൨) അത്യുത്തമഗീതാ

## ഖണ്ഡങ്ങൾ

൧

ഹിമസമയംപോയിതാ ശമനമായിമഴയിതാ
ഭൂമിമേൽപുഷ്പങ്ങൾകാണുന്നതിരു
പണിയെന്നോടെഴുന്നവായെ- വേഗംനടന്നവായെ-

൨

പറവകൾപാടുന്ന കാട്ടുപ്രാക്കൾകുറുകുന്നു-
തരുന്നിളംകായികളെഅത്തിയേയും- അതി

൩

മുന്തിരികൊടിയിലെ ചന്തമാം ഇളംകുല
അന്തികെ സുഗന്ധം തൂകുന്നു- അതി

൪

പാറയിൻവിടവിലുംകോണിയിൻമറവിലും
[illegible]ണുകൊണ്ടിരുക്കുന്നോരെൻപ്രാവെ- അതി

൫

നിൻവദനംകാട്ടുക നിൻസ്വരംകേൾപ്പിക്കുക-
നിൻസ്വരമിൻപമുള്ളതല്ലൊ- അതി

൬

എൻപ്രിയെനിൻമുഖംചന്തമായിട്ടുള്ളത-
എൻസുന്ദരിയെ എഴുന്നവാ- അതി

ന്നൻ.

---

(൪൩) ൭ാം സങ്കീർത്തനം

കാമോദരി

പരമദൈവമെനിന്നിൽപരമാശ്രയിക്കുന്നേൻ
പാരമുപദ്രവിച്ചീടുന്ന-
പരജനങ്ങളിൽനിന്ന തിരുനാമംകനിഞ്ഞെന്നെ
പാരംപരിപാലിക്ക-

൨

വിടുവിച്ചീടുവാനാരുമുടനില്ലാത്തനേരത്തു
ക്രൂടലർകോളരിപോൽവന്ന
പിടിച്ചെന്നാത്മാവിനെ കടിച്ചുകീറാല്യാനെ-
ന്നാടലകററികാക്ക-

൩

മെദേവാഞാനിതുചെയ്യുകിലന്യായ
മുണ്ടെങ്കിലെൻകൈകളിലൊരു
ഹേതുക്രൂടാതെഞാൻവിടുവിച്ചി
ട്ടുണ്ടല്ലൊമദ്വൈരിയെ-

൪

ഒന്നായിരിക്കുന്നവന്നുഞാൻ ദോഷംചെ
യ്യുന്നാത്മാവിനെ- വൈരി
വന്നുപിടിച്ചെൻജീവനിലത്താക്കിച്ചാ-
രിന്നേങ്ങള്ളിച്ചീടട്ടെ-

൫

എന്നുടെവൈരികോപനിമിത്തംചാര
രോന്നതനെറീശാഷാഴ-

ന്നിനിക്കുവേണ്ടിചൊന്നന്യായവിധി
ക്കിന്നണഞ്ഞീടണമെ-

൬

മംഗലദേവാജനങ്ങളിൻ സഞ്ചയ
മിങ്ങിനെച്ചൂഴംനിന്നെവീണ്ടു
മിങ്ങവക്കായതിലുംഗസ്ഥലത്തുംക
ലങ്ങെഴുന്നള്ളീടുക-

൭

ന്യായംവിധിക്കുമമെയൻജനത്തെമ-
ദീയനീതിപരമാ-ർത്ഥങ്ങ
ളായവയിൻവണ്ണംന്യായംനടത്തുക
നായകനീയിനിക്കു-

൮

വല്ലാത്തദുഷ്ടൻറവല്ലായ്മയെല്ലാം നീ
യില്ലായ്മയാക്കിടുകാനീതി
വല്ലഭാനീ-നീതിയുള്ളോനെസംസ്ഥാപി
ച്ചുല്ലലകറ്റിക്കാക്ക-

൯

ഉള്ളമുള്ളന്ത്രിയമെല്ലാമറിയുന്നോ
നല്ലോനീദേവദേവാ- ന്തനീ
മുള്ളിൽനേരുള്ളോരെല്ലാം
കാക്കുംനിന്നിലല്ലോമമ പരിശ-

൧൦

നീതിസഹിതന്യായാധിപനാകുന്ന
നാഥനനുദിനവുമവൻ
പാതകിമേലതിക്രോധമുള്ളവനതി
പൂതദൈവമാകുന്നു-

൫൫

പാപിതിരിഞ്ഞനുതാപംചെയ്യായ്കിൽതൻ
കോപവാൾമൂർച്ചകൂട്ടും- തന്റെ
ചാപംകുലച്ചതികോപത്തോടുമര
ണായുധങ്ങൾ-

൫൬

നന്നായൊരുക്കിയവൻതാൻവെച്ചിരി
ക്കുന്ന വിശിഖങ്ങളെ-തന്റെ
വഹ്നിബാണങ്ങളാക്കുന്നമഹാപര
മോന്നതനായദൈവം-

൫൭

ഈററനോവുണ്ടവനേററമകൃത്യത്തെ
മുററുംപ്രസവിപ്പാനായിഗർഭ്
മേററുദോഷംതെററിന്നൂററംവ്യാജമവൻ
മുററിപ്രസവിച്ചിതാ-

൫൮

പതിച്ചുതാൻകുഴികുഴിച്ചതിൽതന്നെതദ്ദോഷം
തന്തലയിൽതിരിയും- നിജ
കൃതമതിക്രമംതന്നംപതിച്ചീടുകയുംചെയ്യും
സ്വന്തനെറുകതന്നിൽ

൫൯

താതസുതാത്മാവാംനാഥനെവാഴ്ത്തിത്ത-
ന്നീതിപ്രകാരംതന്റെ പരി
പൂതനാമത്തിന്നഗീതം പാടിസ്തുതി
ചെയ്യീടുംഞാനനിശം-

൭൨.

## (൪൪) പാപിയുടെ പ്രലാപം.

### പല്ലവി

എന്തുചെയ്യേണ്ടു ഞാൻ- എൻ ജീവനാഥാ
ചിന്തകലങ്ങിയുഴലുന്നു- താതാ

### ചരണങ്ങൾ.

ഉത്രനാകായിട്ടും ഉത്തിരിപോലും-മെൻ ചിത്തമതു
ഗുണപ്പെട്ടിട്ടില്ലയ്യോ- എന്തു

൨

എൻ പുണ്യങ്ങൾ തിരു- മുമ്പിലറ്റുപ്പോയി
തമ്പുരാനെ കാണ- പ്പെട്ടിടുന്നയ്യോ- എന്തു

൩

നീതി എന്നെണ്ണി- സ്വനീതി തന്നിൽ ചാരി
പാതകനായി നാശ- പാദയിൽ പോയയ്യോ- എന്തു

൪

കള്ളന്റെ വാക്കു കേട്ടു- ള്ളം നന്നായിട്ടുറ
ന്നില്ലെന്നിനക്കു ഞാൻ പൊല്ലാ- ത്തോനായയ്യോ- എന്തു

൫

കള്ളസമാധാനം- ഉള്ളിലാക്കികൊണ്ടു
നല്ലസുഖമായി നടന്നു- കൊണ്ടേനയ്യോ- എന്തു

൬

മരണത്തിൻ വേരെടു- ത്തറിയായ്കയാലയ്യോ
മരണവിഷം എന്നിൽ- മരുവീടുന്നയ്യോ- എന്തു

൭

ആറുതലിന്നാത്മാവു- പാരം ക്രുകിയെന്റെ

നേരുരെച്ചതെല്ലാം- തീരെവെറുത്തുഞാൻ- എന്തു

൮

നാളെല്ലാംഞാൻപതിർ- പോലെകഴിച്ചയ്യൊ
കാളികത്തീടുന്ന- നാൾകൾവരുന്നയ്യൊ- എന്തു

൯

എല്ലാംകൊണ്ടുംപിഴച്ചു- ള്ളൊരുപാതകൻ
നച്ചവാനീയെന്നെത്ത- ള്ളീടരുതയ്യൊ- എന്തു

൧൦

ഒന്നമില്ലയെന്നിൽ- എന്നറിഞ്ഞെനിപ്പോൾ
മന്നനെനിൻപാദം- തന്നിൽവീണീടുന്നേൻ- എന്തു

൧൧

നിൻവലകൈകൊ- ണ്ടെന്നെപ്പിടിച്ചുനിൻ
പൊന്നുലോകംതന്നിൽ- എന്നെനടത്തുക- എന്തു

## (൩൫) ക്രിസ്തുവിനെയ്യൂദർ പടിച്ചത

ആരഭി — ചെമ്പട

### പല്ലവി

അടുത്തുയേശുവിന്മേലവർ- കൈകളെവച്ചു
പിടിച്ചുജീവനായകനെ

### അനുപല്ലവി.

അടുത്തവരിതുകണ്ടി- ട്ടുടനെചൊല്ലിയേശുവോ
ടുടയവനെഞങ്ങൾവാ- ളെടുത്തുവെട്ടുകയൊയെന്നു അടു

### ചരണങ്ങൾ.

അവരിലൊരുവനാം- ശീമോൻപേത്രൻപൊള്ളൂരി

ഷ്ഠിവേക തോട്ടുകൂടെ
വലിയപുരോഹിതൻതന്റെ- ദാസനെവെട്ടി
വലംകാതറുത്തുകളഞ്ഞു
ആവനമല്ലോനെന്ന്പേരമലനതിനിത്രടം
മതിയെന്നരുച്ചവന്റെ- ചെവിതൊട്ടുസുഖമാക്കി- ആടു

൨

പരമൻപിന്നയുമരച്ച-പേത്രൂനേനിൻവാ
ള്ളുറയിൽതിരിച്ചിട്ടിടുക-
കരത്തിൽവാളെടുക്കുന്നവൻ- ഒക്കെയുംവാളാൽ
മരിച്ചുവീണുപോം നിശ്ചയം
പരമപിതാവിനിക്കിന്നരുളിത്തന്നുള്ളപാത്രം
വിരവോടുപാനംചെയ്യാതിരിക്കുമൊ ഞാനിന്നേരം- ആടു

൩

പന്തിരുലഗിയോനെ-ക്കാളധികം ദൂതർ
എന്നരികത്തുവരുത്താൻ
എന്നടെതാതനോടിപ്പോളപേക്ഷിപ്പതി
ന്നൊന്നാൽ-കഴികയില്ലന്നൊ,
എന്നാലെങ്ങിനെവേദം ചൊന്നവാക്കുനിവൃത്തി
വന്നിടുമതുപോ ലിവ്വണ്ണംവരേണ്ടതെന്നാൻ- ആടു

൪

കൊടിയപാതകനാമെന്നെ-കോപത്തിൽനിന്നു
വിടുവിപ്പാനായിട്ടിന്നു-
പിടിച്ചുകെട്ടുവതിന്നുഭരമേല്പിച്ച
കൊടുദ്രോഹീഘാതകർക്കകയ്യിൽ
അടിയനിതിന്നുനന്ദിയോതിടയനെനിന
ക്കീടാശ്ലൂരുവതിന്നൊന്നുള്ളുനിന്നടിമതാനെ- ആടു

## (൪൬) ക്രിസ്തുശിഷ്യരുടെകാലുകളെകഴുകുന്നതു.

കാമോദരി. ത്രിപുട

൧ ഈലോകംവിട്ടേശുനായകൻ തൻറെപിതാവിന്ന
രികിൽപോവാനുള്ള-നാഴികവന്നെന്നറിഞ്ഞീലോക
ത്തിൽതനിക്കുള്ളവരെസ്നേഹിച്ച

൨ അന്തത്തോളമവരെസ്നേഹിച്ചക്രിസ്തു
നാന്തിയായനേരത്തിൽ-ശിഷ്യർപന്തിരുപേരോടും
കൂടെവന്നത്താഴപ്പന്തിയിൽച്ചാരികൊണ്ടു

൩ പിന്നപരനവരോടുപറഞ്ഞിതു-കഷ്ടപ്പെടുന്നതിന്ന
മുന്നിൽ ഇന്നീപ്പെസഹാനിങ്ങളോടുകൂടെഞാൻ
ഭക്ഷിപ്പാനാഗ്രഹിച്ചേൻ

൪ എന്തെന്നാലതുദേവരാജ്യത്തുങ്കൽ-പൂർണ്ണമാകുവോ
ളംഞാനിനിംഭക്ഷിക്കയില്ലതിൽനിന്നെന്നുഞാൻ
നിങ്ങളോടുപറയുന്നിതു

൫ അത്താഴമാരംഭിക്കുമ്പോൾ-പിതാവെല്ലാം,തൻ
കൈയ്യിലേല്പിച്ചതും, ദൈവത്തിൽനിന്നുതാൻ
പുറപ്പെട്ടുവന്നതും, ദൈവത്തിൻസന്നിധിയിൽ

൬ കേറിപ്പോകുന്നതും നാഥനറിഞ്ഞിട്ട-ത്താഴത്തിൽ
നിന്നെഴുന്നു,വസ്ത്രം ഊരിവെച്ചുതന്നരയിലൊരുചേല
ഖണ്ഡമെടുത്തുകെട്ടി-

൭ വെള്ളമൊഴിച്ചൊരുപാത്രത്തിൽശിഷ്യരിൻ
കാലുകളെക്കഴുകി-കെട്ടിയുള്ള ശീലകൊണ്ടതോർത്തി
ത്തുടച്ചുലത്തീടുവാനാരംഭിച്ചു-

൮ പിന്നെപ്പരൻശീമോൻപേത്രന്നടുക്കൽവരുമ്പോൾ
കർത്താവെനീയെൻകാൽ-കഴുകുന്നുവൊയെന്നവൻ

# ൭൩.

ചൊന്നതിന്നേശു നാഥനുമുത്തരമായി .

൯ ഞാൻ ഠരം ചെയ്യുന്നതിപ്പോളറിയുന്നില്ലപിന്നെനീതാനറിയും എന്നചൊന്നാനൊൻ - കാലുകളെ കഴുകെണ്ടാ എന്നപേത്രൻപറഞ്ഞു -

൧൦ ഉന്നതനാമേശു ദേവൻപറഞ്ഞതിനുത്തരം പേത്രനോടു, ഞാൻനിന്നെകഴുകാഞ്ഞാലെന്നിൽപങ്കു നിനക്കില്ലെന്നുനീധരിക്ക

൧൧ പേത്രനെന്നാറെപറഞ്ഞുപരനോടു - കർത്താവെ കാലുകളെ, എന്നമാത്രമല്ലയെൻ - കൈകൾതലയും കൂടെ, എന്നതിന്നേശു പരൻ

൧൨ ചൊല്ലും സ്നാനം കഴിച്ചവന്നംഗം മുഴുവനും ശുദ്ധമതാൽ കാല്ക്കൾ അല്ലാതെ കണ്ടു_ കഴുകുവാനാവിശ്യമില്ലെന്നബോധിക്കെണം

൧൩ ശുദ്ധരത്രെനിങ്ങളെല്ലാരു - മല്ലെന്നാൽ, തന്നെക്കാണിപ്പവനെ, സൎവ്വകത്തനറിഞ്ഞതാലെല്ലാരും ശുദ്ധര, ല്ലെന്നുപറഞ്ഞതത്രെ

൧൪ ഠരംവ്വണ്ണം താഴ്ചയിൽമെഴുകി - കാണിച്ചദിവ്യപരമ ഗുരുവൊ, ഞാൻചൊല്ലുവിനയവഴിയിൽനടപ്പാനിന്നാത്മാവേ നൾകീടുക

(൦)

(൮൧)

# ക്രിസ്തുവിൻ ദൂത

ഭേകടരാഗം ചെമ്പടതാളം

## പല്ലവം

ചൊന്നാൻ ശ്രീയേശുരാജനെന്നുജാതികളോടു
ചൊല്ലെടൊ- മന്നനന്ദനാ

## അനുപല്ലവം

മന്നവമന്നൻ പരമോന്നതദൈവ പുത്രൻ
മന്നിടെനരനായ്പിറന്ന മനുവേലിന്നു- ചൊന്നാ

## ചരണങ്ങൾ

പുല്ലാകുന്നിതുജഡമെല്ലാം-ഒക്കിലതിൻെറ
ചൊല്ലാർന്ന ഭംഗികളെല്ലാം-പൂവിനുതുല്യം
പുല്ലുണങ്ങുന്നു പൂവെല്ലാം വാടുന്നെന്നാലെൻ
ചൊല്ലെന്നും നിലനില്ക്കുമില്ലാസംശയമെ- ചൊന്നാ

൨

എന്നിൽ വിശ്വസിക്കുന്ന-വന്നിൽ നിത്യമരണം
വന്നീടാതവൻ മോക്ഷ-മന്ദിരെവാഴുവാനാ
യ്യന്നിതു ദൈവംകനി-ഞ്ഞെന്നെന്നിങ്ങൾകാകയാ-
ലെന്നിൽ വിശ്വസിച്ചു-നിന്നീടിൽ ജീവനുണ്ടെന്നുചൊന്നാ

൩

ദുഷ്ടൻ മരിച്ചുനിത്യ-കഷ്ടതയിംകൽവീണു
നഷ്ടമാകുവാനിനി-കിഷ്ടമില്ലായ്കയാലെൻ

ഇഷ്ടമറിഞ്ഞു തൻെറ-ദുഷ്ടതയൊഴിഞ്ഞുവി
ശിഷ്ടനായിടിലാത്മ-നഷ്ടനാകയില്ലെന്നു-      ചൊന്നാ

൪

കണ്ടാലുമെല്ലാമെന്നാ-ലുണ്ടായി തെന്നിൽനില
കൊണ്ടിരിക്കുന്നിതം-പണ്ടേതന്നെഞാനല്ലാ
തുണ്ടോ രക്ഷകനേവെ-ക്കിണ്ടൽ പോക്കുവാൻ പേറി
ട്ടുണ്ടെങ്കിലതു നോക്കി-ക്കണ്ടു ചൊല്ലുവിനെന്നു-   ചൊന്നാ

൫

മണ്ണോ നീരോ തീകാറേറാ-വിണ്ണോവാനൊളികളോ
കുന്നാക്കളോരോദ്ര-ക്കണ്ണോ കല്പാമരമോ
പൊന്നോ ഭൂരുഹമോ-ഭൂമണ്ഡലത്തുള്ള ജീവ
ഷണ്ഡമോ നിങ്ങളെന്നി-നന്നായ്ക്കണ്ണുവി നെന്നു    ചൊന്നാ

൬

സൃഷ്ടാവാകുമോ പുന-സ്സൃഷ്ടി ചെയ്തവിരിഞ്ചൻ
ദുഷ്ടകർമ്മവൻ വിഷ്ണു-വിഷ്ടപപാലനാമോ-
കഷ്ടം തമോവൃത്തിയുള്ളിഷ്ടിഹരൻ മരണ
കഷ്ടമൊഴിപ്പാനാമോ-സുഷ്ടുപോയോർപ്പിനെന്നു-   ചൊന്നാ

——)✻(o)✻(——

## (൪൮) പിശാചിനോടു അടുക്കാതിരിപ്പാൻ ഗുണദോഷം

സാവേരി

### പല്ലവി

സ്വാമിദ്രോഹിയാം ചണ്ഡാളസാത്താനോടു
അടുക്കാതെ പ്രിയാനിന്നെ കെടുക്കാതെ-

## അനുപല്ലവി

ക്ഷേമമൊടു പൂങ്കാവിൽ വാണ ആദത്തിൻ
ആ മഹത്വം പോയവന്നാപത്തു വന്നതൊക്കാ-

## ചരണങ്ങൾ

ക്രൂരിരുൾനായകനായവനുള്ളൊരു ക്രുദ്ധമല്ലൊ
കാരിരുൾപൊൽ പതിനായിരങ്ങളോടു, നിന്നെ
ചുററിക്കൊണ്ടിരിപ്പാൻ, മുററും തിരിപ്പാൻ, നിന്നെ
പൊരിപ്പാൻ- ചുട്ടുകരിപ്പാൻ നിശ്ചവിചാരവും,
ക്രൂരവും, ദുർവ്വിചാരവും, വൈരവും കൊണ്ടു
വരുമ്മെ,വീഴുമെ ഈരമെൽ, കഴുപോൽ
നരകത്തീയിൽ ദുരിതത്തോടുതാഴാതെ- സ്വാമി

൨

യൊബ്ബുവിൻ ദുരിതമതാ മഴലാഴിയതിൽ വീഴ്ത്തീട്ടുനി-
ന്നിൽ രാപ്പകൽ ദുർദ്ദിനവായിരമായിരമായി, പെരു
ത്തിപരിതാപം, അതികോപം, ബഹുശാപം
ശത്രുഭാവം ഭാര്യയിൻ വാക്കുകൾ, നോക്കുകൾ,
അവളുടെ പ്രാക്കുകൾ പൊക്കുകൾകൊണ്ടു-
വരുത്തികരുത്തിൽ കടത്തും പാപമ
തറിഞ്ഞുകരുതിയിരുന്നു കൊൾക വേണം നീ- സ്വാമി

൩

മക്കളുടുക്കെയടുക്കെയൊടുങ്ങീടുമെ നാല്ക്കാലികളും
ഒക്കവെ കള്ളരിച്ചൊതാലഞ്ഞീടുമെ, നിന്നുടെയെല്ലാ
ധനങ്ങൾ നല്പറിലങ്ങൾ പുരയിടങ്ങൾ ഭൃത്യ
ജനങ്ങൾ ശത്രുപെട്ടുക്കമെ അടക്കുമെ നിന്നെ
കെട്ടുക്കമെ ഒട്ടുക്കമെ നീരേൽ
പറയും പകയും ചതിയും ഭയയാൽ
പരമൻ പാദം ശരണമാക്കീടേണം നീ- സ്വാമി

## (൭൯) കൃപയ്ക്കായിട്ടപേക്ഷ

ശ്രീരാഗം

പല്ലവി

കരുണചെയ്‌വാനെന്തുതാമസം ക്രിസ്തോ -
ശരണമഹം തൊഴുന്നേൻ -

അനുപല്ലവി

കരുണശാലിയാം നിന്റെ കഴലിണയൊഴിഞ്ഞൊരു
ശരണമില്ലടിയനു കരുത്തുമല്ല വിലഖിലജീവനാഥാ - കരു

ചരണങ്ങൾ

പാരിടമതിൽ ബഹുഘോരവൈരികൾ നിത്യം
പോരിടുവതിനൊത്തു നേരിടുന്നൊരു നേരം
നേരിട്ടുമടങ്ങാതെ പോരിട്ടെതിർത്തു നില്പാൻ
ധീരത്വമുറപ്പിക്കനിയതമകമേ പരമനീതിസൂര്യാ - കരു

൨

ദുരിതകാരണം പലജഡമോഹങ്ങൾ വർദ്ധിച്ചു
നരകഫലമാമാത്മമരണം വന്നണയുമ്പോൾ
ഇരവും പകലും നിന്റെ തിരുവചനം ധ്യാനിച്ചു
പരമപദം പ്രാപിപ്പാൻ സതതമരുൾക കരുണജീവനാഥാ - ക

൩

ധരണിവാസവൃത്തിൻ പെരിയസന്തോഷങ്ങളും
കരളിലൊരു നേരവും പിരിയാതിരിക്കിലിതെൻ
അരിയപരമമോക്ഷമഹിമയോർത്തനുദിനം
ഒരുവീടുവതിന്നരുൾക കരുണ-ജലധിയനിശമേശുദേവാ - ക

വൃഥ

൪

ഉരഗനാഥനാം സാത്താൻ പെരിയകോപമോടെന്നിൽ
എരിയുമഗ്നിതുല്യമായി ചൊരിയുമസ്ത്രജാലങ്ങൾ
സുരലോകാധിപനിൻറെ കൃപയാം സ്നേഹജാലത്താൽ
ഹരമാക്കുവാൻ വരം തരിക സദയമഖിലലോകപാലാ- ക

—o—

(൯൦) ൪ാം സങ്കീർത്തനം

നീലകാമോദരി ചെമ്പട

എൻ നീതിയിൻ ദൈവമെ നിന്നെ ഞാൻ വിളിക്കുമ്പോൾ
എന്നെ ചെവിക്കൊള്ളുക പരപ്പൊരുളെ
എന്നിലിടുക്കമുണ്ടായന്നിനക്കായ്ക്കൊണ്ടു നീ-
തന്നിതു വിശാലത പരപ്പൊരുളെ

൨

എന്നിൽ കനിവുകലർന്നപേക്ഷയ്ക്കു ചെവി
തന്നു നീ കേൾക്കേണമെ പരപ്പൊരുളെ-
എത്രത്തോളം മനുഷ്യപുത്രരെ നിങ്ങളെൻ പ
വിത്രമഹത്വമപമാനമാക്കും-

൩

മായാവ-ശഗതന്മാരായ നിങ്ങളാനൃത
മായാവഴി വിരഞ്ഞു തേടിടുന്നു-
ദൈവഭക്തിയുള്ളോനെ ദൈവം നിജമഹിമ
ക്കായി വേർതിരിച്ചിരിക്കുന്നെന്നറിവിൻ-

൪

ഉന്നതൻ ചെവിക്കൊള്ളുമെന്ന വേദനയെത്ത

യന്നനിങ്ങൾപാപംചെയ്യാതിരിപ്പിൻ
നിങ്ങളുടെശയനെനിങ്ങൾഹൃദയത്തൊടി
ണങ്ങിസംസാരിച്ചടങ്ങിയിരിപ്പിൻ-

൭

നീതിബലികൾകഴിച്ചാദ്രിയാംദേവപൂൎണ്ണ
മോദത്തൊടാശ്രയിപ്പിൻ മനുജന്മാരെ
ആരുനമുക്കുനന്മനെരായ്യാണിക്കുമെന്നു
പാരംപറയുന്നവർപലൎക്കുണ്ടഹൊ-

൮

ഈശാനിൻെറമുഖപ്രകാശംഞങ്ങളുടെമേൽ
ഏശണമെനിത്യവും പരമ്പൊരുളെ
ധാരാളമായിധാന്യദ്രാക്ഷാരസങ്ങളുണ്ടാകും
നേരമവൎക്കുള്ളിലുണ്ടാകുന്നതിനു

൯

അത്യധികമായുള്ളനിത്യമോദമെന്നുള്ളിൽ
സത്യസ്വരൂപാനീനല്കിയിരിക്കുന്നു
ഞാനഹൊപൂൎണ്ണസമാധാനത്തൊടെകിടന്നു
ങ്ങാനന്ദമായുറങ്ങും പരമ്പൊരുളെ

൰

എന്നുംമഹാസുഖത്തൊടെന്നെവസിക്കുമാറാ
ക്കുന്നനീമാത്രംദേവ പരമ്പൊരുളെ-
നിത്യവും പിതൃപുത്രസത്യാത്മാവാംത്രീയേക
സത്യദൈവത്തിനുമഹത്വമാമ്മെൻ-

—(൦)—

(൫൧) ക്രിസ്തുശിഷ്യൎക്കുപുതിയകല്പന കൊടുക്കുന്നതു

മുഖാരി                                  മുറിയടന്ത

## പല്ലവി

മക്കളെ ഇനി അല്പമെ ഞാൻ നിങ്ങളോടങ്ങിരിക്കുന്നുള്ളു-

## അനുപല്ലവി

മക്കളെ നിങ്ങളെന്നെ തേടിടും നി
ങ്ങൾക്കു വന്നു കൂടാ ഞാൻ പോകുന്നിടത്തിപ്പോൾ          മക്ക

## ചരണങ്ങൾ

എന്നു ഞാൻ യൂദന്മാരോടുരച്ചതിൻ വണ്ണ
മിന്നു നിങ്ങളോടും ചൊല്ലുന്നു-
എന്നാൽ നിങ്ങൾ തമ്മിൽ സ്നേഹിച്ചീടേണം
എന്നൊരു പുതുകല്പന നല്കുന്നു          മക്ക

൨

നിങ്ങളെ ഞാൻ സ്നേഹിച്ചതുപോലവെ
നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം
നിങ്ങൾക്കന്യോന്യം സ്നേഹമുണ്ടെങ്കിലൊ
നിങ്ങളെൻ ശിഷ്യരെന്നെല്ലാരും ബോധിക്കും          മക്ക

൩

മന്നാ നീയെങ്ങു പോകുന്നെന്നു പേത്രൻ
ചൊന്നാനേശു ഞാൻ പോകുന്നിടത്തിപ്പോൾ
വന്നു കൂടാ നിനക്കെന്നാൽ പിന്നേതിൽ
എന്നെ നീ പിന്തുടരുമെന്നു ചൊല്ലിനാൻ          മക്ക

## ൫൨

൧

ഇന്നുനിൻപിൻവരാൻകൂടാത്തതെന്തു
നിന്നുടെപേക്കെൻജീവൻകളയുമെ
ന്നുപേത്രൻപറഞ്ഞാറെയേശുവും
ചൊന്നാനെൻപേക്കുനിൻജീവൻകളയുമൊ- ഇക

൨

കോതമ്പുപോലെചേറുവാൻനിങ്ങളെ
ചോദിച്ചുസാത്താൻശീമോനെശീമോനെ
ശോധനയിൽവിശ്വാസംക്ഷയിച്ചുപോ
കാതിരിപ്പാൻപ്രാൎത്ഥിച്ചേൻനിനക്കായി ഇക

൩

നീതിരിഞ്ഞശേഷമുറപ്പിക്കനിൻ
സോദരരെഎന്നാറെപേത്രൻചൊന്നാൻ
നാഥാനിന്നോടുഞാൻചാവിലുംകാരാഗ്രഹ
ഹത്തിലുംചെല്വാനൊരുങ്ങിനില്ക്കുന്നിതാ ഇക

൪

എന്നതിന്നേശുചൊന്നാനെന്നെയറി
യുന്നില്ലെന്നുനീമൂന്നുരുതള്ളിച്ചൊ
ല്ലുന്നതിൻമുന്നിന്നുകോഴികൂകയി
ല്ലെന്നുഞാൻനിന്നോടുരച്ചീടുന്നുപേത്രാ ഇക

൫

പേത്രൻതള്ളിപ്പറഞ്ഞുള്ളമൂന്നുരു
മാത്രമെനിന്നെയെന്നാലിപ്പാതകൻ
എത്രയെന്നുകണക്കില്ലകാരുണ്യ
പാത്രമെയെൻപിഴകൾപൊറുത്തീടുക- ഇക

—o—

(൫൨) ൯൫ാം സങ്കീർത്തനം

പന്തുവരാളി ത്രിപുട

## പല്ലവി

വരുവിൻനാംയഹോവായ്ക്കു പാടുക- രക്ഷ
തരുന്നജീവപാറയ്ക്കാർത്തിടുക-

## അനുപല്ലവി

തിരുമുമ്പിൽസ്തുതിയോടാ- ദരവായ്ച്ചെന്നുനാമെല്ലാ
വരുംസംകീർത്തനങ്ങളോടൊരുമിച്ചാർത്തുഘോഷിക്ക- വരു

## ചരണങ്ങൾ

യഹോവായായവൻ മഹാദൈവം- അവൻ
സകലദേവകൾക്കുംമേൽരാജൻ
മഹിയിൻതാണിടങ്ങളവന്റെ- കയ്യിൽ
മഹീധ്രോന്നതങ്ങളുംതന്റെ
മഹോദധിയുമവന്റെ- വകയാകുന്നതാനതു
പടച്ചിതുകരയേയും- മഹാൻകൈകൾമനഞ്ഞിതു വരു

൨

വരുവിൻനാംതൊഴുതുവന്ദിക്കുക- ദേവ
തിരുമുൻചെന്നുനാംമുട്ടുകുത്തുക-
പരൻനമ്മെപടച്ചവനാകയാൽ- തന്നെ
പരമൻനമ്മുടെദേവനാകുന്നു
കരുത്തൻമേച്ചിലിൻജനം- കരത്തിന്നാടുകൾനാം തൻ
സ്വരത്തെനിങ്ങളിന്നനുസരത്തോടിന്നുകേൾക്കുകിൽ വരു

൩

പൊരുൾവിവാദമാമെറിമ്പായിലും- അൎത്ഥം
പരിക്ഷയാകുന്നമസ്സാനാളിലെ
മരുഭൂവിങ്കലുമെന്നപോലവെ- നിങ്ങൾ
കഠിനമാകുമുഷ്ണമേറ്റിന്നന്റെ-
കരത്തിൻവൻപ്രവൃത്തികൾ- ധരിച്ചുനിങ്ങളിന്നുശ്ശൂർ
ദൎശിച്ചാറെയുമെന്നെ- പരീക്ഷിച്ചുണ്ടുശോധിച്ചു- വരു

൪

ജനിക്കനാല്പതാണ്ടാവംശത്തോടു-രസം
ജനിച്ചില്ലായ വരുഷിൽതെറ്റുന്ന
ജനവുമെൻവഴിയറിയാത്തോരു- മെന്നു
മൊഴിഞ്ഞെൻ സ്വസ്ഥതയിങ്കലായവർ-
ക്കണഞ്ഞുൾപ്പൂകയില്ലെന്നു- ജനത്തോടാണയിട്ടുഞാൻ
ദിനമെന്നും ശ്രീയേകനെ-വണങ്ങിവാഴ്ത്തിടാമാമേൻ വരു

———)*(○)*(———

## (൭൩) രാത്രി ഭക്ഷണം.

നാഥനാമക്രിയ. ചെമ്പട.

### പല്ലവി.

കൎത്താവേനമിച്ച രാത്രിഭക്ഷണം കൎത്താവേനമിച്ച-

### അനുപല്ലവി.

കൎത്താവെടുത്തപ്പം വാഴ്ത്തിനുറുക്കിപ്പിൻ
ഭക്തന്മാൎക്കുതാൻ കൊടുത്തുപറഞ്ഞു- കൎത്താ

## ചരണങ്ങൾ.

നിങ്ങളിതുവാങ്ങി ഭക്ഷിക്കുവിനിതു
നിങ്ങൾക്കുവേണ്ടി നുറുക്കപ്പെടുന്നയെൻ-
അംഗമാകുന്നിതെ-ന്നോൎക്കയായിട്ടിതു
മംഗലംവരുമാറു ചെയ്യിനെന്നാനേശു- കൎത്താ

൨

അത്താഴംകഴിഞ്ഞവി-ന്നപ്രകാരംതന്നെ
കൎത്തൻ പാനപാത്രമെടുത്തു ചൊല്ലിനിങ്ങൾ
ഒത്തെല്ലാവരുമതിൽ നിന്നുകുടിക്കുവീനീ
പാത്രമെൻ രക്തത്തിൽ പുതുനിയമമാകുന്നു- കൎത്താ

൩

പാപമോചനത്തിന്നു നിങ്ങൾക്കുംപലൎക്കുമാ
യോവിയോടൊഴിച്ചുയെൻ ചോരയത്രെഇതു-
പാനംചെയ്യുമ്പോളിതുയെന്നോൎക്കയായിച്ചെയ്യിൻ
ഞാനോനിങ്ങളോടുര ചെയ്തീടുന്നിതു- കൎത്താ

൪

മുന്തിരിവള്ളിയുടെ അനുഭവത്തെയെൻറ-
തന്തയിൻരാജ്യത്തിൽ നിങ്ങളൊടുകൂടെ
ചന്തമൊടുപുതുതാസ്വാനം ചെയ്യുന്നാൾവരെ-
ഹന്തഞാനിതിൽനിന്നു പാനംചെയ്കയില്ലിനീ- കൎത്താ

൫

മന്നാജീവമന്നായെ നിന്നുടെമരണത്തെ-
മണ്ണിൽനീവരുംവരെ എന്നുമോൎപ്പാനിതു
തന്നരുളിയവനെ നിന്നുടെമാംസരക്താം-
തിന്നുംകുടിച്ചും നിന്നിലൊന്നാവാനാളാക്കെന്നെ- കൎത്താ

—o—

## (൭൨) ക്രിസ്തുവിനെ കാണിപ്പവൻ ഇന്നവനെന്ന അറിയിച്ചതു

പുന്നാഗവരാളി. മുറിയടന്ത

൧

പലതറിവ പറഞ്ഞിട്ടെല്ലാം കഴിഞ്ഞിശിഷ്യരോടു
പറഞ്ഞിതു നിങ്ങളിലൊരുവനെന്നെയൊറ്റി കൊടുക്കും

൨

എന്നതൊന്നു മുണ്ണയിൽ ചൊല്ലുന്നു നിങ്ങളോടു
എന്നസാക്ഷി പകർന്നുച്ചാനായതവർ കേട്ടു

൩

പെരുത്തദുഃഖം പൂണ്ടിതാരെക്കുറിച്ചു പറഞ്ഞെന്ന
വിരണ്ടുതമ്മിൽ നോക്കിക്കൊണ്ടു കണ്ണുമിഴിച്ചു ചെയ്യും

൪

ദുഃഖൻ പകയ്ക്കുണ്ടൊന്നൊരുത്തരെന്തുവെച്ചേറായി
ക്രിസ്തുനാഥനോടു ശിഷ്യർ ചോദിച്ചുതുടങ്ങി

൫

ചൊന്നിതപ്പോളവൻ പാത്രിവരിലൊരുത്തൻ
എന്നോടുകൂടെ താലത്തിൽ കൈമുക്കുന്നോൻ തന്നെ

൬

യേശുമിശിഹാ സ്നേഹിക്കുന്നവനാം ശിഷ്യരിലൊരുവൻ,
യേശുവിന്റെ മാർവ്വിടത്തിൽ ചാരിക്കൊണ്ടിരിക്കെ

൭

പേത്രുനവനോടിതാരെ കുറിച്ചു പറഞ്ഞെന്ന
നാഥനോടു ചോദിപ്പാനായാംഗ്യം കാണിച്ചു

൮

ക്രിസ്തുവിൻ മാർവ്വിടത്തിൽ തന്റെ തല ചാരിച്ചുകൊണ്ടു
കർത്തനെയിതാരാകുന്നിതെന്നവൻ ചോദിച്ചു

൯

ചെറുതൊരുത്തരമായപ്പവണ്ടം മുക്കി

വ്യൻ

ഏവനുഞാൻ കൊടുക്കുന്നപ്പൊ അപ്പയവനെയെന്നാൻ

൩൦

പിന്നെയേശുനാഥനപ്പ ഖണ്ഡം മുക്കിശീമോൻ
നന്ദനനാം യൂദാഇസ്ക്കറിയോത്താവിനു കൊടുത്താൻ

൩൧

ഖണ്ഡമവൻ വാങ്ങിച്ചപിന്നെതന്നെ സാത്താനവനിൽ
തിണ്ഡമോടുപുക്കിതപ്പോളേശു നാഥൻ പറഞ്ഞു

൩൨

തന്നെക്കുറിച്ചെഴുതിയതിൻ വണ്ണം മനുഷ്യന്റെ
നന്ദനൻ പോകുന്നു സത്യമെന്നാൽ മനുമകനെ

൩൩

ഒററികൊടുത്തീടുന്ന മനുഷ്യനഹാകഷ്ടം
കഷ്ടമവൻ ജനിച്ചില്ലെങ്കിൽ കൊള്ളായിരുന്നെന്നാൻ

൩൪

ഒററികൊടുക്കുന്ന യൂദാഞാനല്ലല്ലൊ എന്നാൻ
ഉത്തമനുരച്ചിതു നീ പറഞ്ഞുവല്ലൊ എന്നു

൩൫

പിന്നെനീ ചെയ്യുന്നതതി വേഗത്തിൽ ചെയ്യെന്നു
ഉന്നതൻ യൂദായോടുരച്ചീടുകയും ചെയ്തു

൩൬

തീരെയിതു പറഞ്ഞതെന്തിനായിട്ടവരോടെന്നു
ചാരികൊണ്ടിരുന്നവരിലാരുമറിഞ്ഞില്ല

൩൭

കൈക്കൽ പണപ്പെട്ടി യൂദനുള്ളതാലുത്സവത്തിൽ
നാൾക്കുനമുക്കു വേണ്ടതു മേടിക്കെന്നമെന്നോ

൩൮

ഏതാനുമഗതികൾക്കു കൊടുത്തീടണമെന്നോ
നാഥനവനോടുരച്ചവണ്ണം ചിലർ നിനച്ചു

൧൯

അപ്പഖണ്ഡം ഭക്ഷിച്ചുടൻ പുറപ്പെട്ടുപോയി യൂദാ
അപ്പോൾ രാത്രിയായിരുന്നു അപ്പനെഞാൻ നിന്നെ

൨൦

പിററുകളഞ്ഞൊരാററിക്കൊടുത്തിരുള്ള യൂദാവെ
കുററക്കാരനെങ്കിലുമെൻ പെററതങ്ങുനീയെ

൨൧

മനുഷ്യവരെനീ കനിയാതെന്നിലാർ കനിയും നാഥാ
മനമലിഞ്ഞീ മുടിയൻ ചെയ്തുപിഴകളൊക്കെ പൊറുക്ക

---

## (൬൭). യൂദാപോയതും യേശു മഹത്വപ്പെട്ടതും

ക്രാൽമട്ട.

൧

യൂദാപോയ നേരത്തു നാഥൻ യേശുദേവൻ
അന്നേരവാശിഷ്യരോടുരചെയ്തു

൨

മഹത്വപ്പെട്ടിരിക്കുന്നു മനുമകനിപ്പോൾ
മഹത്വപ്പെട്ടിരിക്കുന്നീ തവനിൽ മഹേശൻ

൩

ദേവനവനിൽ തേജസ്കരിക്കപ്പെട്ടെങ്കിൽ
ദേവനവനെ തന്നിൽ തേജസ്കരിക്കും

൪

മഹിമപ്പെടുത്തുമുടൻ പരമദേവൻ തിരു
മകനെ മനുമകനെ കനിഞ്ഞെന്നേക്കാണെ

---

## (ഒന്നു) ക്രിസ്തുവിന്റെ രണ്ടാം വരവു

### പല്ലവി

അതാഅതാവരുന്ന നമ്മുടെ-യേശുമഹാരാജൻ
ക്രിസ്തുയേശുമഹാരാജൻ
മശിഹായേശുമഹാരാജൻ
മനുവേൽ യേശുമഹാരാജൻ

### അനുപല്ലവി

അതാവരുന്ന മശിഹാമേഘവാഹനമതിലേറി
കെറൂബിൻ വാഹനമതിലേറി-
മഹത്വ വാഹന മതിലേറി- സീയോനിൽ- അതാ

### ചരണങ്ങൾ

ആൎപ്പുകളും കാഹള ശബ്ദങ്ങളു-മോൎപ്പിൻ-സ്നേഹിതരെ
ഇടിമിന്നലു മോൎപ്പിൻ-സ്നേഹിതരെ
ഭയങ്കര മോൎപ്പിൻ-സ്നേഹിതരെ- നന്നായിട്ടോൎപ്പിൻ
സ്നേഹിതരെ
അഗ്നിത്തേരതിലെറികൊണ്ടിഹ ഭക്തരേദൎശിപ്പാൻ
തന്റെ ഭക്തരെ ദൎശിപ്പാൻ- തന്റെമുക്തരെ ദൎശിപ്പാൻ
മശിഹാശക്തരെ ദൎശിപ്പാൻ- സീയോനിൽ- അതാ

൨

മരിച്ചഭക്തന്മാരെഉയിൎപ്പിച്ചിരുന്നുമെ ക്രൂടെ
മേഘത്തിലിരുന്നുമെ ക്രൂടെ സ്വൎഗ്ഗത്തിലിരുന്നുമെ ക്രൂടെ
ഒരുമിച്ചിരുന്നുമെ ക്രൂടെ
മറ്റരുക്രൂപതാക്കി പേക്കാംപിശാസികളെയുമെ
ജീവവിശ്വാസികളെയുമെ-പൂൎണ്ണവിശ്വാസികളെയുമെ

സത്യവിശ്വാസികളെയുമെ- സീയോനിൽ അതാ

൩

കത്തിയമശിഹാതന്നെ കണ്ടവർ സത്യമറിഞ്ഞീടും
ശുദ്ധർ സത്യമറിഞ്ഞീടും- തന്നുടെ സത്യമറിഞ്ഞീടും_ആയ
വർ സത്യമറിഞ്ഞീടും- കത്തിയ ദോഷമതാക്കും തോറു
മേറത്തൽ പെരുത്തീടും ഉടനടനത്തൽ പെരുത്തീടും_
കരളിൽ കത്തൽ പെരുത്തീടും_ അനന്താപ
കത്തൽ പെരുത്തീടും- സീയോനിൽ- അതാ

൪

പരിശുദ്ധാത്മാവാകിയ ദാനം പകരപ്പെട്ടവരിൽ
ഉടനെ- പകരപ്പെട്ടവരിൽ- നിറവായി-പകരപ്പെട്ടവ
രിൽ- സ്ഥിരമായി- പകരപ്പെട്ടവരിൽ-പരിതാപം
പൂണ്ടലറികരയും പാപങ്ങളെ ഓർത്തു അവരുടെ പാപങ്ങ
ളെ ഓർത്തു- പലപല-പാപങ്ങളെ ഓർത്തു ഘോരതര-പാപ
ങ്ങളെ ഓർത്തു സീയോനിൽ അതാ

൫

ഇപ്പോൾ ദൈവം തിരുമനസ്സാകും- അവരെ
രക്ഷിപ്പതിന്നായി- മനസ്സാകും- അവരെ രക്ഷിപ്പതിന്നായി
മശിഹായിൽ- അവരെ രക്ഷിപ്പതിന്നായി- ഒരുമിച്ചവരെ
രക്ഷിപ്പതിന്നായി- എങ്കിലുമവരുടെ വിശ്വാസത്തെ ശോധന
ചെയ്തിടുമെ- യേശുക്രിസ്തുവാൽ- ശോധന ചെയ്തിടുമെ_
വാളാൽ- ശോധന ചെയ്തിടുമെ- സൂക്ഷ്മമായി ശോധന
ചെയ്തിടുമെ- സീയോനിൽ അതാ

൬

കള്ളക്രിസ്തുനെ ഉയിരോടെ-തള്ളിയെറിഞ്ഞീടും
ഉയിരോടെ-തള്ളിയെറിഞ്ഞീടും നരകത്തിന്നുള്ളിലെറിഞ്ഞീ
ടും മശിഹാ തള്ളിയെറിഞ്ഞീടും
കള്ള ദീർഘദർശിയെയും കൂട്ടങ്ങളിലെറിഞ്ഞീടും
ഉയിരോടുള്ളിലെറിഞ്ഞീടും നരകത്തിന്നുള്ളിലെറിഞ്ഞീടും
മശിഹാ ഉള്ളിലെറിഞ്ഞീടും_ സീയോനിൽ- അതാ

൧

ബന്ധിച്ചായിര വരുഷത്തോളൊം അന്ധതമസ്സിംകൽ-
സാത്താനെ അന്ധതമസ്സിംകൽ- ഒരുദ്ദൂതൻ അന്ധതമസ്സി
ങ്കൽ തള്ളിട്ടമന്ധതമസ്സിങ്കൽ- സന്തോഷാനന്ദത്തോടുക്രൂട
വെ തന്റെ ഭക്തരുമായി മശിഹാതന്റെഭക്തരുമായി
ഇഹത്തിൽ തന്റെഭക്തരുമായി വാഴുംതന്റെ ഭക്തരുമാ
യി- സീയോനിൽ അന്ത

(൫൭) പത്തുകല്പന

കാമോദരി

## പല്ലവി

എത്രയും പ്രീയരെ സവ്വശക്തനാം പരമേശന്റെ
പത്തുകല്പന ചുരുക്കമുററുകേട്ടീടിൻ

## അനുപല്ലവി

ദുഷ്ടനാം പിശാചിന്റെ നുകത്തടിയിങ്കൽ കിടന്നും
സത്യമറിയാതുഴന്ന നിത്യനരകത്തിനോടും- എത്ര

## ചരണങ്ങൾ

എന്നുടെ സന്നിധിയിംകൽ അന്യദൈവങ്ങൾ നിനക്കു
ഒന്നുമുണ്ടാകൊല്ല ബിംബമൊന്നിനേയും നീ
ഉന്നിയുണ്ടാക്കീടരുതു വിണ്ണിലും മണ്ണിലും വെള്ളം
തന്നിലും വാഴുമൊന്നിൻ രൂപങ്ങളു മുണ്ടാക്കീടൊല്ലാ- എ

൨

ഉന്നതനാകുന്നദൈവത്തിനുടെ നാമത്തെശങ്ക
യെന്നിയെ വൃഥാവായിപറഞ്ഞുപോകല്ലെ

ഉന്നത നാഥാം സ്വസ്ഥനാൾ ഒന്നമെപോല നീ ചെയ്വാ
തന്ന ദേവധ്യാനത്തൊടിരുന്നശുദ്ധിചെയ്യാനോക്ക- എ

൫

അശുദ്ധനാമമാരെ നീ ധാറിച്ചീടെണം മർത്യരെ വ
ധിച്ചീടരുത വ്യഭിചരിച്ചീടരുത
ച്ചുവെച്ചന്യവസ്തുമോഷ്ടിച്ചീടരുത നീ കള്ളസാക്ഷിനി
ന്നട്ടത്താനോടുരച്ചീടാതൊരു പൊഴുതും- എ

൬

നിന്നയല്ക്കാരന്നുള്ളയാതൊന്നുമെ മോഹിക്കായ്ക നീ
ഉന്നതമാമീദശവാക്യങ്ങളെരണ്ടായി
മന്നവനാം മശിഹാപറഞ്ഞിരിക്കുന്നതിനെയും
ഇന്നിവിടെ പറഞ്ഞീടാം- നിങ്ങളോടുസാദരം ഞാൻ- എ

൭

സത്യമുള്ളവനാമെകനിത്യ ദൈവത്തെനിൻ പൂർണ്ണ
ഹൃത്തൊടും നിൻ പൂർണ്ണമാനസ്സത്തൊടുംസർവ്വ
ശക്തിയൊടും സ്നേഹിക്ക അടുത്തവനേയും നിന്നെപോൽ
ഉത്തമമായി സ്നേഹിക്ക നീ പത്തിന്റെ സാരമിവ- എ

൮

പത്തുകല്പന തികപ്പാനെത്രയുമശക്തന്മാരാം
മർത്യരിൽ കനിഞ്ഞു ദേവപുത്രനാമേശു
ക്രിസ്തുരക്ഷകൻവന്ന നിവൃത്തിവരുത്തിയവയെ
മർത്യസംഘങ്ങളെ എല്ലാ മുക്തരാക്കീടിനാനഹൊ- എ

൯

പത്തുപ്രമാണങ്ങളെ നിവൃത്തിവരുത്തിരക്ഷിച്ച
അത്രയും കനിവുള്ളൊരുകർത്തനാമേശു
ക്രിസ്തുരക്ഷകന്റെ തൃപ്പാദത്തിൽ വീണുവിശ്വസിപ്പിൻ
സത്യദേവരാജ്യം ചേരും സത്യമിതുസത്യം തന്നെ- എ

## (൫൨) ൮൨ാം സംകീൎത്തനം

ബലഹരി

### പല്ലവി

അണ്ടൎകോനെഭയന്നവൻറെവഴികളൂടെ
ഇണ്ടലെന്നിയെനടന്നീടുന്നോവനുംധന്യൻ-

### ചരണങ്ങൾ

നിൻകൈകളിൻപ്രയത്നംനീ ഭക്ഷിച്ചീടുമഹൊ
നീ ഭാഗ്യവാനായീടും നന്മനിനക്കുണ്ടാകും- അ

൨

നിൻകാന്തനിൻഗ്രഹത്തിന്നരികെഫലംനല്കുന്ന
മുന്തിരിവള്ളിപോലെചന്തമായ്വാണീടുമെ- അ

൩

നിൻമക്കൾനല്ലൊലിവുതൈകളെന്നപോലവെ-
നിന്മേശക്കുചുററുമായിചെമ്മയോടെവാണീടും- അ

൪

കണ്ടാലുംയഹോവായെഭയന്നീടുന്നമാനവൻ
ഇണ്ടൽകൂടാതെതന്നെയിപ്പൂൎണ്ണംഭാഗ്യവാനാം- അ

൫

നിന്നെഅനുഗ്രഹിക്കുംസീയോനിൽനിന്നെഹൊവാ
നിന്നായുസ്സിൻനാളെല്ലാംസാലേമിൻനന്മകാണ്ക- അ

൬

നിൻമക്കളിൻമക്കളെയുംനീകാണ്കായിസ്രായേ
ലിന്മേൽ സമാധാനത്തെയും നീകാണുമാറാക.= അ

താതസുതാത്മാക്കൾക്കുള്ളോരു കളെമാമഹത്വം
ആദിയിലുമിപ്പോഴുമെന്നുമതു പോലാമെൻ- ആ
വ്വ
ക്രിസ്തുനാമമെജയം ക്രിസ്തുനാമമെജയം
ക്രിസ്തേശുനാമത്തിനു എന്നും ജയം ജയമെ-

—)*(൦)*(—

(൭൯) ൧൧-ാം സങ്കീർത്തനം.

രാഗം ഇംഗ്ലീഷ്

പല്ലവി.

യാഹാം ദൈവം കർത്താതന്നോടു മൊഴിഞ്ഞിതു നീ
യെൻ-വലഭാഗമമർന്നിരിക്ക കാൽക്കീഴരിപുക്കളെ
യാക്കുവോളം

ചരണങ്ങൾ

യഹോവാ നിന്നുടെ- ശക്തിയിൻ ചെങ്കോൽ സീ
യോനിൽ നിന്നയക്കും- പകയതിൻ മദ്ധ്യേ
യധികരിക്ക -എന്നു പരൻ-പറഞ്ഞിതഹോ- യാഹാം

൨

നിന്നുടെ ശക്തിയിൻ നാളതിൽ- നിൻജനം-
മനുപൂർവ്വമാനങ്ങളാം- അരുണോദയമതിന്റെ ഉദരത്തിൽ
നിന്നുജനി-ച്ചീടുമഹോ- യാഹാം

൩

വിശുദ്ധ ഭൂഷണത്തിൽ- നിനക്കിളയവരാകുമ

യാകുന്നമഞ്ഞുതന്നെ- മെല്ക്കിസദേക്കിൻ ക്രമംപോൽ നീ-
എന്നുമൊരു- ആചാര്യൻ- യാഹാം

൪

എന്റയഹോവാ ആണയിട്ടനുതപിച്ചീടാവലമമരും-
മന്നവൻ ക്രോധദിനത്തിങ്കൽ
മന്നവരെ_-കുത്തീടും- യാഹാം

൫

ജാതികൾമദ്ധ്യേയവൻ വിധിനടത്തി-
ശവങ്ങളാലിടങ്ങളെല്ലാം- മൂടീടും വിസ്താരനിലത്തിൽ-
തലവനെത്താൻ-മുറിപ്പെടുത്തും- യാഹാം

൬

വഴിയിൽ വച്ചവൻ നദിയതിൽ നിന്നു കുടിക്കും
അതുകൊണ്ടവൻ നന്നായി-അഴകൊടുതന്നുടെയ
തലയെ-ജയമോടെ-താനുയർത്തും- യാഹാം

൭

മഹിമവിളങ്ങിയ മഹിമാസനനാം മശിഹാരാജനെന്നും-
മഹാജയംജയം ഹോശിയന്നാ-ഹല്ലേലൂയ്യാ-
യേശുവരും യാഹാം

—(൦)—

## (൬൦) ൬൮ാം സങ്കീർത്തനം ൧ — ൧൯

### ഖണ്ഡങ്ങൾ

മഹിമാസനനാം- മഹിശേശനങ്ങെഴുന്നേല്ക്കയിൽ
തന്നുടെ വൈരികൾ-ചിതറീട്ടുമവൻ തിരുമുന്നിൽനിന്നു
പകയാളികളണ്ടിട്ടെ-...

പാറമേലുറപ്പായി സ്ഥാപിച്ചതിന്മുന്നിൽ അരുളിചെയ്തതും
മെഴുകുതിരികൾ കത്തിമുന്നൽ- തിരുസന്നിധിയിൽ
സന്തോഷിക്കുന്നിതിയൂദന്മാർ അവരുല്ലാസിച്ചാനന്ദിച്ചീടു
മേറാമലയോ- പരന്നുപാടിടുവിൻ-
കീർത്തിച്ചിടുവിൻ തിരുനാമം-

൨

വഴിചെയ്തു നിങ്ങൾ വെടിപ്പാക്കുവിൻ
വനമാർഗ്ഗമതായെഴുന്നെള്ളുന്നവന്നു-
യാക്കോബവൻ തിരുനാമമതോ-
തിരുമുന്നിലങ്ങുല്ലസിപ്പിൻ
പരിശുദ്ധ-പാർപ്പിടത്തിൽ- നാഥനനാഥരിൻ
താതനവൻ- വിധവകളിൻ- വിധികർത്താ
കഴിയിരുത്തുന്നവനേകാകികളെ
അവൻ ബദ്ധരെ ശ്രീത്വത്തിൽ പുറപ്പെടുവിക്കുന്നോൻ
വരണ്ടിടത്തു വസിപ്പൂ മത്സർക്കാർ- പരന്നുപാടിടുവിൻ
കീർത്തിച്ചിടുവിൻ തിരുനാമം-

൩

നിഖിലേശ നിൻ ജനം മുന്നിൽ നീ നടന്നു
മരുമാർഗ്ഗമാം മരുഭൂമിയിൽ- പരനിസ്രായേലിന്നധിപൻ
തിരുമുന്നിൽ സീനായിൽ തന്നെ- പാരിളകി
വാനങ്ങളും- ഉന്നതൻ മുന്നിൽ പൊഴിഞ്ഞിതഹോ-
മഴനിറവായി ചൊരിയിച്ചു- തളർന്നിന്നവകാശം-
നീ നിവിർത്തി- തിരുസംഘം കുടിയേറി നാട്ടിൽ ദൈവമേ
നിൻ കൃപയാലെളിയവർക്കു- പാർപ്പൊരുക്കി-
പരന്നുപാടിടുവിൻ- കീർത്തിച്ചിടുവിൻ തിരുനാമം

൪

പരമേശനഹോ മൊഴിയേകുന്നു- ജയവാർത്തികളോ
ബഹുസൈന്യമമെ- പടനായകർ വിരണ്ടോടി വീട്ടിലിരുന്നവൾ
താവളത്തും പങ്കിട്ടുമേ- കിടന്നാലും- കിടന്നാകിലും
വെള്ളിപൊതിഞ്ഞ പ്രാക്കളൊടും- വൻപൊന്നിൻ

പ്രഭപൊതിഞ്ഞ ലോകങ്ങളോടും നിങ്ങൾ സമമാകമെ-
സർവ്വവല്ലഭൻ മന്നവന്മാരെ ചിതറിക്കുന്നാൾ - ശല്മോൻ
ഹിമംപോലെയതിൽ വെണ്മയാകും-
പരന്നു പാടിടുവിൻ - കീർത്തിച്ചിടുവിൻ തിരുനാമം

൩

മലബാശാൻ മല പരമേശനിൻ മലബാശാൻ മലകൊ
ടുമുടികളുള്ള - മലകൊടുമുടികളുടെയശിഖരികളെ - പരൻ
തന്റെ-പാർപ്പിടമാ-യാശിച്ചുള്ള ശൈലത്തൊടും
എന്തിനസൂയപ്പെട്ടിടുന്നു നിങ്ങൾ - എന്നുമതിൽ മന്നവനൊ
വസിക്കുംതാനുമെന്നാലൊ ദേവരഥങ്ങൾ - ഇരുപതിനാ
യിരം രട്ടിച്ചുലക്ഷങ്ങൾ തന്നെ- ദേവനുണ്ടതിൽ സീനാ
യിൽ-ശുദ്ധസ്ഥലത്തായി- പരന്നു പാടിടുവിൻ-
കീർത്തിച്ചിടുവിൻ തിരുനാമം-

൪

ഉയരത്തിലേക്കു പരമോന്നതാ ജയമോടു ഭവാൻ
കരയേറിപ്പോയിട്ടു-തോറവരെ കെട്ടിമാനുഷരോടും
മത്സരക്കാരൊടും- ദാനങ്ങളെ വാങ്ങിയല്ലും-യായെന്ന
ദൈവമതാല്ലസിപ്പാൻ - ആകുന്നനാൾ-തോറുമവൻ
അനുഗ്രഹിക്കപ്പെട്ടവനാകനമ്മിൽ- ഭാരം ചുമത്തിയാ
ലീശൻ തന്നെ നമ്മുടെ രക്ഷ- യേശുനാമത്തിനു ജയം
ജയമെന്നേവം- പരന്നു പാടിടുവിൻ കീർത്തിച്ചിടു
വിൻ തിരുനാമം-

---(0)---

## (൪൧) ൪൧ാം സങ്കീർത്തനം ൨൦— ൨൯

## ശ്രീരാഗം ചെമ്പടതാളം

### പല്ലവി

ഹേ പരദേവനെ ഹോശന്നാ- പതിനായിരത്തിനധിപൻ

മരണത്തിൽനിന്നൊഴിവുകർത്തനാമഖിലശക്തനറിൻ
തിരുകരത്തിലുണ്ടനിശമീ- പ്പര

## ചരണങ്ങൾ

നാഥനെ തന്നരികളിൻ- വൻതലയെതകർക്കും
പിഴച്ചുനടക്കുന്നവൻറെമുടികൾ- മൂടിയനെറുകയെ
തന്നെമുറിക്കുമാദിനാഥനരുചെയ്തതാനനിശമീ- പ്പര

൨

നിൻകാൽ രുധിരയിൽ ചവുട്ടുവാൻ നിന്നരികളിൽനിന്നു
നിന്നായുമുടെനായ്ക്കൾ നാവിന്നാസ്വാദിപ്പാനും- ബാശാൻ
ദേശത്തിൽനിന്നു ഞാൻ തിരിപ്പിച്ചാഴിയാഴത്തുന്നരിക
ളെ വരുത്തുമീ- പ്പര

൩

കണ്ടുനിൻ സഞ്ചാരമവർ- എൻപരനാമരാജൻവിശുദ്ധസ്ഥ
ലത്തുനടക്കുന്നതിനെ- മുന്നിൽപാട്ടുന്നവർപിന്നിൽ മീട്ടു
ന്നവർ തന്നത്തപ്പടിക്കും കന്നിമാർനടുവിലീ- പ്പര

൪

ജനസഭയിലുള്ളോരേ-നിങ്ങളനുഗ്രഹിപ്പിൻ-
സകലലോകത്തിൻപതിയെസഭയിൽശത്രുമേലധികതി
ച്ചിട്ടും-ചെറിയബെന്യാമിനവിടംതന്നിലുണ്ടനിശമീ-പ്പര-

൫

അങ്ങേവരെകയ്യേറുന്നയൂദാജനപ്രഭുക്കൾസെബുല്ലൂൻ
പ്രഭുക്കൾ- നപ്താലിപ്രഭുക്കൾ- ഏകിനിൻറെബലമേ
കിനാഥനാട്ടിയതൊക്കെചെയ്തുറപ്പിക്കനീ-സതതമീ- പ്പര

൬

ശ്രീയെറുശലേമിലുള്ള-നിൻമന്ദിരംനിമിത്തം
രാജാക്കന്മാർനിനക്കായിട്ടു- തിരുമുൻകാഴ്ചകൊണ്ടു

വരുമേശുവിന്നു-ജയമേശുവിന്നു-ജയമേശുവിന്നു ജയ
മീസ്രദേവന്നു ഹോനമുക്ക-

—(൦)—

## (൬൨) ൬൮ാംസങ്കീർത്തനം ൩൦— ൩൫

രാഗംടപ്പാ

### ഖണ്ഡങ്ങൾ

൧

നീരോടയിലുള്ളവൻ മൃഗത്തെയുംകാളക്കൂട്ടത്തെയും
പാരംഭത്സിക്കജനങ്ങളാംപൈക്കിടാക്കളോടുംകൂടെ

൨

ആയവർവെള്ളിവാളങ്ങളുമായിന്നടിവണങ്ങുംവരെ
നായകാചിതറിക്കനീ പോരിലിഷ്ടമുള്ളകുലങ്ങളെ-

൩

മിസ്രദേശത്തിൽനിന്നുടൻവരുമിങ്ങുമാടമ്പിമാരുഹാ
കൂശതിൽവേഗമീശനിൽതന്റെകൈകളെനീട്ടുംനിശ്ചയം.

൪

ദേവദേവന്നുപാടുവിൻനിങ്ങൾ ഭൂവിലുള്ളരാജ്യങ്ങളെ
നാവിനാൽസ്തുതിച്ചീശനെകീർത്തിച്ചിടുവിൻനിങ്ങളെന്നുമേ

൫

ആദിവാനങ്ങടെവാനങ്ങളിന്മേലെഴുന്നെള്ളുന്നോനിതാ

ഇൗറനാടമായിരുന്നൊലിവുകെച്ചിച്ചിടുന്നിരുള മുകിലിൽ

൩

ശക്തിയുമിസ്രായേലിന്മേൽ മഹാപ്രഭാവവുമെഴുന്നള്ള
നിത്യനാം സർവ്വശക്തനു നിങ്ങൾ ശക്തിയെ കൊടുത്തീടുവിൻ

൪

ഈശനിൻ വിശുദ്ധസ്ഥലങ്ങളിൽ നിന്നതിമാഭയങ്കരൻ
ഇസ്രായേലിനീശൻ ജനത്തിന്നു ശക്തിയുമൂക്കും നൽകു
ന്നോൻ-

൫

ഈശനാം നസറേശനെന്നുമനുഗ്രഹിക്കപ്പെട്ടവനെ-
മാജയം-ജയമെ-ജയം-ജയം_ യേശുനാമത്തിന്നു ജയം-

—(൦)—

( ൩൨ ) ൮൭ാം സങ്കീർത്തനം ൨- ൭. ൧൦- ൧൭.

രാഗം ആരഭി. ആദിതാളം.

പല്ലവി.

യേശുരാജൻ വരുമെ-സീയോനെ നിന്റെ
ക്ലേശമൊക്കയും തീരുമെ-

അനുപല്ലവി.

യേശുരാജൻ വരുമ്പോഴം കോടിസൂര്യപ്ര
കാശം പോലിരിക്കുമാകാശ മണ്ഡലത്തിങ്കൽ- യേശു

ചരണങ്ങൾ.

മന്നവമന്നൻമനുനന്ദനരെക്കാളേറി
സുന്ദരരൂപമുള്ളവൻ - കൃപ
തന്നധരങ്ങളിൽ പകർന്നതാലനുഗ്രഹം
എന്നേക്കുമേറ്റിരിക്കുന്നവൻ - ശക്തൻ
ഉന്നതതേജസ്സോടും മിന്നും പ്രഭാവത്തോടും
തന്നുടെവാളതുതുടതന്നിൽ തിളങ്ങീടവെ - യേശു

൨

സത്യം സൌമ്യത നീതിനിത്യം തനിക്കുള്ളതാൽ
ഐശ്വര്യം മഹത്വത്തോടും - അതി-
ശക്തിയോടും പ്രബലപ്പെട്ടു വാഹനമേറും
കർത്തൻ വലങ്കൈതന്നോടും - ഭയം-
തരും കാര്യങ്ങളോതും ശത്രുക്കളുള്ളിൽ തന്റെ-
അസ്ത്രങ്ങൾ പാഞ്ഞുകേറീട്ടതാലൊടവർവീഴും- യേശു

൩

പുത്രീ ചെവികൊണ്ടുള്ളത്തിൽ വിചാരിക്ക നിൻ
ശ്രോത്രത്തെ ചായിച്ചീടുക - സ്വജ-
നത്തെയും നിൻപിതൃഗൃഹത്തെയുംമറക്ക നീ
പാർത്ഥിവനപ്പോൾ നിന്നുടെ - അഴ-
കേറ്റം കൊതിക്കും പ്രാണനാഥനവനാകയാൽ
കാൽത്തളിരിൽ വീണുകൈകൂപ്പിവന്ദിച്ചീടുക - യേശു

൪

മന്നവമകളെ കേൾനിന്നുൾമുഴുവനും നി-
റഞ്ഞിരിക്കുന്ന മഹത്വം - നല്ല-
പൊന്നിൻ കസവുള്ളതാകുന്ന നിന്നുടെവസ്ത്രം
കന്യകമാരാം തോഴിമാ- രോടു-
ഉന്നതാനന്ദത്തോടെ മന്നവനുടെപുരി
തന്നിൽ പ്രവേശിച്ചു നീ എന്നും മോദമാർന്നുവാഴും - യേശു

## (൬൮) ക്രിസ്തു താഴ്മയുപദേശിച്ചതു

ആനന്ദഭൈരവി — മുറിയടന്ത

ക്രിസ്തുയേശു ശിഷ്യരുടെ കാലുകളെ കഴുകീട്ടതന്നു
പ്പുകഴ്ത്തശേഷം
പിന്നെയും ചാരിയിരുന്നു ചൊന്നവരോടു
ഞാൻ ഇന്നു നിങ്ങളോടു ചെയ്തതിന്നെന്തെന്നുള്ളിൽ

൨

നിങ്ങളറിയുന്നുവൊ ഗുരുവുമധിപനുമെ
ന്നിങ്ങിനെ നിങ്ങൾ വിളിച്ചിടുന്നിതെന്നെ-
അങ്ങിനെ ഞാനാകയാൽ നന്നായുരക്കുന്നു-
യെന്നാൽ നിങ്ങളുടെ നാഥനും ഗുരുവുമായ ഞാൻ

൩

നിങ്ങളിൻ പാദങ്ങളെ-കഴുകിയെങ്കിൽ തമ്മിൽ
നിങ്ങളും പാദങ്ങൾ കഴുകേണ്ടതാകുന്നു
നിങ്ങളോടു ചെയ്തുവണ്ണം നിങ്ങളും ചെയ്യേണ്ടതിനൊരു
മംഗലദൃഷ്ടാന്തമിന്നു തന്നു നിങ്ങൾക്കു-

൪

ആമെനാമെൻ നിങ്ങളോടു ഞാനുരക്കുന്നു
തൻ കർത്താവിനെക്കാൾ ദാസനയച്ചവനെക്കാൾ
ദൂതനും വലുതല്ലിവ നിങ്ങളറിയുന്നെങ്കിൽ
ചെയ്യുവന്നാലവ നിങ്ങൾ ധന്യരാകുന്നു-

൫

നിങ്ങളെല്ലാവരും ധന്യരെന്നു ചൊല്ലുന്നില ഞാ
നിങ്ങളെ തിരഞ്ഞെടുത്തോരെ ഞാനറിയുന്നു
അപ്പമെന്നോടു തിന്നുന്നവനെൻ നേരെ
തന്മടനുയർത്തിയെന്ന തിരുച്ചൊല്ലാൽ നിവൃത്തിക്കും

൬

സംഭവിക്കും മുമ്പിലതു ചൊല്ലിനെ- നിനിയതു
സംഭവിച്ചീടും പൊഴെ ഞാൻതന്നെയെന്നതു
നിങ്ങൾ വിശ്വസിച്ചുകൊള്ളാനുണ്മയിൽ തന്നെ- ഞാനും
നിങ്ങളൊടീവ്വണ്ണമുരചെയ്യീടുന്നു

൭

ഏകിഞാനയച്ചവനെ സ്വീകരിക്കുന്നൊൻ- എന്നെ
സ്വീകരിച്ചീടുന്നിതെന്നെ സ്വീകരിക്കുന്നോൻ
എന്നെ നിയൊഗിച്ചവനെ സ്വീകരിക്കുന്നു എന്നു
ചൊന്നിതു ഞാൻ നിങ്ങളൊടു സത്യമായിട്ടു

൮

ഇങ്ങിനെ താണ്മയുപദേശിച്ച യേശുവെ- ദോഷം
തിങ്ങിയേററം പൊങ്ങിയുള്ളോരീമരുവിനെ
ഭംഗിയിൽ താണ്മപ്പെടുത്തി മംഗലമാക്കി- കൃപ
തങ്ങുവാൻ തിരുകടാക്ഷം ഇങ്ങുനൽകുക-

—⁘(൦)⁘—

## (൬൫) പെസഹാ ഒരുക്കുവാനായി ശിഷ്യരെ അയച്ചതു

൧

ചൊല്ലെഴും പെസ്സായെന്നറുക്കിപ്പൊരുനാളായി-
ശിഷ്യരേശുവിന്നരികെചെന്നു നിന്നരുതിടത്തിൽ
പെസഹാഭക്ഷിപ്പാനായി-

൨

ഞങ്ങളൊരുക്കേണ്ടു എന്നു മംഗലനോടപ്പേർ

ഉരചെയ്യതിന്നാദിനാഥനമ്പൊടു പേത്രയൊഹന്നാന്മാ
രെന്നിവരൊശ്ലീഹ്മാ-

൨

പട്ടണത്തിൽ ചെല്ലുമ്പോൾ കുടം വെള്ളവും ചുമന്ന്
ഒരുവനെതിരെ വരുന്നിങ്ങളോടവൻ കേറുന്നവീട്ടിൽ
പിൻചെന്നടൻ

൩

വീട്ടുടയവനോടു പറയിൻ ഗുരു നിങ്ങൾ
എന്റെ കാലമാസന്നമായിരിക്കുന്നു, ഞാനെൻ
ശിഷ്യരുമായുള്ള സഹ ഭ-

൪

ഭക്ഷിപ്പാനുള്ള ശാലയെവിടെ എന്നറിയിന്നൊടു-
പറയുന്നിതു ഗുരുവെന്നു ചൊല്ലുവിനെന്നാലായവൻ
നന്നായൊരുക്കിയ-

൫

വന്മാളിക നിങ്ങൾക്കു കാണിക്കുമവിടെ നിങ്ങൾ
ഒരുക്കീടുവിൻ നമുക്കായെന്നാൻ ചൊല്ലുകെ പുറപ്പെട്ടവിടെ
നിന്നു ശിഷ്യർ

൬

പട്ടണം തന്നിൽ വന്നു തങ്ങളോടുരച്ചവണ്ണം
അവർ കണ്ടുമോദമുൾക്കൊണ്ടവിടെ ചൊല്ലുകൊണ്ട
പെസ്സഃശന ഒരുക്കീടിനാർ

൭

ഷനേക്കുലേക്കടംവ ജീവനുള്ളിന്നവൈ
റിലത്തിനായും പെസഹത്തിന്നുമായ്ക്കാത്തിന്റെ ഓർത്തി
ന്നരുസമേകകാ

(ന്നന്ന)

## ൧൦൦ാം - സങ്കീർത്തനം

൧

സകല ഭൂതലമെ സകലാധിപതിക്കും
സ്കലനേരവും ഘോഷിച്ചീടുവിൻ നിങ്ങൾ

൨

മോദത്തോടെ യഹോവായെ വണങ്ങിസം
ഗീതത്തോടവൻ മുൻവന്നീടുവിൻ- നിങ്ങൾ

൩

കർത്തൻതന്നെ ദൈവമെന്നറിഞ്ഞീടുവിൻ
സൃഷ്ടിച്ചതവനത്രെ നാമല്ലനമ്മെ-

൪

ആയവന്റെ ജനമാകുന്നഹൊനാം
ആയവന്നുള്ളാടുകളാകുന്നുനാം

൫

അത്യുന്നതന്റെ വാതില്കളിൽനിങ്ങൾ
സ്തോത്രത്തോടെ കടന്നീടുവിൻ നിങ്ങൾ

൬

സ്തുതിയോടുമണ്ഡപങ്ങളിൽ പ്രവെശിപ്പിൻ
സ്തുതിച്ചവന്റെ നാമം വാഴ്ത്തുവിൻ നിങ്ങൾ

൭

കർത്താവുനല്ലവൻ അവന്റെ കരുണ സത്യം
നിത്യവുമായുള്ളതാകുന്നു സത്യം

൮

ക്രിസ്തുയേശുനാമത്തിന്നു ജയംജയമെ-
ക്രിസ്തുയേശുനാമത്തിന്നു ജയം ആമേൻ

---

(൩൭) ൧൦൨-ാം സങ്കീർത്തനം ൧൩-൨൨-

൧

സീയോൻ സഭയെ കനിയുക-നായകാനി എഴുന്നേറ്റുവേ
ഗം-തക്കസമയമിതല്ലയൊ- സ്വർഗ്ഗനാഥാ കനിവാനവളെ

൨

നിശ്ചയം നിസ്സംശയമതെ- നിശ്ചയിച്ച നേരം വന്നിത
ഹോ-നല്ല നിൻ ദാസന്മാരവൾ-കല്ലുകളിലിഷ്ടപ്പെട്ടിടുന്നു

൩

മുറ്റം ഖേദത്തോടവളുടെ പൂഴികളവർ ദയ കാണിക്കുന്നു
ജാതികൾ ദേവനാമത്തെയും- ഭൂതലത്തിലുള്ള മന്നരൊക്കെ

൪

ഏററം ഭയപ്പെടുമെ നിൻെറ ഉന്നതമായുള്ള മഹത്വത്തെയും
ഏകൻ സീയോനെ പണിയുമ്പോൾ- ദേവൻ തൻ തേജ
സ്സിൽ കാണപ്പെടും

൫

ഈശൻ നിരാശ്രയക്കാരുടെ- യാചനകെട്ടു വിചാരിച്ചിടും
പിൻ വരും സന്തതിക്കിതിനു മുന്നെഴുതപ്പെട്ടിരിക്കുന്നിതാ

൬

പിന്നാലിജനിപ്പാനുള്ള ജനം- ഉന്നതനെ സ്തുതിചെയ്തീടു
മെ- ജാതിജനങ്ങൾ രാജ്യങ്ങളും- നാഥനെ സേവിപ്പാ
നൊന്നായി കൂടി-

൭

സീയോനിൽ ദേവനാമത്തെയും- സാലേമിൽ ദേവസ്തു
തിയെയുമെ- [illegible]ത്തോടറിയിച്ചീടും- ആകുലമെല്ലാ
മവനൊഴിക്കും

൮

ബന്ധനക്കാരരുടെ ബദ്ധ-സന്താപമൊക്കയും തീർത്തിടുമെ-

ചാവിന്നായിനെ മിച്ചവരെത്താൻ- ചാവിൽ നിന്നു വിട്ടു
വിച്ചിട്ടമെ-

൯

തന്റെ ശുദ്ധസ്ഥലത്തിൽ- നിന്നുന്നതത്തിൽനിന്നു ദേ
വദേവൻ-നോക്കിഭൂവൊക്കയും തെജസ്സിൻ- നാകിലടങ്ങി
വിളങ്ങികണ്ടു-

൧൦

ക്രിസ്തുശുനാമത്തിന്നു ജയംക്രിസ്തുശുനാമത്തിന്നു ജയ
മെ- ക്രിസ്തുശുനാമത്തിന്നജയം- ആമെനാമ്മെനാമ്മെ
നേശുവരും

—൧—

(ന്വ്വ) ൯ന്നാം- സങ്കീർത്തനം- ൧൦— ൧൨

തോടി ത്രിപുട

പല്ലവി

പറവിൻ പറവിൻ പുറജാതികളോടു
പരമയഹൊവാഭരിക്കുന്നിതെന്നു

അനുപല്ലവി

പറവിൻ പറവിനവർ തൊഴുന്ന ദേവകളെല്ലാം
ഉയിരില്ലാത്തുരുപങ്ങൾ തദിന്നും ഭേദമില്ലെന്നു- പറ

ചരണങ്ങൾ

പറവിൻ പറവിൻ പരൻ പെരികെപരികെസ്തുതി

ഗോവുമെഷുവരാൻ തന്റെ പിറവിൻ ശ്രീയകൾ പാടാം
വിരച്ചുമേസറചെയ്യും തന് പണിക്കാർ വാനവർക്കോ-
കരങ്ങിന്നുകാ കാണിക്കുന്നിത് വാനവിരിവെന്നം- പറ

൬

പറവിൻ എതിരിപ്പാത്ത കരുതൻ കർത്തനെന്നോരോത്തു
പറവിൻ പൂരണതജസ്സുമവനൊരുവനെന്ന്
പറവിൻ താൻ ഹേതുമതിന്നരചനൊന്നൊരാരുക്കുണ്ടു
പറവിൻ പാപിയോടേവഴിച്ചുരുത്തുമെ സർവ്വേത്തോടു- പറ

൭

പറവിൻ പറവിൻ യേശുഭരിക്കുന്ന വിലങ്ങരെ
പുത്രാകും മേൽ മിഖാകും ശരുമിലുമലപ്പേരെ താൻ
കരയുന്ന ജനങ്ങളിൻ കരമിന്നെ തണുപ്പിക്കും
വരുത്തപ്പെട്ടവർക്കെല്ലാം പരുത്തും മാറ്റുതലെന്നു- പറ

൮

പറവിൻ പാപികളെ രക്ഷതിപ്പാൻ യേശുവന്നെന്ന
പറവിൻ ചതുയരോശു മരണത്തെജയിച്ചെന്നു
പറവിൻ മേഘമേറിപ്പോയിരിക്കുന്ന പരനെന്ന
പറവിൻ പെയ്യുമ്പോലെ വർമ്മേശു വരുമെന്നു- പറ

൯

പറവിനർ പിയലുന്നപർമേയശുർാജനെന്റെ
മരണമെത്രനാന്നെന്ന പുറത്തുമെവരോടെല്ലാം
പറവിൻ താനവർക്കെങ്ങും പിഴനേച്ചാമൊരുക്കിവ
ച്ചിരിക്കുന്നതെണം നിങ്ങൾ വരുവിൻ വരുവിനെന്ന പറ

൰

പറവിൻ യേശുവിൻ ജീവചരിതമൊക്കയും നിങ്ങൾ
മറച്ചിന്നുരപ്പാട്ടു മറക്കും ഞാനവരെല്ലാം
വെടിയും വിഗ്രഹമെല്ലാം മുറപ്പൻ ഏലികൾ കാവൽ
എറിയേശുകിരിസ്തുവിനതിൽ ചേരുമന്നേരം- പറ

—(൦)—

## (൩൯) തോട്ടത്തിലെ പ്രാർത്ഥന

പുന്നാഗവരാളി — മുറിയടന്ത

### പല്ലവി

പരമതനയനാകുമേശുദേവനോററവും
പരിഭ്രമിച്ചും വലഞ്ഞും വ്യസനപ്പെട്ടും തുടങ്ങി.

### ചരണങ്ങൾ

മരണം വരയുമെൻെറ - ദേഹിമഹാ ദുഃഖത്തിൽ
മരുവുന്നോരെന്നോടു കൂടെ നിങ്ങളുണർന്നിരിപ്പിൻ. — പര

൨

എന്നവരോടുരചെയ്തു - മുന്നോട്ടല്പം ചെന്നവൻ
മണ്ണിൽ മുഖം കവിണ്ണു - വീണു പ്രാർത്ഥിച്ചാനേശു — പര

൩

കഴിയുമെന്നാലീനേരം - കഴിഞ്ഞു നീങ്ങിപ്പോകേണം
കഴിയുമെന്നിന്നാലെല്ലാം - അബ്ബാ പിതാവേ താതാ — പര

൪

ഈ പാനപാത്രമെന്നിൽ - നിന്നകററിക്കൊള്ളുക
അബ്ബാ പിതാവേ പരി - ശുദ്ധമുള്ള ദൈവമേ - — പര

൫

എന്നാലുമെന്നിച്ഛയിൻ - പ്രകാരമല്ല പിതാവേ
നിന്നിച്ഛയിൻ പ്രകാരമാ - കുന്നതു നന്നെന്നാൽ — പര

൬

പിന്നെയെന്നവരുറ - ങ്ങുന്നതു കണ്ടേശു
ചൊന്നാൻ പേത്രനോടു ശി - മോനേ നീയുറങ്ങുന്നോ — പര

൭

നാഴിക നേരമുണ-ൎന്നിരിപ്പാൻ കഴിഞ്ഞില്ലയൊ-
വീഴായിവാൻ പരീക്ഷയിൽ ഉണൎന്നു പ്രാൎത്ഥിച്ചുകൊൾവിൻ

൮ പര

ആത്മാംമനസ്സുള്ളത- ജഡമോബലഹീനമെ-
ദേവസുതൻ പിന്നെയും- രണ്ടാംപ്രാവശ്യംപോയി- പര

൯

ഞാനിതുകുടികാതെ- നീങ്ങിയെങ്കിൽ പിതാവെ-
ന്നാനംനിന്നിഷ്ടംപോലെ- ഭവിക്കായെന്നുപ്രാൎത്ഥിച്ചു- പര

൧൦

വാനിൽനിന്നൊരുദൈവ-ദൂതനേശുനാഥനെ-
കാണായിവന്നിതാനേര-മവനെശക്തിപ്പെടുത്താൻ- പര

൧൧

അത്യാസന്നസ്ഥിതിയിലാ- യിരുന്നോരളവിൽ-
അത്യന്തശ്രദ്ധയോടെ, പ്രാൎത്ഥിച്ചാനേശുദേവൻ പര

൧൨

തിരുമേനിയിൽ നിന്നപ്പോ കറയില്ലാത്ത വിയൎപ്പു
തറയിൽ വീണുവലിയരുധിരത്തുള്ളികൾപോലെ പര

൧൩

പ്രാൎത്ഥനയിൽ നിന്നെഴുന്നേറ്റു മടങ്ങിവന്നു
നാഥൻ നോക്കികണ്ണുകൾ- ഭാരമേറുകയാലെ- പര

൧൪

ആത്തൽ പൂണ്ടുറങ്ങിനാർ- എന്നു കണ്ടവരെന്തു
ഉത്തരം പറയേണ്ടു- എന്നറിഞ്ഞതുമില്ല- പര

൧൫

ദേവനവരെവിട്ടു മൂന്നാം- പ്രാവശ്യവും പൊ
യാവാക്കുതന്നെ ചൊല്ലി- പ്രാൎത്ഥിച്ചാൻ പരനോടു പര

൧൩

മംഗളൻ മൂന്നാമത്തും- വന്നു പറഞ്ഞീടുന്നു
നിങ്ങളിനിയുറങ്ങി- ആശ്വസിപ്പിൻ മതി- പര

൧൪

നേരം വന്നിതുമനു- നന്ദനൻ പാപികളിൻ
ക്രൂരകൈകളിലിതാ- ഏല്പിക്കപ്പെട്ടീടുന്നു- പര

൧൫

പോകനാമെഴുന്നേല്പിൻ- എന്നെകാണിച്ചീടുന്നോൻ
വേഗംവന്നണയുന്നു പാപക്കാറയററവാ- പര

൧൬

ഇപ്പാട്ടുകളേല്പതി-ന്നിപ്പാപിയല്ലൊഹേതു-
ഇപ്പുണ്യത്തിന്നീടാമൊ-യിപ്പുഴുനിന്നടിമ- പര

)✧(൦)✧(

## ( ൭൦ ) പിശാചിനോടു പോരാട്ടം

മോഹനം

### പല്ലവി

പിന്നിൽ പോകനീ പിശാചാധിപാ- യേശു
മന്നവനുണ്ടിനിക്കു പാപാധിപാ-

### അനുപല്ലവി

ഉന്നതാനന്ദസുഖത്തൊടു ദൈവത്തിൻ, ·
സന്നിധിതന്നിലാനന്ദമായിവാണീടും
ഉന്നതന്റെ മഹാനന്ദം വെടിഞ്ഞോരു- ദുഷ്ടാത്മാ

ക്രിസ്തുദാസനാമെൻെറ- പിന്നി

## ചരണങ്ങൾ

ആദിയിലെദനിൽ ആദിമനുജരെ പാതകാനിചതിച്ചു
അനാദിസുതനതിനാലിഹഭൂലോകത്തിൽ ജാതനായിവന്നു
ദിക്കു- ദുഃഖമോടെ യതിവെദനപ്പെട്ടിട്ടും- മോദമുടൻ
മൃതനായുയിർതിച്ചെന്നെ- പാതകാനിൻ തലയാകെത
കർത്തഹൊ-ദുസ്സാ, ദുസ്സാ ക്രിസ്തുദാസനാമെൻെറ പിന്നി

൨

നരഗണം നരകെറിന്നരികിലായിദുരിതങ്ങൾ വരുമാറു
കരുതികൊണ്ടു ഈധരണിയിലനുദിനം ഒരു സിംഹത്തെ
പോലലറിയലറികൊണ്ട- മരണവലകളെൻെറ
അരികെവച്ചിരുന്നാലും- കരുണപാരിധിയാകും-മറിയമ
കനാമെശു അരികെയുണ്ടിനികതാലൊരു ഭയവും ഇല്ലാ_
ദുസ്സാ ദുസ്സാ ക്രിസ്തുദാസനാമെൻെറ പിന്നി

൩

ഫണിയാണം പഴയെന്ന പൊലെ തൊട്ടുത്തുനിഎച്ചു
ന്നെന്നിൽ നീ- ഈശനിൽ നരരെകൊണ്ടെന്നെപ്പീഡി
പ്പിപ്പതിന്നൊരുങ്ങുന്ന നീ- നിന്നുടെ നീചഗണ
ത്തൊടുപോതിന്നായി എന്നരികിൽ സദാവന്നുനിന്നീടിലും
മന്നവ മന്നനാകന്നൊനിറികുണ്ടു ദുസ്സാ ദുസ്സാ ക്രിസ്തുദാ
സനാമെൻെറ പിന്നിൽ പൊക നീ പിശാചാധിപാ-

—()—

## ( ൭൧ ) സുറിയാനി നമസ്കാരത്തിൽകുക്കായാ എന്നുള്ള ലയത്തിൽ ചൊല്ലണം

൧

എല്ലാദിവസങ്ങളിൽവലുതു-ഞായർദിനംതന്നെ-
ഇഹപരലോകെസൃഷ്ടികളും-മോദിക്കുന്നീദ്ദിനം-
ദൈവസിംഹാസന-മിതിലലങ്കരിക്കുന്നു-
രക്ഷയിൻസുവിശേഷ-മിതിലറിയിക്കുന്നു-
ഉയിരവർമരിച്ചവർക്കനുകൂലം-ആശാബന്ധമുണ്ടായി
കബറിൽനിന്നിഹകർത്താവും-ഉയർത്തെഴുന്നീററീദ്ദിനം-
ഹല്ലേലൂയ്യാ- സഭമോദിക്കുന്നു-

൨

ലോകരക്ഷകൻമിശിഹാരാജ-ൻ്റുയിർത്തെഴുന്നേല്പിങ്കൽ-
ഇഹപരലോകംസന്തോഷം-വലുതായിസന്തോഷിച്ചു-
നരരക്ഷയ്ക്കായി-ജഡദേഹത്താൻധരിച്ചു-
കഷ്ടതസഹിച്ചു-സ്ലീബായുംഏറി-
കഷ്ടത്താൽതാൻമരണത്തെ-രുചിനോക്കിക്കണ്ടു-
പാതാളംപുക്കുമഹത്വത്താൽ-കബറിൽനിന്നുയിർത്തു-
ഹല്ലേലൂയ്യാ- തന്നാൽജഗൽമോദം-

---

## ( ൭൨ ) പരിശുദ്ധാത്മാവിനോടുള്ള അപേക്ഷ

സാവേരി) പല്ലവി (ചെമ്പട

ശുദ്ധാത്മാവെ നിനക്കെന്നും തേജസ്സുണ്ടാക

## അനുപല്ലവി

പാപയിരുൾ കൂടിയെവും
സംവെള്ളങ്ങളിന്മേലാവസിച്ചീടണമെ ദേവ

## ചരണങ്ങൾ

ആല്പാസ്സിൽ ഉരുവാകയില്ല വയെന്ന തിരു
വൃക്ഷമറിയുന്നില്ലയൊ വെള്ളം നാറുന്നില്ലയൊ
എല്ലാം ചീമൊട്ടുപൊലാം തള്ളയാം
ദൈവമെ നിന്നുള്ളമലിഞ്ഞീടെണം- ദേവ

൨

നിന്നാലെല്ലാം കഴിയുമൊന്ന മസാദ്ധ്യമല്ല
പൊന്നെകനീഞ്ഞീടണമെ-ഒന്നാമാദാമ്യർ
വെറും മണ്ണുനോക്കുന്നില്ലയൊ ഒന്നിരുമാ
കാത്ത സംമണ്ണൊടൊ കോപിക്കുന്ന- ദേവ

൩

പാപംവർദ്ധിച്ചെന്നകകാമ്പിൽ വിചാരിച്ചിട്ടൊ
കോപമായിരിക്കുന്നതു- പാപം വർദ്ധിച്ചിടത്തു
ജീവകൃപയേററവും ദേവനെ വർദ്ധിച്ചെന്ന
നീപറഞ്ഞിട്ടില്ലയൊ- ദേവ

൪

ദുഷ്ടുകൊണ്ടു ചത്തനായാ മടിയനിതാ-
നായകനൊടുരയ്ക്കുന്ന- ആയവരിൽ
നിന്നെന്നെ നീയല്ലൊവലിച്ചെടുത്തു
വായജീവനഗരമായതിലാക്കിയതു ദേവ

൫

പാതകനിക്കുവല്ല പാത്രനല്ലാതിരുന്ന
നാഥാനീകനിഞ്ഞില്ലയൊ

ജാതികളഖിലൊന്നാശ പാത്രങ്ങളായിരിക്കു
ന്നാദരവൊടു വേഗം നീ ദർശിച്ചീടെണം- ദേവ

ന്വ

ചിത്തം കനിഞ്ഞുനിൻ സംപത്താം സഭയെയുറ
ക്കത്തിൽനിന്നുണർത്തീടുക-കർത്തൻവരവുനോക്കി
കാത്തിരുന്നീടാൻ ജീവശക്തിയെ
നീ നല്കിനടത്തീടണമെ നാഥാ_ ദേവ

—⁂—

## (൧൨) സുറിയാനിലയത്തിൽ

### കുക്കായാ.

ഫ

പാപികളും ബലഹീനരുമാ മടിയാരിതാ-
മെല്ലെപ്പേരാം ദൂതരെപ്പോൽ- സ്തുതിചെയ്യിടുന്നു-
എല്ലാക്കാലോം-ഉന്നതനാം ദേവാ-
യെല്ലാനാളും സ്തുതിനിനക്കുണ്ടാക-
ഭൂവിയിൽ സമാധാനം ഉണരും മർത്യർക്കെല്ലാം-
സംപ്രീതിയുമുണ്ടായിവരട്ടെ-
ഞങ്ങൾനാക്കും ദേവാ—. ഹല്ലേലൂയ്യാ— ഉ— ഹല്ലേലൂയ്യാ-

വ

സർവ്വേശ്വരനാമുടയോനൊ_മഹത്വ ദേവനെ-
പാപികളാംമടിയാർനിന്നെ- സ്തുതിചെയ്തിടുന്നു.
വാഴ്ത്തീടുന്നു-വന്ദനംചെയ്യുന്നു-
സ്തുതിയുടെശബ്ദം-പാടിച്ചൊല്ലുന്നു-
ആകാശത്തിന്നധിപതിയെ,- അപ്പാസ്രാ
ന്റാവെ- തവതിരുനാമത്തിന്നസ്തോത്രം-

൧൧൯

എന്നേക്കും ദേവാ— ഹല്ലേലുയ്യാ— ഉ— ഹല്ലേലുയ്യാ-

൨

വിശുദ്ധാത്മാവോടുംകൂടെ-ശ്രീയേശുവെ-
ബാവായുടെ ഏകസുതനാം- ദേവാദിദേവാ-
തൻതിരുസുതനെ-വചനമായോനെ-
ലോകത്തിൻപാപം- വഹിച്ചോരു കുഞ്ഞാടെ-
കല്മഷമെല്ലാമൊഴിച്ചോനെ-തിരുച്ചെവിചായ്ച്ചു-
അടിയാരുടെപ്രാർത്ഥനയെകേട്ടനു
ഗ്രഹിക ദേവാ— ഹല്ലേലുയ്യാ- ഉ— ഹല്ലേലുയ്യാ-

൩

തവപിതൃവലമമരുന്നോനെ- മഹത്വാസനനെ- നീ
ദയയാൽദർശിച്ചടിയാരെ- അനുഗ്രഹിച്ചീടേണമെ-
എന്നെന്നേക്കും-നീ മാത്രംവിശുദ്ധൻ-
എന്നെന്നേക്കും- നീ മാത്രംകർത്തൻ-
വിശുദ്ധാത്മാവോടുംകൂടെ-പിതൃനാമത്തിനു
മഹത്വമുണ്ടാകട്ടെ ദേവാ-എന്നേക്കും
ആമ്മീൻ— ഹല്ലേലുയ്യാ— ഉ— ഹല്ലേലുയ്യാ-

൪

സർവ്വേശ്വരനാംകർത്താവെ-പിതാക്കൾക്കുടയോനെ-
ഊഴിയിലടിയാർജീവിക്കും-നാളെല്ലാംനിന്റെ-
തിരുനാമത്തെ-എന്നേക്കും സ്തുതിക്കും-
പരനെനിന്നെ-എന്നേക്കും സ്തോത്രം-
തിരുനാമത്തിനുകൊണ്ടാടും-എന്നെന്നേക്കും-
മഹത്വത്താലെപ്രാബല്യപ്പെടീടും
ആമേൻ— ഹല്ലേലുയ്യാ ഉ— ഹല്ലേലുയ്യാ—

൫

പിതൃപുത്രവിശുദ്ധാത്മാവെ- സ്തുതിനിനക്കുയോഗ്യം
തിരുനാമത്തിനുവാഴ്വുമാനം- അർഹമായിടുന്നു-
പുകഴ്ച്ചയെന്നും-തിരുനാമംപാത്രം-

കീൎത്തിക്കെന്നും- തിരുനാമം യോഗ്യം-
അടിയാരുടെമേൽദയതോന്നി-കരളലിഞ്ഞി
ടെണമെ- സ്തുതികൾപാടിഘോഷിപ്പാൻ-
തിരുമനസ്സാകെണമെ—. ഹല്ലേലുയ്യാ-ഉ- ഹല്ലേലുയ്യാ

---

## (൭൪) പൊക്കണം മടിശ്ശീല വാൾ എന്നിവ കല്പിക്കുന്നത.

പരശുരാഗം | മുറിയടന്ത

ചരണങ്ങൾ

പിന്നെശിഷ്യരോടു യേശുദേവൻചൊന്നിതുനിങ്ങളെ-
ഞാനയച്ചപ്പോൾ- ഞാനയച്ചപ്പോൾ-

൨

പൊക്കണവുംമടിശ്ശീലപാദരക്ഷകളുമിവകൂടാതെ
തന്നെ-കൂടാതെതന്നെ-

൩

നിങ്ങൾക്കൊട്ടും കുറവുണ്ടായൊ- ഒട്ടുംഞങ്ങൾക്കുണ്ടാ
യില്ലാ എന്നവർചൊന്നാൻ- എന്നവർചൊന്നാൻ-

൪

എന്നതിനവരോടുദേവനന്ദനൻചൊല്ലിനാനെ
ന്നാലൊന്നിങ്ങൾ- എന്നാലൊന്നിങ്ങൾ-

൫

മടിശ്ശീലയുള്ളവനിപ്പോൾ അതുംഎടുക്കപൊക്കണവു
മവ്വണ്ണംതന്നെ- അവ്വണ്ണംതന്നെ-

൬

ഇല്ലാത്തവൻതന്റെവസ്ത്രംവിററുകൊള്ളുകയുംചെയ്ക-
ഖഡ്ഗമൊന്നിപ്പോൾ- ഖഡ്ഗമൊന്നിപ്പോൾ

൭
എന്തെന്നാൽദ്രോഹികളോടുംക്രൂടേഎണ്ണപ്പെട്ടയെ
ന്നെഴുതിയിരിക്കുന്നു- എഴുതിയിരിക്കുന്നു-

൮
എന്നിലിനിംനിവൃത്തിക്കു- മതുഎന്നുനിങ്ങളോ
ടുണ്മയിൽചൊന്നാൻ- ഉണ്മയിൽ- ചൊന്നാൻ-

൯
കാരണമെന്നെക്കുറിച്ചു-ള്ളകാര്യങ്ങൾക്കവസാന
മുണ്ടെന്നാൻ- അവസാന മുണ്ടെന്നാൻ-

൧൦
ഇതാരണ്ടുവാൾനാഥാ- എന്നാർമംഗലനൊമതി
യെന്നുപറഞ്ഞാൻ- എന്നുപറഞ്ഞാൻ-

൧൧
നാഥാനീചദ്രോഹിയാമീമഹാപാതകനുഗതി
നീയല്ലാതുണ്ടോ- നീയല്ലാതുണ്ടോ-

൧൨
ശരണംശരണം യേശുദേവാനിൻറെകരുണാഭാ
വിനെതന്നുനടത്തുക എന്നെ നടത്തുക എന്നെ-

## (൭൩) പ്രസംഗവരത്തിനായി അപേക്ഷ

സൌരാഷ്ട്രം ചെമ്പട

### പല്ലവി

പറവാൻവരമരുളുക- ദേവാത്മാവെനീ
പറവാൻവരമരുളുക-

### അനുപല്ലവി

പറവാൻവരമരുളുക- പരമപുരുഷവാക്യമെശു
ചരിതമെല്ലാവർക്കുമറിവാൻതക്കവണ്ണമായി- പറ

## ചരണങ്ങൾ

പറവാൻസഭമദ്ധ്യത്തിങ്കൽനില്ക്കുമ്പോൾനിങ്ങൾ
പറയേണ്ടുംകാൎയ്യങ്ങളെല്ലാം-
പറവാനറിവുംനാവുംപരമപിതാവിന്നാത്മാ
വരുളീടുംനിങ്ങൾക്കെന്നുഗുരുയേശുചൊന്നതുപോൽ- പറ

൨

അറിവിൽശിശുവാകുന്നൊരു- അടിയനെന്നീ
വെറുതെഴുതീടരുതെ_
തിരുവേലചെയ്യ്തിന്നും തിരുവാക്യങ്ങളിൻസാരം
തെളിയിച്ചെന്നുള്ളിൽധൈൎയ്യംതരികസദാത്മാവെന്നീ- പറ

൩

വിക്കനാകുന്നമോശയെ- കൊണ്ടുഇസ്രായേൽ
മക്കൾക്കുപറയിച്ചോനെ-
ഇക്രിമിയേയയുംനിന്റെ തൃക്കൺതുറന്നുനോക്കി
തക്കവരങ്ങൾ തന്നവെക്കമെല്ലാവരോടും- പറ

൪

പറവാനപ്പോസ്തോലന്മാരെ- പെന്തിക്കോസ്തെന്ന
പെരുനാളിൽജനങ്ങൾമുമ്പിൽ
തിറമോടങ്ങുനിറുത്തിതിരുരക്ഷകൻമററതാം
തെളിവാല്പലഭാഷയിൽപറയിച്ചാനെനിക്കും- പറ

൫

തിരുമക്കളായവരോടും- തെററിപലരും
പുറമക്കളായവരോടും
തിരിവുള്ളവരോടുംതീരെതിരിയിപ്പാത്തവരോടും-
അറിവുള്ളോരോടുമേതുമറിയിപ്പാത്തവരോടും- പറ

൬

പറവാൻതക്കവാക്കുകളെ- എൻനാവുംകൽ- നീ
നിറവായിതന്നെങ്കിൽമാത്രമെ-

പറവാനാകാവതീരെ- കാവ്യക്രൂടാതടിയൻ
കരങ്ങളലിഞ്ഞുനല്ലവരമിങ്ങുതന്നീടേണം- പറ

## (൩൬) ക്രിസ്തു വരുവാൻ സഭയുടെവിളി

### പല്ലവി.

കാന്താതാമസമെന്തഹൊ- വരുവാനേശു-
കാന്താതാമസമെന്തഹൊ-

### അനുപല്ലവി

കാന്താനിൻവരവിന്നായി കാത്തിരുന്നെന്റെ മനം
വെന്തുരുകുന്നകണ്ണും മങ്ങുന്നെന്മാനസവേലെ- കാന്താ

### ചരണങ്ങൾ

൧ യുഗാന്തത്തിൽ ഞാൻ വരുന്നെന്നുപറഞ്ഞിട്ടെത്ര
വരുഷങ്ങളായിരിക്കുന്നു
മേഘത്തിൽ നീവരുന്നെന്നു- പറഞ്ഞതോർത്തു
ദൂരത്തോടെയിരിക്കുന്നു
ഏകവല്ലഭനാകും യേശുവെനിന്റെനല്ല
ആഗമനം ഞാൻ നോക്കി ആശയോടിരിക്കയാൽ- കാന്താ

൨

ജാതികൾതികവതിനോ- ആയവർനിന്റെ
പാദത്തെച്ചേരുവതിനോ
യൂദന്മാർക്കൂടുവതിനോ- കനാനിലവർ കൂടികൊണ്ടു
വാഴ്വതിനോ

എന്തുകാരണത്താൽ നീ ഇതുവരെ ലോകത്തിൽ വ
രാതിരിക്കുന്നു നീതിസൂര്യനാകുന്നപ്രിയാ — കാന്താ

൩

എത്രനാൾ ഭരിച്ചുകൊള്ളും പിശാചിൻ ലോകം
എത്രനാൾ ചതിച്ചുകൊള്ളും
എത്രനാൾ പറഞ്ഞുകൊള്ളും - അപവാദങ്ങൾ
ശുദ്ധിമാന്മാരുടെമേലും
കർത്താവെന്നോക്കി കാണ്ക പാതാളത്തിൻ ദുരിതം
സത്താൻ അധികാരത്തെ നീക്കുവാനായിപ്രിയാ — കാന്താ

൪

ദുഃഖം നീ നോക്കുന്നില്ലയോ - എൻ്റെ വിലാപ
ശബ്ദം നീ കേൾക്കുന്നില്ലയോ
തക്കം നോക്കീടുന്നില്ലയോ - പിശാചെൻ മനം
വെക്കം ഹനിപ്പാനയ്യയ്യോ
തൃക്കണ്ണാലെന്നെ നോക്കി - ദുരിതങ്ങളാകെ പോക്കി
വെക്കം നിൻ മണവാട്ടി - ആക്കിക്കൊള്ളുവാൻ പ്രിയാ - കാന്താ

— ൦ —

## (൭൭) ക്രിസ്തു ഗോൽഗോത്തായിൽ കരേറുന്നതു

ആനന്ദഭൈരവി — ആദിതാളം

### പല്ലവി

ദേവദേവനന്ദനൻ കുരിശെടുത്തു പോകുന്നു കണ്ടിൻ പ്രി
യരെ

### അനുപല്ലവി

കാവിലുണ്ടായശാപം പോക്കുവാനിവ തിരിൽ വന്ന

## പല്ലവി

ദേവപെററതനയനല്ലൊ പാപിയായി ഗോൽഗോത്തായിൽ
ദേവ

## ചരണങ്ങൾ

പരമപിതാവിനുടെ-തിരുമാർവ്വിലിരുന്നവൻ
പരഗീതങ്ങൾസദാ-പരിചിൽകേട്ടിരുന്നവൻ
പരമഭ്രാന്തികളാകും-നരരിൽകരളലിഞ്ഞു
സർവ്വമഹിമയുംവിട്ടുർവ്വിയിങ്കൽവന്നല്ലൊ- ദേവ

൨

കുററമററവൻകനിവററപാതകനാലെ-
ഒററപ്പെട്ടദുഷ്ടരാൽകെട്ടിവരിയപ്പെട്ടു
ദുഷ്ടർകൈകളാലടിപെട്ടുഴുതനിലംപോൽ
കഷ്ടംതിരുമേനികൾ മുററുമുഴന്നുവാടി- ദേവ

൩

തിരുമുഖാംബുജമിതാ അടികളാൽവാടീടുന്നു
തിരുമേനിയാകെ ചോരത്തുള്ളികളൊലിക്കുന്നു
അരികളിന്നാരുമൊരുകരുണയില്ലാതുമെ
കുരിശിൽതറക്കയെന്നു തെരുതെരവിളിക്കുന്നു- ദേവ

൪

കരുണയല്പമില്ലാതെ അരികൾചുഴന്നുകൊണ്ടു
ശിരസ്സിൽമുൾമുടിവച്ചു തിരുമുഖംതുപ്പിയോര
കുരിശങ്ങെടുപ്പിച്ചല്ലൊ കരമേറിടുന്നിതാകാൽ
ഗിരിമലയിങ്കൽതന്നെ കുരിശിച്ചീടുവാനായി- ദേവ

൫

കുററമററവൻപാപമുള്ളവൻപോൽപോകുന്നു
ദുഷ്ടർക്രൂരംചുഴന്നഹോ ഘോരം പങ്കം ചെയ്യുന്നു
പെററമാതാവങ്ങല്ലൊ പൊട്ടികരഞ്ഞീടുന്നു
മററനാരിമാർക്കൂട്ടം എത്രയുമലറുന്നു- ദേവ

൩

എത്രയുംകനിവുള്ളകർത്താവെ ഭർത്താവെംരാ
ചത്താചെള്ളാംപാപിമേൽ എത്രസ്നേഹംനിനക്കു
കർത്താവെനീനിൻെറ രാജ്യത്തിങ്കൽവരുമ്പോളീ
ഭൃത്യനേയുംകൂടെയോർത്തുകൊണ്ടിടെണമെ- ദേ.പ

——(൦)——

## (൭൨) ശാബദ ദിവസത്തെ കുറിച്ച്

### പല്ലവി

കർത്തനെ ഠരംദിനം നിൻെറ ഉത്തമമണവാട്ടിയാം
സത്യസഭമദ്ധ്യവന്നിങ്ങെത്തുക-വേഗം

### അനുപല്ലവി

മൃത്യുവെ ഇന്നാളിൽവെന്നു-യിർത്തെഴുന്നാദിസർപ്പത്തിൻ
മസ്തകം തകർത്ത യൂദാഗോത്രസിംഹാധിപനാകും- കർത്ത

### ചരണങ്ങൾ

ആറുദിനങ്ങൾകൊണ്ടധികാരവചനത്താലെല്ലാം
പാരിടമതിങ്കൽ പടച്ചോരുനാഥനെ
കാരണഭൂതനാം നിന്നെനേരൊടുനരർസേവിപ്പാൻ
ചാരുതരമേഴാം ദിനം പൂരണമായിശുദ്ധിചെയ്തു- കർത്ത

൨

അപ്പനെന്നിൻെറ വേദത്തിൻ ചൊല്പടിപ്രകാരമിന്നു
മെപ്പൊഴുതും നടന്നുധ്യാനിപ്പതിന്നായി

ഉൾപരിതാപങ്ങൾ നീക്കി-സൽപ്രമോദമുള്ളിലാക്കി
അല്പരാമടിയങ്ങൾക്കു- കെല്പുതന്നീടുവാനായി- കർത്ത

൨

നിന്റെ വേദത്തിൽ നിന്നുന്നതാതിശയങ്ങൾകാ
ണുന്നതിന്നെങ്ങൾ- കണ്ണുകളിന്നുതുറക്ക
ഗ്രഹിക്കുന്ന കാര്യങ്ങളൊന്നൊഴിയാതെകണ്ടുള്ളം
തന്നിൽ വീണു പതിയുന്നതിനു തുണെക്കുരിന്നായി- കർത്ത

൩

ദുഷ്ടലോകം ജഡംപിശാചിത്തിരിക്കുന്നകണികൾ
കണ്ടമടിയങ്ങൾക്കുള്ളൊ ദുഷ്ടനാഥനെ-
നാഷ്ടവലയിൽ വീണകപ്പെട്ടുനശിച്ചിടാതെ ക-
ണ്ടിഷ്ടമോടടിയങ്ങൾക്കു നീട്ടുക തൃക്കൈകൾ വേഗം- കർത്ത

൪

നിന്നുടെ ദാസർ പ്രാർത്ഥിച്ചീടുന്നതിനും പ്രസംഗിച്ചീ
ടുന്നതിനും നിന്നാത്മാവെയിന്നു നല്കുകാ-
ലന്നവരുടെ സേവനിൻ-മുന്നിലധിപ്രിയമാക്കി
ക്കളുവതിനു തുണക്കൂ-നന്നതങ്ങളിൽനിന്നഹൊ- കർത്ത

---

## (൩൯) മശിഹായിക്കു സ്തുതി

സ്തുതിപ്പീൻ സ്തുതിപ്പീൻ മശിഹായെ സ്തുതിപ്പീൻ
സ്തുതി തനിക്കെന്നും-ഉണ്ടാക ആമ്മെൻ

### ചരണങ്ങൾ

പന്തിരുപേരെ പന്തിയിരുത്തീട്ടു
ചന്തമേറും തൻ തിരുശരീരമേച്ചാനെ സ്തുതി

൨

അപ്പവും വീഞ്ഞും അപ്പൊളെടുത്തവ
ക്കൊപ്പ്രാൻ കൊടുത്തിട്ടോപ്പിച്ചവനെ — സ്തുതി

൩

ചോരശരീരം ഘോരപ്പാപത്തിന്നു
ഓരൊരുവൎക്കായി തീരെകൊടുത്തൊനെ — സ്തുതി

൪

ഓപ്പ്രാൻ തന്നെ ഓപ്പ്രാൻ സദാപ്പോഴും
ഓപ്പ്രാനിവയും സദാനല്കിയോനെ — സ്തുതി

൫

തോട്ടം തിരഞ്ഞു വീട്ടിൻ വെളിയെ പൊയി
കൂട്ടർ ചിലരെ കൂട്ടിനടന്നോനെ- — സ്തുതി

൬

തോട്ടത്തിലേറി കൂട്ടം പിരിഞ്ഞുപോയി
മുട്ടിൽ വീണൊട്ടു പ്രാൎത്ഥിച്ചവനെ- — സ്തുതി

൭

ദൈവകോപത്തിൻ സൎവ്വബലത്തെയും
ഉൎവ്വിയിൽ വന്നു-സൎവ്വം സഹിച്ചോനെ- — സ്തുതി

൮

രക്തം വിയൎത്തല്ലൊ- ഭക്തൻമശിഹായും
ശക്തിദായനായി- അലറികരഞ്ഞോനെ — സ്തുതി

൯

ഭൂമിയിൽ ചോരഭൂതലക്കായി തൂകി
ഭൂവാസികൾ കണ്ടു സാക്ഷിച്ചവനെ- — സ്തുതി

൧൦

ബാഹുത്താഴമന്നും ചിത്തമോദത്താൽ
മഹത്താൽ ഒഴിച്ചു ദാത്ര്യജിച്ചോനെ- — സ്തുതി

൧൧

ഖേദംവെടിഞ്ഞന്നു യൂദരുമായൊത്തു
മോദാലയൂദാപ്പിപ്പാൻ തിരിച്ചോനെ — സ്തുതി

൧൨

ഒപ്പത്തുവെച്ചിട്ടുപുത്രമായി ബോധി
ച്ചപ്പനാം യൂദായിറെപുത്രവിനെ — സ്തുതി

൧൩

ചന്തമോടേശുവെബന്ധിപ്പതിനന്നു
ചിന്തിച്ചുറച്ചു ചുംബിച്ചവനെ- — സ്തുതി

൧൪

ക്രൂരങ്ങളെ കാട്ടമീറെക്രൂരവടിവാളും
ക്രൂരം തികഞ്ഞുതിപ്പുകൾ പിടിച്ചോനെ- — സ്തുതി

൧൫

തോരപ്പുറമെതലിയിറക്കീട്ടു
കൈലിവരിഞ്ഞുനടത്തിച്ചവനെ- — സ്തുതി

—•(൦)•—

## (൮൦) സഭയുടെവിലാപം

### പല്ലവി

പരതാതൻറവലമമരുന്നപരമനന്ദനാ - പരമനന്ദനാ
നിൻകരങ്ങളിഞ്ഞുനിൻതിരുസവപെട്ടംദുരിതംകാണുക- പ

### ചരണങ്ങൾ

പെരുത്തവ്യാകുലംപിടിച്ചവൾമനം ഉരുകിപ്പോകുന്നു-

## ഫവൻ

മനമുരികി പോകുന്നു- നിന്റെ തിരുമുഖം കാണാഞ്ഞവൾ
മുഖമിതാ വിളറി വാടുന്നു- പരമ

൨

ജനത്താൽ നിറഞ്ഞ നഗരിയാമിവൾ തനിച്ചിരിക്കുന്നു-
തനിച്ചിരിക്കുന്നു- ഭർത്താമരിച്ചവൾ പോലെയിങ്ങി
നെയായിവൾ തീർന്നിരിക്കുന്നു പരമ

൩

തഴച്ചു വളർന്ന് ഫലത്താൽ നിറഞ്ഞ മരം പോൽ നിന്നിവൾ
മരം പോൽ നിന്നിവൾ- ഇപ്പോളുലഞ്ഞു മുറിഞ്ഞു തകർന്നു
വീണൊരു മരം പോലായിവൾ- പരമ

൪

ഏറ്റം ജ്വലിച്ചു വെളിച്ചം കൊടുത്ത ദീപമാമിവൾ
ദീപമാമിവൾ- ഇപ്പോൾ കാറ്റാലണഞ്ഞിരുണ്ടു
പോയൊരു ഇരുളായി തീർന്നിവൾ- പരമ

൫

സുന്ദരിമാർ മണിയായിരുന്ന യിവൾ നന്നായ്ക്കറുത്തിതാ
നന്നായ്ക്കറുത്തിതാ- കണ്ടകണ്ണുകൾക്കൊക്കെയും
നിന്ദ്യമറപ്പുമായി തീർന്നിതാ പരമ

൬

രാവിലേറ്റവും കരഞ്ഞവൾ കണ്ണീർ- കവിളിലോടുന്നു
കവിളിലോടുന്നു- അയ്യോ ആയവൾക്കൊരു
ആശ്വാസം കാണാഞ്ഞഴൽ പിടിക്കുന്നു പരമ

൭

സീയോൻ മകളിൻ സഖിമാരകവെ ചതിവു ചെയ്യുന്നു
ചതിവു ചെയ്യുന്നു- അവൾക്കായവരെല്ലാം
വൈരികളായി ചമഞ്ഞിരിക്കുന്നു- പരമ

൮

ശത്രുകയ്യിൽ നീ സാലേം മകളെ വിട്ടുകൊടുത്തതാൽ
വിട്ടുകൊടുത്തതാൽ- അയ്യോ പെട്ടന്നവളെ
തലകീഴായവൾ വീഴിച്ചിതാ- പരമ

ൻ

പൊന്നിമ്പാണങ്ങൾ മഴനികരവൻ പാരിച്ചൊരിഞ്ഞതാൽ
പാരിച്ചൊരിഞ്ഞതാൽ- അവൾ പൊന്നു
മേനിയിങ്ങാകെമുറിഞ്ഞു ഭിന്നമായിതാ- പരമ

—•(•)•—

(വൃഷ) കൃപാവരങ്ങൾക്കായി അപേക്ഷ

തോടി

## പല്ലവി

എൻ കർത്താവേ കൃപയായി എന്നുടെയപേക്ഷയു-
നിൻ ചെവിയിലുറക്കേണമെ-

## അനുപല്ലവി

നിൻ മകനാം അടിയൻ നിസ്സാരനെങ്കിലും കൃപ
പൂരമേൽ നീ പൊഴിയിച്ചീടാൻ വൈകുന്നില്ലയൊ- എൻ

## ചരണങ്ങൾ

മന്ദമുള്ളോനെങ്കിലും നിന്നിലുള്ളുത്സാഹത്തെ
എന്നിൽ നീ വെയ്ക്കയില്ലയോ-
എന്നോടപേക്ഷിച്ചാകിൽ നന്നായി തരാമെന്നരി-
മുന്നമേ കല്പിച്ചില്ലയോ-
ചെന്നായ്ക്കളിൻ മദ്ധ്യത്തിൽ ചെമ്മരിയാടിയൻ പോവാൻ
നിന്നനുഗ്രഹം വേണ്ടയോ-
മുന്നം തന്നെ നീ വന്നു ചിന്തി ചുടു രുധിരം
എന്നുടെ പാപത്തെയും ഇല്ലാതാക്കുന്നില്ലയോ-- എൻ

൧

കരുണയുള്ളവനെനീതരികയില്ലയൊശക്തി
നേരായിട്ടുപദേശിപ്പാൻ-
കരംകുറുകീട്ടില്ലല്ലൊ കൺകാണാതായിട്ടില്ലാ-
ശരണമാംതമ്പുരാനെ-
വരമില്ലാതെങ്ങിനെഞാൻപറയുംനിൻമഹത്വത്തെ
അറിവില്ലാത്തോർക്കുനാഥാ-
പരദേശിപോലെനിന്നെപാർത്തുവിളിക്കുമെന്നിൽ
ഗുരുവിനെകല്പിച്ചാകിൽഅരികിൽനില്ക്കയില്ലയൊ- എൻ

൨

കണ്ണിൻമണിയെപോൽനിന്നെസൂക്ഷമായികാക്കു
മെന്നുകല്പിച്ചപിതാവെ-
ഹന്നായിന്നപേക്ഷക്കുനിന്നുടെകൃപയാലെ-
നല്ലുത്തരംകൊടുത്തോനെ-
മന്നായെകൊണ്ടുനിൻറെഎണ്ണമില്ലാജനത്തെ
നന്നായിപോഷിപ്പിച്ചവനെ-
മണ്ണായുള്ളവനാകും എന്നുടെഅപേക്ഷക്കു-
നിന്നുത്തരമരുളി- എന്നാത്മംപൊഷിപ്പിക്ക- എൻ

൩

പരിശുദ്ധാത്മാവെനീയും കരുണയായെന്നുള്ളത്തിൽ
വരികതാമസിയാതെ-
ദരിദ്രാത്മാവിൽനിന്നുണ്ടാം പരിതാപംഇല്ലാതാക്കാൻ
ചൊരികഎന്നിൽ നിൻവരങ്ങൾ-
കരയുന്നോൻദൈവമെ മുറയിടുന്നരദ്യാകാ-
തിരുസ്നേഹം എന്നിൽവർദ്ധിപ്പാൻ-
മരണത്തോളമിങ്ങിനെകരുണയിൽവളർന്നിൻ
കരങ്ങളിൽ എന്നാത്മത്തെഭരമേല്പിപ്പാൻ തുണയ്ക്ക- എൻ

---

(൮൨) പെസഹാഭക്ഷണം

തോടി ചെമ്പട

ചരണങ്ങൾ

ഭക്ഷണമവർകഴിച്ചീടുമ്പോളീശോനായകൻ
